UNIVERSITY LIBRARY
22 JUN. 1928
MADRAS

# ഗുരുനാഥൻ

പുസ്തകം 7 | 1103 മേടം | ലക്കം 9

## *പരദൂഷണം

(ആർ. ഈശ്വരപിള്ള ബി. എ.)

മനുഷ്യസ്വഭാവം ഒരു ഋജുരേഖയല്ല. അതിനു പലവിധമായ വക്രതകളും കോട്ടങ്ങളുമില്ലാതില്ല. ചിലർ വിദ്യാഭ്യാസംകൊണ്ടു് ഈ ന്യൂനതകളെ പരിഹരിക്കയും, ചിലർ ബുദ്ധിപൂർവ്വം ഇവ അന്യന്മാൎക്കുപദ്രവകരമായിത്തീരാതെ നിയന്ത്രണം ചെയ്കയും, മറ്റുചിലർ ഇവയെ യഥാസ്ഥിതിയിൽതന്നെ വെച്ചുകൊണ്ടിരിക്കയും ചെയ്യുന്നുണ്ടു്. ഇപ്രകാരമുള്ള സ്വാഭാവികവക്രതകളിൽ ഒന്നാണു "പരദൂഷണബുദ്ധി". എന്നാൽ ഈ ദുൎവ്വാസന, മനുഷ്യസാമാന്യത്തെ ഒരുപോലെ ബാധിച്ചിട്ടുള്ളതും പ്രത്യക്ഷത്തിൽ അപരിഹാൎയ്യമായിട്ടുള്ളതുമാണെന്നാണു് അനുഭവംകൊണ്ടു അനുമാനിക്കേണ്ടതു്. അന്യന്റെ കുറ്റങ്ങൾ പറഞ്ഞു രസിക്കുക എന്നുള്ളതു നമ്മുടെ എല്ലാവരുടെയും ഇന്നത്തെ വിവേകശൂന്യങ്ങളായ വിനോദങ്ങളിൽ ഒന്നായിട്ടാണിരിക്കുന്നതു്. ലോകത്തിൽ ഏതുനിലയിലിരിക്കുന്ന മനുഷ്യനും നമ്മുടെ ഈ ദുൎവ്വാസനയുടെ വ്യാപാരപരിധിയിൽ ഉൾപ്പെടാതെയിരിക്കാൻ തരമില്ല. ചിലപ്പോൾ ഉള്ള ദോഷങ്ങളെ പൎവ്വതീകരിച്ചും, ചിലപ്പോൾ ഇല്ലാത്ത ദോഷങ്ങളെ ആരോപിച്ചും, പരദൂഷണം ചെയ്യുന്നതു മനുഷ്യരുടെ പതിവാണു്. ആളുകളെക്കുറിച്ചു വല്ലതും പറയേണ്ടിവരുന്ന എല്ലാ സന്ദൎഭങ്ങളിലും, ജിഹ്വകൊണ്ടുള്ള "പങ്കപ്രക്ഷേപം" ഇല്ലാതിരിക്കയില്ല. രണ്ടുപേർ തമ്മിലുള്ള സംഭാഷണത്തിൽ പ്രായേണ മൂന്നാമതൊരുത്തന്റെ വസ്ത്രത്തിലെ ദ്വാരം വിഷയീഭവിക്കാതിരിക്കാൻ പ്രയാസമാണു്. ഇപ്രകാരം സൎവ്വസാധാരണമായ ഒരു ദുൎവ്വാസന വേറെ വല്ലതും ഉണ്ടോ എന്നു സംശയവുമാണു്. "പരദൂഷണം"തന്നെ വ്രതമായിട്ടുള്ളവരും ഒട്ടും കുറവല്ല. എന്നാൽ മനുഷ്യരിൽ കാണുന്ന ഈ ദുൎവ്വാസനക്കു് അടിസ്ഥാനം എന്താണെന്നു സ്പഷ്ടമാകുന്നില്ല. ഇതുപക്ഷേ, മനുഷ്യരിൽ ഇന്നും ലീനമായിരിക്കുന്ന മൃഗീയബുദ്ധിയുടെ അവശിഷ്ടമല്ലയോ എന്നു സംശയം ഉണ്ടു്. മനുഷ്യർ ഇന്നും ശുദ്ധമനുഷ്യരായിട്ടില്ല; അവരുടെ മൃഗീയാംശം തീരെ വിട്ടിട്ടില്ലെന്നുള്ളതിനു വേറെയും തെളിവുണ്ടു്. തീരെ വിട്ടുപോ

* ചിന്താസന്താനം മൂന്നാം ഭാഗം.

ക്കുന്നതിന് ഇനിയും എത്രകാലം വേണമെന്നും തീർച്ചയാക്കാൻ പാടില്ല. ആകൃതിയിൽ മനുഷ്യൻ മൃഗങ്ങളിൽനിന്നും വ്യത്യസ്തപ്പെട്ടു നില്ക്കുന്നുണ്ടെങ്കിലും, പ്രകൃതിയിലുള്ള മൃഗീയവക്രത ഏറെക്കുറെ ഇനിയും നമ്മിൽ അവശേഷിച്ചിട്ടുണ്ടെന്നു വേണം വിചാരിപ്പാൻ. പട്ടികൾ, പശുക്കൾ, കാളകൾ ഇവ തമ്മിൽ കാണുമ്പോൾ ഒക്കെയും ശണ്ഠപിടിക്കുന്നതു നമുക്ക അനുഭവമാണല്ലോ. ഇതു പ്രവൃത്തിരൂപേണയുള്ള ഒരു "പരദൂഷണ"ത്തെയാണു സൂചിപ്പിക്കുന്നതു്. മനുഷ്യരിലും മൃഗങ്ങളിലും കാണുന്ന ഈ ദുർവ്വാസനയുടെ പ്രധാനമായ അടിസ്ഥാനം അഹംഭാവവും, അതിൽ ലയിച്ചിരിക്കുന്ന അസൂയയുമാണെന്നാണു തോന്നുന്നതു്. അഹംഭാവം മനുഷ്യവർഗ്ഗത്തിൽ സ്ഥായിയായി നിൽക്കുന്ന ഒരു ഗുണമോ ദുർഗ്ഗുണമോ ആണു്. ഇതു് ഏതു മനുഷ്യനിലും ഏറിയോ കുറഞ്ഞോ കാണാതിരിക്കയില്ല. പക്ഷെ, ബുദ്ധിമാന്മാർ ഇതിനെ ഏറെക്കുറെ ആച്ഛാദനം ചെയ്യുന്നവരായിരിക്കും. എങ്കിലും സംഭാഷണമദ്ധ്യേ ഈ ആവരണത്തെ വകവെയ്ക്കാതെ അതു പുറത്തേയ്ക്കു ചാടുന്നതു അത്ര അസാധാരണമല്ല. ഇതു മനുഷ്യനിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതു് ആത്മോന്നതിക്കും ഉൽക്കർഷപ്രാപ്തിക്കുമായിട്ടാണെങ്കിലും, നാം അതിനെ ആ വിധത്തിൽ ഗ്രഹിച്ചല്ലാ പ്രവർത്തിച്ചുവരുന്നതു്. തനിക്കു അന്യന്മാരെക്കാൾ കൂടുതൽ യോഗ്യതയുണ്ടെന്നും അന്യന്മാർക്കുള്ള ദോഷങ്ങൾ തനിക്കില്ലെന്നുമുള്ള വിചാരത്തിന്മേലാണു മനുഷ്യൻ പരദൂഷണത്തിനു തുനിയുന്നതു്. എന്നാൽ ഈ വിഷയത്തിൽ ഒരു പരിശോധന കഴിച്ചിട്ടായിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു. അതിനാരെങ്കിലും സമയം കളവാൻ പോകുന്നുവോ? അഥവാ അതിനു ശ്രമിച്ചാലും അതു കൃച്ഛ്രസാദ്ധ്യമായിട്ടാണിരിക്കുന്നതു്. താൻതന്നെ തന്റെ വിധികർത്താവായിരിക്കുമ്പോൾ ഒരു ശരിയായ വിധികല്പിക്കുവാൻ പ്രയാസമാണല്ലോ. വിധിയെ വഷളാക്കുന്നതിന് അനേകം പ്രതികൂലശക്തികൾ നമ്മിൽ ഉണ്ടുതാനും. മനുഷ്യർ അന്യന്മാരുടെ ദോഷങ്ങളെ കാണുന്നതുപോലെയോ അതിൽ അല്പം കുറഞ്ഞിട്ടെങ്കിലുമോ, തങ്ങളുടെ ദോഷങ്ങളെ കാണുന്നില്ല. ഇതിനുള്ള പ്രധാനകാരണം നമ്മുടെ മാനസികചക്ഷുസ്സ് മിക്കവാറും ബഹിർമ്മുഖമായിട്ടു വർത്തിക്കുന്നു എന്നുള്ളതാണു്. അന്തർമ്മുഖമായി വ്യാപരിക്കുമ്പോൾമാത്രമേ നമ്മുടെ സ്വന്തഗുണദോഷങ്ങളെ ഗ്രഹിക്കാൻ നമുക്കു സാധിക്കയുള്ളു. അതു മിക്കവർക്കും അത്ര എളുപ്പവുമല്ല. മനുഷ്യൻ കഴുത്തിൽ രണ്ടു സഞ്ചികളോടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നു ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ഒന്നു കഴുത്തിന്റെ മുമ്പിലും മറ്റതു പിന്നിലുമാണു കിടക്കുന്നതു്. മുമ്പിലുള്ള സഞ്ചി അന്യന്മാരുടെ ദോഷങ്ങൾകൊണ്ടും പിന്നിലുള്ള സഞ്ചി തന്റെ ദോഷങ്ങൾകൊണ്ടും നിറയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു മുമ്പിലുള്ളതു മാത്രമേ കാണ്മാൻ സാധിക്കുന്നുള്ളു. ഇതും മനുഷ്യന്റെ പരദോഷഗ്രാഹ്യസ്വഭാവത്തെയാണു സൂചിപ്പിക്കുന്നതു്.

അന്യന്മാരിൽ ദോഷങ്ങൾ കാണുന്നതായാൽ അവയുടെ പരിഹാരാൎത്ഥം അവയെ അവൎക്കുതന്നെ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതു നീതീകരിക്കത്തക്ക പ്രവൃത്തിയാണു്. അതുപോലെതന്നെ അന്യന്റെ ദോഷം മററുള്ളവരിൽ സംക്രമിക്കാനിടയുള്ളപ്പോൾ അവരോടും ഉപദേശരൂപത്തിൽ പറയുന്നതു തെററായിരിക്കയില്ല. എന്നാൽ ഈ രണ്ടുദ്ദേശ്യവും കൂടാതെ കേവലം ഒരു ദുഷിച്ച രസാനുഭവത്തിനുമാത്രം വേണ്ടി ഒരുവന്റെ ദോഷങ്ങൾ മററുള്ളവരോടു് ആവശ്യംകൂടാതെ പ്രസ്താവിക്കുന്നതു ഒരിക്കലും നീതീകരിക്കത്തക്ക നടപടിയല്ല. ഇതു് ഒരു മാതിരി "ഹിംസ"യായതുകൊണ്ടു് ഒരു വലിയ ധൎമ്മലംഘനംതന്നെയായിരിക്കും. അതു തൽക്കാലം ഒരാശ്വാസം നൽകിയേക്കാമെങ്കിലും കാലാന്തരത്തിൽ വക്താവിന്റെ സ്വഭാവത്തെ വിഷാംശംപോലെ ദുഷിപ്പിക്കുമെന്നുള്ളതിനു സംശയമില്ല. ഇല്ലാത്ത ദോഷങ്ങളെക്കൂടി ചിലപ്പോൾ അന്യന്മാരിൽ ആരോപിക്കുന്നതും അസാധാരണമല്ല. ഇതു് അസൂയാകലുഷമായ ബുദ്ധിയുടെ ഒരു വിക്രിയയെന്നല്ലാതെ മറെറാന്നും ആയിരിക്കയില്ല. ഇതെല്ലാം ഒരു നീചമായ ചിത്തവൃത്തിയെയാണു സൂചിപ്പിക്കുന്നതു. അതുകൊണ്ടു് ഈ സൎവ്വസാധാരണമായ ദുശ്ശീലത്തിൽനിന്നും നിവൃത്തി സമ്പാദിക്കുവാൻ നാമെല്ലാവരും കഴിയുന്നതും ശ്രമിക്കേണ്ടതാണു്. എന്നാൽ വിഷംപോലെ ഇതു നമ്മുടെ സ്വഭാവത്തിൽ ചേൎന്നു കലൎന്നിരിക്കുന്നതിനാൽ അതിനെ ദൂരീകരിക്കുന്നതും ഏറെക്കുറെ പ്രയാസമായിട്ടുള്ള കാൎയ്യമാണു്. രാജവീഥിയിലും— വിനോദസ്ഥലങ്ങളിലും— പത്രങ്ങളിലും— യോഗങ്ങളിലും— തെരുവുകളിലും എന്നുവേണ്ട എവിടെയൊക്കെയാ ജനങ്ങൾ കൂടുന്ന ആ സ്ഥലങ്ങളിലെല്ലാം അന്യന്മാരുടെ ദോഷങ്ങൾ നമ്മുടെ സംഭാഷണത്തിന്റെ പ്രധാന വിഷയമായി ഭവിച്ചിരിക്കുന്നു. എന്നാൽ നാമെല്ലാവരും ഇതിൽ ഉൾപ്പെട്ടിരിക്കുന്നവരാകകൊണ്ടു് ഇതിന്റെ അനാശാസ്യതയെപ്പററി ചിന്തിക്കുവാനോ പറവാനോ പ്രവൎത്തിക്കുവാനോ സന്നദ്ധമല്ലാതെയുമാണു് ഇരിക്കുന്നതു്. അതു് ഏററവും നിസ്സാരമായ ഒരു സംഗതിയായിട്ടാണു നാം വിചാരിച്ചുവരുന്നതു്. എങ്കിലും അതു നമ്മുടെ സ്വഭാവത്തെ അല്പാല്പമായി മലിനപ്പെടുത്തുന്നുണ്ടെന്നുള്ളതു ചിന്തനീയമായ ഒരു സംഗതിയാണു്. മനുഷ്യരിൽ എല്ലാവരിലും ദോഷങ്ങൾ കാണാതിരിക്കയില്ല. അന്യന്മാരിലുള്ള ദോഷങ്ങൾ നമ്മിലും ഉണ്ടായിരിക്കും. അവ അന്യന്മാരിൽ നിന്ദ്യങ്ങളാണെങ്കിൽ നമ്മിലും ആ വിധംതന്നെ ആയിരിക്കാനേ തരമുള്ളു. "നാം അന്യന്മാരിൽ ആക്ഷേപയോഗ്യമായി വിചാരിക്കുന്ന ദുർഗ്ഗുണങ്ങൾ തന്നെ നമ്മുടെ ഉള്ളിൽ ഇരുന്നുകൊണ്ടു നമ്മെ പരിഹസിക്കുന്നു" എന്നു് ഒരു വിദ്വാൻ പറഞ്ഞിരിക്കുന്നതിന്റെ സാരവും ഇതുതന്നെയാണു്. നമ്മുടെ ദോഷങ്ങളെ തിരഞ്ഞുപിടിക്കുന്നതിനു, നാം ഒരു ശ്രമവും ചെയ്യുന്നില്ല. സംഖ്യാതീതങ്ങളായ [illegible] ലോകവ്യാപാരങ്ങളുടെ തിരക്കിൽ ന

ളുടെ ചിന്താശക്തിയെ ഉപയോഗപ്പെടുത്തുവാൻ തീരെ സമയവും സൌകര്യവും ഇല്ലാതായിട്ടുണ്ടു്. ചിന്താപ്രദീപത്തിന്റെ പ്രകാശംകൊണ്ടല്ലാതെ നമ്മിൽ ഒളിച്ചുകിടക്കുന്ന ദോഷങ്ങളെ കാണ്മാൻ സാധിക്കുന്നതുമല്ല. ഇക്കാരണത്താൽ തങ്ങളുടെ ദോഷങ്ങളെ കണ്ടുപിടിച്ച് അവയെ പരിഹരിക്കുന്നതിന് അധികംപേൎക്കും സാധിക്കയില്ല. ഈ സ്ഥിതിക്ക് അന്യന്മാരുടെ പൃഷ്ഠഭാഗത്തുനിന്ന് അവരുടെ വാസ്തവമോ അവാസ്തവമോ ആയ ദോഷങ്ങളെപ്പററി ആക്ഷേപിച്ചു സംസാരിക്കുന്നതു് ഒരുവിധത്തിലും ആശാസ്യമായി വരികയില്ല. മഹദ്വാക്യം നോക്കുക:—

“ഗുണദോഷൌ ബുധോ ഗൃഹ്ണന്നിന്ദുക്ഷ്വേളാവിവേശ്വരഃ
ശിരസാ ശ്ലാഘതേ പൂൎവ്വം പരം കണ്ഠേ നിയച്ഛതി”

അന്യന്മാരെ സംബന്ധിച്ചു ഈ നയത്തെ അനുവൎത്തിക്കയാണ് ഉത്തമം. ലോകത്തിൽ നാം പലതും കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ടായിരിക്കും. അവയിൽ അധികം ഉള്ളിൽ ഒതുക്കി വെയ്ക്കേണ്ടവയായിട്ടാണിരിക്കുന്നതു്. മനുഷ്യബുദ്ധിയിൽ ഒട്ടധികം കാൎയ്യങ്ങൾ സംഗ്രഹിക്കേണ്ടിയിരിക്കുന്നതുകൊണ്ടാണു് അതിന്റെ ഉൾവിസ്താരത്തിനും അഗാധതയ്ക്കും അളവു നിശ്ചയിക്കാതെ വച്ചിരിക്കുന്നതു്. എന്നാൽ ചിലരുടെ ബുദ്ധിയ്ക്കുകത്തില്ലാത്തതിനാലാണ് അവ വെളിയിലേക്കുതന്നെ പോരുന്നതു്. എല്ലാമനുഷ്യൎക്കും അവരവരുടെ ജീവനെക്കാൾ യശസ്സിനെ മലിനപ്പെടുത്താതെ സംരക്ഷിക്കുന്നതിൽ പ്രത്യേകം ജാഗ്രതയുണ്ടു്.

“പ്രാണം വാപി പരിത്യജ്യ മാനമേവാഭിരക്ഷതു”

എന്നാണല്ലോ മഹാന്മാരുടെ മതം. അതുകൊണ്ടു് അന്യദൃഷ്ടിയിൽ ഇത്രയും വിലയുള്ളതായ ഒരു വസ്തുവിനെ നിസ്സംശയം നശിപ്പിക്കുന്നതു് ഒരുവിധം പാതകമായി കരുതേണ്ടതാണ്.

നാം ആരുടെ എങ്കിലും മേൽദോഷാരോപണം ചെയ്യുന്നതായാൽ, അയാൾക്കു അതിനെ നിഷേധിക്കുന്നതിനോ സമാധാനം പറയുന്നതിനോ സൌകര്യം നൽകാതെ ഇരിക്കുന്നതു ന്യായമായിരിക്കയില്ലല്ലോ. എന്നാൽ നാം സാധാരണ അന്യന്മാരെപ്പററി ദോഷം പറയുന്നതു് അവർ കേൾക്കാതേയും അറിയാതേയുമാണ്. അതുകൊണ്ടു നമ്മുടെ ആക്ഷേപത്തെ നിഷേധിക്കുന്നതിന് അവൎക്കു സൌകര്യം ലഭിക്കുന്നില്ല. ഇതുനിമിത്തം അന്യദൃഷ്ടിയിൽ അവർ, യഥാൎത്ഥത്തിൽ, ദോഷഹീനന്മാരായിരുന്നാലും നിന്ദ്യന്മാരായിത്തന്നെ ഇരിക്കുന്നു. ഇപ്രകാരം അന്യന്മാരുടെ യശസ്സിനേയോ പേരിനേയോ നാം മനഃപൂൎവ്വം മലിനമാക്കിത്തീൎക്കുന്നു. ഇതൊരുമാതിരി സന്മാൎഗ്ഗവ്യതിചലനമാണ്. അതുകൊണ്ടു നമ്മൾ മിക്കവരിലും കാണുന്ന പരദൂഷണശീലത്തെ വൎജ്ജിക്കേണ്ടതു് അത്യാവശ്യമാണ്. അന്യോന്യം നേരിട്ടു ശകാരിക്കുന്നതും ഒരുമാതിരി പരദൂഷണം തന്നെയാണ്. ഇതു നിഷ്ഠുരതാജനകവും അനാശാസ്യവുമായ വാക്പാരുഷ്യമാ

ണ്. ശകാരം ബലഹീനന്മാരുടെ പ്രധാനമായ ആയുധവുമാണ്. എന്നാൽ പലപ്പോഴും ഇതു ഖഡ്ഗത്തെക്കാൾ അധികം നാശം ചെയ്യുന്നുണ്ട്. നാവു് ഉരുക്കല്ലെങ്കിലും അതിനു മുറിവേൽപിക്കാനുള്ള ശക്തിയുണ്ട്. മനുഷ്യർ ത്യജിക്കേണ്ട ഏഴു ദോഷങ്ങളിൽ ഒന്നാണു "വാക്പാരുഷ്യം." ശകാരം വാക്കുകളെ ദുരുപയോഗപ്പെടുത്തുകയും, ബുദ്ധിയെ മലിനമാക്കുകയും അന്യനെ വ്യസനിപ്പിക്കുകയും ചെയ്യുന്നു എന്നല്ലാതെ വേറെ ഒരു കാര്യവും അതു സാധിക്കുന്നില്ല. എന്നുതന്നെയുമല്ല, വാഗസി പിൻവലിക്കാൻ പാടില്ലാത്ത ഒരായുധവുമാണ്. കൈവിട്ടുപോയാൽ പോയതുതന്നെ. "ക്രൂരവാക് ശല്യമെടുക്കും ചികിത്സകനില്ല" എന്നാണല്ലോ മഹദ്വചനം. അതുകൊണ്ടു് ഇങ്ങിനെ "കേട്ടുകൂടാത്ത വാക്കാമായുധം" പ്രയോഗിക്കാതിരിക്കുന്നതാണു വേണ്ടതു്. അപകീർത്തിയും അപവാദവും പരിഹാസവും പരദൂഷണത്തിന്റെ വകഭേദങ്ങളാണ്. ആദ്യത്തേതു നിയമദൃഷ്ടിയിൽ ശിക്ഷാർഹവുമാണ്. ഏഷണിയും പരദൂഷണത്തിൽ ഉൾപ്പെടുന്നതന്നെയാണ്. ഇതു രണ്ടുപേരെ തമ്മിൽ ഛിദ്രിപ്പിക്കുന്നതിനുള്ള ഒരു അനാശാസ്യതന്ത്രമാണ്. ഇതും നീചമായ ചിത്തവൃത്തിയെയാണു പലപ്പോഴും സൂചിപ്പിക്കുന്നതു്. ഉദ്ദേശ്യം ശുഭമല്ലാത്തതുകൊണ്ടു പ്രവൃത്തിയും അശുഭംതന്നെ. മനുഷ്യരിൽ വാഗ്വിഷയത്തിലുള്ള സന്മാർഗ്ഗവ്യതിചലനങ്ങളാണു പ്രവൃത്തിയിലുള്ളവയേക്കാൾ അധികമായി കാണപ്പെടുന്നതു്. ഇതിനുള്ള പ്രധാനകാരണം വാഗ്വിഷയമായ വ്യതിചലനത്തിനു പ്രവൃത്തിരൂപമായവയെപ്പോലെ ഒരുക്കങ്ങൾ ഒന്നും വേണ്ടെന്നുള്ളതും അതു ദൃശ്യമായ യാതൊരു ലക്ഷ്യമോ തെളിവോ പിന്നിൽ ഇട്ടുംവച്ചുപോകുന്നില്ല എന്നുള്ളതും ആകുന്നു. നിഷേധിപ്പാനെളുപ്പവുമുണ്ട്. വാസ്തവംനേരേ മറിച്ചാണെങ്കിലും നാം പ്രവൃത്തിയെപ്പോലെ വാക്കിനു വിലയും കല്പിക്കുന്നില്ല. നമ്മുടെ അന്തഃകരണത്തോടു പ്രവൃത്തിയെക്കാൾ അധികം അടുപ്പവും ബന്ധവുമുള്ളതു വാക്കിനാണു്. അന്തഃകരണത്തിന്റെ സന്ദേശങ്ങളെ അവയാണു വഹിക്കുന്നതു്. ദുർഗ്ഗന്ധം ജീർണ്ണപദാർത്ഥങ്ങളെ എന്നപോലെ അസഭ്യവാക്കുകൾ ഒരു ദുഷിച്ചമനസ്സിനെയാണു സൂചിപ്പിക്കുന്നതു്. നാവിനെ ഭരിക്കുന്നതു് ഒരു പ്രയാസമായ കാര്യമാണ്. ഇതുകൊണ്ടാണു "വ്യാഹൃതത്തെക്കാൾ ശ്രേയസ്സാകുന്നു അവ്യാഹൃതം" എന്നു വിദുരവാക്യത്തിൽ പറയപ്പെട്ടിരിക്കുന്നതു്. ലോകത്തിൽ നടക്കുന്ന സകലകലഹങ്ങളുടെ ഉല്പത്തിസ്ഥാനം അന്വേഷിക്കുന്നതായാൽ ഏതെങ്കിലും അസ്ഥാനത്തിലുള്ള ഒരു വാക്കുമൂലം ഉണ്ടായിട്ടുള്ളതാണെന്നു കാണുന്നതാണ്. വാക്ശക്തി മനുഷ്യനു നൽകീട്ടുള്ളതു അന്യോന്യം അന്തർഗ്ഗതവിനിമയത്തിനും ജ്ഞാനത്തെ പ്രചരിപ്പിക്കുന്നതിനും മററുമാണ്. അല്ലാതെ വിഷലിപ്തങ്ങളായ അസ്ത്രങ്ങളെപ്പോലെ ദുരുപയോഗപ്പെടുത്തുവാനല്ല. കാവ്യങ്ങളും മററുസാഹിത്യങ്ങളും രസപ്രദമായിരിക്കുന്നതിന്റെ കാരണങ്ങളിൽ ഒന്നു ശബ്ദങ്ങളെ യഥാസ്ഥാനങ്ങളിൽ പ്രയോഗിക്കുന്നതുതന്നെയാണു. സംഗീതവും ശ്രുതിസു

ന്നം നൽകുന്നതു ശബ്ദഭംഗികൂടിയുള്ളതുകൊണ്ടാണ്. എന്നാൽ ആക്ഷേപം, പരിഹാസം, ദൂഷണി, ശകാരം, അപകീർത്തി, അപവാദം, വാക്പാരുഷ്യം മുതലായവയിൽ ശബ്ദങ്ങൾ സദാ അസ്ഥാനങ്ങളിലാണു പ്രയോഗിക്കപ്പെടുന്നതു്. അതുകൊണ്ടു ലോകത്തിൽ ജനങ്ങൾക്കു പരസ്പരം ഉണ്ടായിരിക്കണമെന്നുദ്ദേശിക്കപ്പെട്ടിട്ടുള്ള "യോജിപ്പു്" നഷ്ടമായിപ്പോകുന്നു. വാക്കുകൾ സ്വാഭാവികമായിത്തന്നെ മാധുര്യവും ഭംഗിയുമുള്ളവയാണ്. അവയെ അനർഹമായവിധത്തിൽ ഉപയോഗിക്കുന്നതുകൊണ്ടു നാം അവയ്ക്കു ഉൽപാദം വൈരൂപ്യവും നൽകുകയാണു ചെയ്യുന്നതു്. അന്യന്മാരുടെ ദോഷങ്ങളെ തിരഞ്ഞു ഗ്രഹിക്കേണ്ടതായ അവസരം ചിലപ്പോൾ വന്നേക്കാം. എന്നാൽ അഹിംസാവ്രതാനുഷ്ഠാനം വിധിക്കപ്പെട്ടിരിക്കുന്ന നമുക്കു അവയെ കണ്ഠത്തിൽതന്നെ അടക്കിവെയ്ക്കേണ്ടതു ആവശ്യമാണു് അധികമുള്ളതു്. പറയാത്തവാക്കു നമുക്കു അധീനമാണു്; പറയപ്പെട്ടവാക്കിനു നാം അധീനന്മാരായിത്തീരുന്നു. ആക്ഷേപവാക്കുകൾ തൽക്കാലം നമ്മെ വിട്ടുപോകുന്നുവെങ്കിലും ചേക്കിരിക്കാൻ നമ്മുടെ ഉള്ളിലേക്കുതന്നെ മടങ്ങിവരുന്നു. അതുകൊണ്ടു് എന്നും ഭൂഷണമായിരിക്കേണ്ട വാക്ശക്തിയെ പരഹിംസയ്ക്കുള്ള ആയുധമാക്കുന്നതു വളരെ സൂക്ഷിച്ചുവേണ്ടതായ ഒരു സംഗതിയാണ്.

---

## അശോകന്റെ അവസാനയുദ്ധം

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. എ. എസ്സ്.)

ആകാശം ശുദ്ധമായി. ശരച്ചന്ദ്രൻ തെളിഞ്ഞുവിളങ്ങി. പച്ചപ്പുൽക്കാടുകൾ നിറഞ്ഞ മൈതാനത്തിന്റെ മനോരമ്യതയ്ക്കു മാററു കൂട്ടാൻ പ്രകൃതിദേവി അനവധി താരങ്ങളെ മുകൾത്തട്ടിൽ വാരിവിതറി. വിലാവനത്തിലെ കൂരിരുട്ടൊഴിക്കുന്നതിനു നിലാവൊളിക്കു കഴിഞ്ഞില്ല. മരമരങ്ങൾ വാനത്തോളമുയർന്നു ഇരുളടഞ്ഞ പച്ചക്കിരീടങ്ങൾ നക്ഷത്രപ്രകാശത്തിൽ പിളുറിക്കാണപ്പെട്ടു. ഈ വനത്തിൽ തുറസ്സായ ഒരിടത്തു് ഒരു കൂടാരം ശോഭിക്കുന്നു. വെള്ളപ്പുടഞ്ഞ അതിന്റെ മേലററത്തു മഗധചക്രവർത്തിയുടെ കൊടിക്കൂറ ചെറുകാററേററു ആടി അലയുന്നു. ആരവാരങ്ങൾ അവ്യക്തമായി അകലെ കേൾക്കുന്നുമുണ്ടു്. കൂടാരത്തിന്റെ മുൻവശത്തു ഒരു ഭടൻ നിശ്ശബ്ദദേവതയെ ഭജിച്ചുകൊണ്ടു കാവൽപ്പണി നടത്തുന്നു. അപ്പോഴത്തെ ഏകാന്തതയെ ഭേദിക്കുന്നതിനോ എന്നു തോന്നുമാറു അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന ആ ഭടന്റെ കവചം കിലുകിലനാദം പുറപ്പെടുവിക്കുന്നു. കൂടാരത്തിനുള്ളിൽ ഒരിടത്തു് ഒരു മാന്തോല വിരിച്ചു് അതിന്മേൽ രണ്ടു സ്വരൂപങ്ങളിരിക്കുന്നുണ്ടു. അവരിൽ ഒരാൾക്കു യൌവനം

വും അതിനു ചേൎന്ന ശരീരബലവും വിളങ്ങുന്നു. മററയാൾ വെറും കുഞ്ഞാണു്. വയസ്സ് അഞ്ചിലധികമില്ലതന്നെ. ഈ കുഞ്ഞിന്റെ ഇളംമേനിയെ യുവാവിന്റെ കരവല്ലികൾ ചുററിയിരിക്കുന്നു. കൊച്ചുകൈകളിലൊന്നു ചങ്ങാതിയുടെ ഉറച്ചു ഉരുണ്ടുള്ള ഭുജത്തിന്മേൽ മൃദുവായി പതിഞ്ഞിട്ടുണ്ടു്. നീണ്ടുവിടൎന്ന കണ്ണുകൾ മുകളിലേക്കു തിരിഞ്ഞു യുവാവിന്റെ സ്നേഹം വഴിയുന്ന നോട്ടവുമായി ഇടയുന്നു. യുവാവു തന്റെ കൈകളെ മന്ദമായി ഇളക്കി ബാലന്റെ കരച്ചെന്തളിരുകളെ തലോടിക്കൊണ്ടു നെററിയിൽ പാറിക്കിടക്കുന്ന മിനുത്ത അളകങ്ങളെ ഒതുക്കിവയ്ക്കുമ്പോൾ "പൊന്നുതിരുമേനി" എന്നു സപ്രശ്രയം കലൎന്ന ഒരു വീണാനാദം ഉണ്ടായി.

യുവാവ് — സത്യം! 'സഹോദരാ!' യെന്നു വിളിക്ക. അതാണെനിക്കാനന്ദകരം.

ശിശു — അവിടുന്നെന്റെ സഹോദരനല്ലല്ലോ. (നോക്കി)

യുവാവ് — അല്ലേ? കൊള്ളാം. ഇതിനുമുൻപു പറഞ്ഞതെന്തു്? അതു പറ

ശിശു — ഈ ഘോരമായ പോരു വേണ്ട. മനുഷ്യർ തമ്മിലിടഞ്ഞു ജീവനാശം വരുത്തി മേന്മയുണ്ടാക്കാൻ നോക്കുന്നതെന്തിനു്? കലിംഗരാജാവ് അവിടത്തേയ്ക്കു് എന്തു പകയ്ക്കിടയാക്കി?

യുവാവ് — അവൻ ദുഷ്ടനാണു കുഞ്ഞേ!

ശിശു — ശരി. എന്നാൽ അദ്ദേഹത്തെ നന്നാക്കണം.

യുവാവ് — എങ്ങനെ?

ശിശു കുറെ നേരം മൌനമായി എന്തോ ചിന്തിച്ചുകൊണ്ടിരുന്നു. "ഇന്നാളൊരുദിവസം ഞാൻ ഒരു എട്ടുകാലിയുടെ മേൽ ഒരു മുള്ളു കുത്തിയപ്പോൾ............

യുവാവ് — നീ അതറിയാതെ ചെയ്തുപോയതാണു് കുഞ്ഞേ! അതു് ആ ജന്തുവിനെ വേദനപ്പെടുത്തുമെന്നു ഞാൻ പറഞ്ഞപ്പോൾ നീ എത്ര നേരം കണ്ണീരു ചൊരിഞ്ഞു!

ശിശു — പോരുകൊണ്ടു് അനേകമാളുകൾക്കു വേദനയുണ്ടാകുമെന്നു കലിംഗരാജാവിനോടു പറയരുതേ?

യുവാവ് — എന്റെ വാക്കിനെ അയാൾ വിലവെയ്ക്കില്ല.

ശിശു — അതു് അവിടത്തേയ്ക്കു എങ്ങനെ അറിയാം?

യുവാവ് — ഈ ചോദ്യങ്ങൾ എന്നെ വല്ലാതെ കുഴക്കുന്നല്ലോ. ആ കാൎയ്യം അങ്ങനെ നില്ക്കട്ടെ. നമ്മെപ്പററിപ്പറയാം. നീ ഇന്നു ആ കാട്ടിൽ എന്തു കണ്ടു?

ശിശുവിന്റെ കണ്ണുകൾ സന്തോഷത്താൽ പ്രകാശിച്ചു.

ശിശു — ഓ! അരയന്നങ്ങൾ ആററിൽ നീന്തിക്കളിക്കുന്നതു കണ്ടു. അവ എന്റെ കൈയിൽനിന്നു് ഇളംതാമരത്തണ്ടു കൊത്തിത്തിന്നാൻ

നീന്തിവന്നപ്പോൾ ആ വെളുത്ത ചിറകുകളുടെ അടയാളം വെള്ളത്തിൽ പതിഞ്ഞു കാണപ്പെട്ടു. ഞാൻ ആ കാട്ടുവഴിയരികിൽ നില്ക്കുന്ന വലിയ വിലാപമരച്ചുവട്ടിലേയ്ക്കു പോയി. അവിടെ നിന്നിരുന്ന ഒരു മാൻ അമ്പരന്നു് എന്നെ നോക്കി. മരച്ചുവട്ടിൽ ഒരു ക്ഷപണൻ (ബുദ്ധസന്യാസി) ഇരിക്കുന്നുണ്ടായിരുന്നു. പീതാംബരധാരിയായ അദ്ദേഹവും കണ്ണിമയ്ക്കാതെ കുറെ നേരം എന്നെ നോക്കി.

യുവാവ് — ചിരിച്ചുംകൊണ്ടു "അദ്ദേഹം മുൻജന്മത്തിൽ കുഞ്ഞിന്റെ സഹോദരനായിരുന്നിരിക്കാം" എന്നു പറഞ്ഞതിനു "അങ്ങനെയാകാം" എന്നു ഗൌരവത്തോടെ ഉത്തരമുണ്ടായി.

ശിശു — ഞാൻ വളൎന്നിട്ടു് ഒരു ശ്രമണനാകണമെന്നാഗ്രഹിക്കുന്നു.

യുവാവ് — ഇപ്പോൾതന്നെയാകട്ടെ. വളൎച്ച വരുന്നകാലത്തെ കാത്തിരിക്കുന്നതെന്തിനു്? ഞാൻ ശിഷ്യനായിക്കൊള്ളാം. എന്റെ കൊച്ചു ശ്രമണൻ എനിക്കെന്തുപദേശം തരും?

"എനിക്കറിവില്ല" എന്നു ശിശു ഉറക്കച്ചടവോടുകൂടെ ഉത്തരം പറഞ്ഞു. യുവാവ് ഇരുകരങ്ങളുംകൊണ്ടു ആ ഇളന്തലയെ തൊട്ടു അടുത്തു മന്ദമായണച്ചശേഷം കുനിഞ്ഞു് ചെറുമുഖത്തെ പുഞ്ചിരിയോടുകൂടി നോക്കി.

യുവാവ് — ഉറക്കംകൊണ്ടു ഈ കൊച്ചുകൺമിഴികളുടെ കാന്തി മങ്ങുന്നു. ആ പ്രകാശത്തിന്റെ കാൽപ്പെരുമാററത്തിനിടം കൊടുത്ത മന്ദമഹത്വം നിന്നിലണഞ്ഞിട്ടില്ലല്ലോ. സമാധാനവും സൌഖ്യവുമനുഭവിക്കയാണു് നിദ്രകൊണ്ടു നിൎവ്വഹിക്കുന്നതു്. അതിനാൽ അതാകട്ടെ. ഉറങ്ങുന്ന കുഞ്ഞു് ഉണൎന്നുപോകുമോ എന്നു ശങ്കിച്ചു മഗധാധിപനായ അശോകൻ അവിടെ അനങ്ങാതിരുന്നു. ശിശുവിന്റെ തളൎന്ന ചെറുകണ്ണുകളടഞ്ഞു കാണപ്പെട്ടു. മാറിടം ക്രമമായി ഉലകി. രാജാവു് ആ കൊച്ചുടലിനെ പതുക്കെ താങ്ങി മാന്തോലിൽ കിടത്തി. "തിരുമേനി! തിരുവുള്ളമുണ്ടായി, പോരൊഴിച്ചു വയ്ക്കണം" എന്നു ഉറക്കത്തിനിടയിൽ കുഞ്ഞുഴറി. "എന്തത്ഭുതം! ഉറക്കത്തിലും ഇതിനു ഇതേകാൎയ്യംതന്നെ" എന്നു രാജാവു ചിന്തിച്ചു.

* * *

ഇരുളടഞ്ഞ വാരം രണ്ടും അങ്ങനെ കഴിഞ്ഞു. ചക്രവൎത്തിയുടെ സൈന്യം കലിംഗരാജനെ തോല്പിച്ചു. "വലിയ നഷ്ടത്തോടുകൂടി മാത്രമെ നമുക്കു ജയമുണ്ടായുള്ളു; ശത്രുക്കളിൽ അസംഖ്യമാളുകൾ പടക്കളത്തിൽ പട്ടു കിടക്കുന്നു; നമ്മുടെ നഷ്ടവും ശത്രുപക്ഷത്തിൽ കുറഞ്ഞിട്ടില്ല" എന്നായിരുന്നു സേനാധിപൻ പറഞ്ഞതു്.

ചക്രവൎത്തി — ദേവദത്താ! തടവുകാരെ കരുണയോടെ രക്ഷിക്കണേ; മുറിവേററവരെ ഉടനെ ചികിത്സാശാലയിലേയ്ക്കയക്കു.

ഒരാൾ പ്രവേശിച്ചു് "ഒരു ഭയങ്കരകാൎയ്യം തിരുമനസ്സറിയിക്കാനു

ണ്ട് എന്നറിയിച്ചു. ഇതു കേട്ട ചക്രവർത്തി തിരിഞ്ഞുനോക്കി. മഞ്ഞത്തുകിലുടുത്തു സ്വസ്തികയെടുത്ത ഒരു ബൌദ്ധസന്ന്യാസി കൂടാരത്തിന്റെ വാതലിനടുത്തു നില്ക്കുന്നതു കാണായി. ചക്രവർത്തി പെട്ടെന്നെഴുന്നേററു ഭക്തിയോടുകൂടി തൊഴുതു.

സന്ന്യാസി—പുണ്യാത്മാവേ! പടക്കളത്തിൽ കിടക്കുന്ന പിണത്തെപ്പററിപ്പറകയാണോ?

ചക്രവർത്തി—അതെ; ഇത്ര വലിയ നഷ്ടം സഹിച്ച് ഒരു ജയം വേണമെന്നു ഞാൻ ആശിച്ചില്ല.

സന്ന്യാസി—പടയാളികളെ ലക്ഷക്കണക്കിനു കൊന്നൊടുക്കിയ ആ കഥയെക്കുറിച്ചല്ല ഞാനറിയിക്കുന്നത്. അവിടുന്ന് അതിയായി സ്നേഹിക്കുന്ന കുഞ്ഞിന്റെ ജീവപ്രകാശം അണയാൻപോകുന്നു.

ചക്രവർത്തി—സത്യവ്രതാ! എവിടെ ആ കുഞ്ഞ്!

അദ്ദേഹം ഞെട്ടി വിറച്ചുംകൊണ്ടാണിങ്ങനെ ചോദിച്ചത്.

സന്ന്യാസി—തിരുമനസ്സിലെ ഊഹം തെററിയില്ല. കുഞ്ഞു കൂടാരത്തിനു പുറത്തു ചുററിനടന്നപ്പോൾ കാവൽനിന്ന ഒരു ഭടന്റെ അമ്പേററു. വേഗം! വേഗം! അനക്കം നിലയ്ക്കാൻപോകുന്ന ചുണ്ടുകൾകൊണ്ട് അവിടത്തെ തിരുനാമംതന്നെ ഉച്ചരിക്കുന്നു.

നിലാവു തെളിഞ്ഞിട്ടുള്ള ആ രാത്രിയിൽ അദ്ദേഹം ശ്രമണനെ പിന്തുടർന്നുപോയി. തന്റെ പ്രാണനെ പുറത്തുള്ള വായുവിൽ ലയിപ്പിക്കാറായ കുഞ്ഞ് ആററുവക്കിൽ വെണ്മണലിൽ കിടക്കുന്നു. ആ താമരദളങ്ങൾ രാത്രിയിൽ അടഞ്ഞു. അശോകൻ ബാലന്റെയരികിൽ മുട്ടുകുത്തി. ചന്ദ്രൻ സമീപത്തുകൂടി കടന്നുപോകുന്ന ഒരു മേഘത്തിരയിൽ മറഞ്ഞു.

“എന്റെ കുഞ്ഞേ!”

“രാജാവേ! ജീവൻ ഉടലിൽനിന്നു വേർപെടാൻപോകുന്ന ഈ പുണ്യാവസരത്തിൽ അതിനെ അസഹ്യപ്പെടുത്തരുതേ!”

പകുതിയടഞ്ഞ ഇമകൾ വിടർന്നു. കണ്ണുതുറന്നു. ഇരുളടഞ്ഞ് അമന്ന ആ ദൃഷ്ടികളുടെ ഉള്ളിൽ അല്പനിമിഷത്തേക്കു മൃത്യുവിന്റെ ചൈതന്യം കാണാറായി. അനക്കമെല്ലാം നിന്നു. ചെറുകാററു സശോകമായ ലാളനക്കിടയിൽ ഓമനനെററിയിൽ പാറിക്കിടക്കുന്ന കുറുനിരകളുമായി ചേർന്നു മൃദുവായി കളിയാടി. ജീവൻവെടിഞ്ഞ ആ “ഒരു പിടിമണ്ണിന്മേൽ” കണ്ണീരു പൊഴിച്ചുംകൊണ്ടു രാജാവ് ഉള്ളിൽ തള്ളിക്കയറിയ വികാരപരമ്പരയെ ഇങ്ങനെ വാക്കുകൾകൊണ്ടു പ്രത്യക്ഷമാക്കി.

“എന്റെ ഓമനേ! നിന്റെ ആശയെ ഞാനിതാ അനുവദിച്ചിരിക്കുന്നു. അമാനുഷചൈതന്യം വഹിക്കുന്ന ലോകസാക്ഷികളേ! കരുണാദേവതയുടെ പാദദാസനായ ഈ അശോകൻ ഇനിമേൽ പേരിനോ പെരുമയ്ക്കോ പണിപ്പെടുന്നതല്ല; വീര്യത്തെയോ വിജയത്തെയോ വിലവെയ്ക്കു

ന്നതല്ല; സംതൃപ്തിയും സമാധാനവുംതന്നെ ഇവനു സർവ്വദാ ആധാരമായിരിക്കും."

ഈ സത്യവാചകത്തെ അശോകൻ എങ്ങനെ പാലിച്ചുവെന്നു ചരിത്രംകൊണ്ടറിയാമല്ലൊ.

---

# ജീവിതചരിത്രം

(തുടർച്ച)

(വിദ്വാൻ, സി. എസ്സ്. നായർ)

ഉചിതമായ വിഷയത്തെ തിരഞ്ഞെടുത്താൽ പിന്നെ, ജീവിതചരിത്രകാരൻ അതിൻെറ ഉചിതമായ പ്രതിപാദനത്തിലാണു ശ്രദ്ധപതിപ്പിക്കേണ്ടതു്. ജീവിതചരിത്രകാരൻെറ കൃത്യം വാക്കുകൾകൊണ്ടു ചരിത്രപുരുഷൻെറ സജീവമായ ഒരു ചിത്രത്തെ വരച്ചു വായനക്കാരുടെ മനോദൃഷ്ടിക്കു മുമ്പിൽ പ്രതിഷ്ഠിക്കുകയാണ്. വായനക്കാരുടെ വീരാരാധന (Hero-Worship) വാസനയെ സംതൃപ്തിപ്പെടുത്തത്തക്കവണ്ണം ചരിത്രപുരുഷൻെറ ജീവിതത്തിൻെറ ശരിയായ സ്വരൂപം കാണിച്ചു, അതിൽനിന്നുള്ള പാഠങ്ങളെ വെളിപ്പെടുത്തുകയാണു ജീവിതചരിത്രത്തിൽ ചെയ്യേണ്ടതായിട്ടുള്ളതു്. ജീവിതചരിത്രകാരൻെറ പ്രതിപാദനരീതി ജീവിതചരിത്രം വായിക്കുന്നവരുടെ മനസ്സിന്നു ഇണങ്ങാത്തവിധത്തിലുള്ള ഒന്നായിരുന്നാൽ ആയാളുടെ സംരംഭം തികച്ചും പരാജയപ്പെടുകയേ ചെയ്യുകയുള്ളു എന്നു ഇതിനുമുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. നല്ല 'അലങ്കാരശൈലി'കൾകൊണ്ടു മോടിപിടിപ്പിച്ചതും, ലാളിത്യവും സരളതയും ഉള്ളതുമായ ഒരു ഭാഷയിൽ ജീവിതചരിത്രം എഴുതി എന്നുള്ളതുകൊണ്ടുമാത്രം ജീവിതചരിത്രകാരൻെറ പ്രതിപാദനരീതി നന്നായി എന്നുവരുന്നതല്ല. ഭാഷയുടെ ഭംഗിയും ശുദ്ധിയും പ്രതിപാദനരീതിയുടെ ബാഹ്യഭാഗങ്ങൾ മാത്രമാണു്. വിഷയത്തിൻെറ സ്പഷ്ടത, ബഹിർഭൂതങ്ങളായ വിഷയാന്തരങ്ങളുടെ അവ്യാമിശ്രണം, വിവരണത്തിൻെറ ക്രമീകരണത്വം, വിഷയസ്വഭാവത്തിൻെറ പരിപാലനം എന്നിങ്ങിനെ അനേകം അംശങ്ങൾ ചേർന്നാണു പ്രതിപാദനരീതിക്കു സമീചീനത്വമുണ്ടാകുന്നതു്. മററുള്ള വിദ്യാവിഭാഗങ്ങൾ എന്നപോലെ ജീവിതചരിത്രവും അതിന്നു പ്രത്യേകമായുള്ള ഒരുദ്ദേശത്താൽ പ്രവൃത്തമായിട്ടുള്ളതാണ്. മനുഷ്യജീവിതത്തെസ്സംബന്ധിക്കുന്ന ഒന്നായതുകൊണ്ടുമാത്രം അതിന്നു മനുഷ്യദേഹശാസ്ത്രത്തോടൊ മനുഷ്യജീവശാസ്ത്രത്തോടൊ സ്വാഭാവികമായ സംബന്ധം ഒന്നുമില്ല. ജീവിതചരിത്രം രാജ്യചരിത്രത്തിൽനിന്നും വ്യത്യസ്തപ്പെട്ടതാണ്. കൃത്യാകൃത്യങ്ങളെ ഉപദേശിക്കുന്ന ധർമ്മശാസ്ത്രത്തിൻെറ കൃത്യവും അതു നിർവ്വഹിക്കേണ്ടതാ

യിട്ടില്ല. ജീവിതചരിത്രം സന്മാൎഗ്ഗോപദേശപരവും സൽപുരുഷസംബന്ധിയും ആയിരിക്കണമെന്നുള്ള പ്രാചീനസിദ്ധാന്തത്തിന്റെ സാധുത്വം ഇപ്പോൾ അംഗീകരിക്കപ്പെടാതെയായിത്തുടങ്ങിയിട്ടുണ്ടു. സന്മാൎഗ്ഗചാരികളായ സൽപുരുഷന്മാരുടെ ജീവിതചരിത്രങ്ങൾ മാത്രമേ രേഖപ്പെടുത്തുവാൻ യോഗ്യങ്ങളായിരിക്കുന്നുള്ളു എന്നും, ഏതെങ്കിലും പ്രകാരത്തിൽ സന്മാൎഗ്ഗവിഭ്രംശം വന്നിട്ടുള്ളവരുടെ ജീവിതചരിത്രം ലോകത്തിന്നാവശ്യമില്ലെന്നും സിദ്ധാന്തിക്കുന്ന ഐസക് വാൾട്ടൻ മുതൽപേരുടെ വാദങ്ങൾ വിചാരസഹങ്ങളല്ല. സന്മാൎഗ്ഗനിഷ്ഠ ജീവിതത്തിൽ അപരിഹാൎയ്യമായിട്ടുള്ളതാണെങ്കിലും, അതിന്റെ ശൈഥില്യം ജീവിതത്തിന്റെ മറ്റുപ്രകാരത്തിലുള്ള യോഗ്യതകളെ കേവലം ഇല്ലാതെയാക്കിത്തീൎക്കുമെന്നു സിദ്ധാന്തിക്കാവുന്നതല്ലതന്നെ. ഒരാളുടെ ജീവിതം ലോകത്തിന് എത്രമാത്രം ഉപകാരപ്രദമായിത്തീൎന്നിട്ടുണ്ടെന്നു നോക്കിയാണ് ആയാളുടെ ജീവിതത്തിന്റെ ചരിത്രം രേഖപ്പെടുത്തത്തക്കതോ അല്ലയോ എന്നു നിൎണ്ണയിക്കപ്പെടേണ്ടതു്. മററുള്ള ഗുണങ്ങളുടെ കൂട്ടത്തിൽ സന്മാൎഗ്ഗനിഷ്ഠകൂടി ഉണ്ടെങ്കിൽ അങ്ങിനെയുള്ള ജീവിതത്തിന്നു ചരിത്രവിഷയമായിത്തീരുവാനുള്ള യോഗ്യത കൂടുതലായിത്തീരുന്നുണ്ടെന്നു സമ്മതിക്കുക തന്നെ ചെയ്യാം. എന്നാൽ അത്രയുംകൊണ്ടു, ജീവിതചരിത്രം സൽഗ്ഗുണസമ്പന്നന്മാരായ ധീരോദാത്തപുരുഷന്മാരുടെ ജീവിതകഥകളെ മാത്രം സംബന്ധിക്കുന്നതായിരിക്കേണമെന്നു ഒട്ടും വന്നുകൂടുന്നില്ലതാനും. ജീവിതചരിത്രം എന്നതു ഗുണദോഷസമ്മിശ്രമായ മനുഷ്യജീവിതത്തിന്റെ ശരിയായ ഒരു ചിത്രമാണു്. ആ നിലയിൽനിന്നു് അതിന്നു വ്യതിയാനം വരുത്തുന്നതായാൽ അതിന്റെ വിജയം വിഫലിതമായിട്ടുതന്നെ ഭവിച്ചേയ്ക്കും.

ജീവിതചരിത്രത്തെ ധൎമ്മശാസ്ത്രത്തിന്റെ സാമ്രാജ്യത്തോടു സംബന്ധിപ്പിക്കുന്നതുകൊണ്ടു് അതിന്നു പല വൈകല്യങ്ങളും വന്നുകൂടുന്നതാണു്. ജീവിതചരിത്രം സന്മാൎഗ്ഗോപദേശപരമായിരിക്കണമെന്നുള്ള നിയമത്തെ ആദരിക്കുന്നപക്ഷം, ഒന്നാമതു് അതിന്റെ വിഷയത്തിന്നു വ്യാപ്തി തുലോം ചുരുങ്ങിപ്പോകുന്നതാണു്. സൂക്ഷ്മമായ ധൎമ്മപഥത്തിൽനിന്നു് ഏതെങ്കിലും വിധത്തിൽ അല്പം വ്യതിചലിച്ചുപോകുന്നവരുടെ ജീവിതങ്ങൾ ചരിത്രവിഷയങ്ങളായിത്തീരുവാൻ യോഗ്യങ്ങളല്ലെന്നു വരുന്നതായാൽ ലോകത്തിൽ ചരിത്രപുരുഷന്മാരായിത്തീരുവാൻ അൎഹതയുള്ളവർ അധികമൊന്നും ഉണ്ടാകുന്നതല്ല. ബയറൺ, നെത്സൻ, പാർണ്ണൽ മുതലായ പ്രസിദ്ധപുരുഷന്മാൎക്കാൎക്കും ലോകചരിത്രത്തിൽ സ്ഥാനമില്ലെന്നുതന്നെ വന്നേയ്ക്കും. ഉദ്ദേശം ഉൽകൃഷ്ടമായിട്ടുള്ളതാണെങ്കിൽ അതു സാധിക്കുവാൻ ഉപയോഗിക്കുന്ന മാൎഗ്ഗ (ഉപായ)ത്തിന്റെ ഗുണദോഷങ്ങളെ ചിന്തിക്കേണ്ടതില്ലെന്നും, 'സാദ്ധ്യം സാധനമാൎഗ്ഗത്തെ സാധൂകരിക്കും' (End Justifies the means) എന്നുമുള്ള മതക്കാരായിരുന്ന നെപ്പോളിയൻ ലെനിൻ തുടങ്ങിയ വീരപുരുഷന്മാരു

ടെ പല പ്രവൃത്തികളും ധർമ്മത്തിൻെറ കർക്കശദൃഷ്ടിവെച്ചുനോക്കിയാൽ സന്മാർഗ്ഗത്തിൽനിന്നു തെററിയിട്ടുള്ളവയായി കാണപ്പെട്ടാമെന്നു തീർച്ചയാണ്. അതുകൊണ്ടു ജീവിതചരിത്രകാരൻ നെപ്പോളിയൻ, ലെനിൻ മുതലായ സാമ്രാജ്യസ്ഥാപകന്മാരായ പുരുഷകേസരികളുടെ ജീവിതചരിത്രങ്ങളെ രേഖപ്പെടുത്താതെ വിസ്മൃതിഗർത്തത്തിലേയ്ക്കു തള്ളുകയാണെങ്കിൽ എന്തൊരു തീർത്താൽതീരാത്ത നഷ്ടമായിരിക്കും അതു്?

ജീവിതചരിത്രത്തിന് ഉദ്ദേശപരത്വം ഉണ്ടാക്കുന്നതിന്നായി പ്രതിപാദ്യന്മാരായ നായകന്മാരുടെ ദോഷങ്ങളെ ആച്ഛാദനം ചെയ്യുക, അല്ലെങ്കിൽ അവയെ ലഘൂകരിക്കുകയോ അന്യഥാകരിക്കുകയോ ചെയ്യുക എന്നീ സമ്പ്രദായങ്ങളെ ചിലർ സ്വീകരിക്കാറുണ്ടു്. ഒരാൾ ശാശ്വതമായ വല്ല ഗുണവും ചെയ്തിട്ടുണ്ടെങ്കിൽ അതുമാത്രം അറിയുവാനല്ലാതെ ലോകം ആയാൾക്കു വല്ല ദോഷവും ഉണ്ടോ എന്നു അന്വേഷിച്ചറിയുവാൻ ഉദ്യമിക്കുന്നതെന്തിനാണു് എന്നാണു ഇക്കൂട്ടരുടെ ചോദ്യം. ചരിത്രപുരുഷന്മാരുടെ ദോഷഭാഗങ്ങളിൽ ലോകം ദൃഷ്ടി പതിപ്പിക്കേണ്ട ആവശ്യമില്ലെന്നും ഗുണഭാഗങ്ങളെമാത്രം അറിഞ്ഞു സ്വീകരിച്ചാൽ മതിയെന്നും അതിനാൽ ജീവിതചരിത്രകാരന്മാർ അവരുടെ ദോഷങ്ങളെ ചൂണ്ടിക്കാണിക്കാതെ ഗുണങ്ങളെമാത്രം പ്രകാശിപ്പിക്കുകയേ ചെയ്യേണ്ടതുള്ളു എന്നും മററുമുള്ള ഇവരുടെ വാദങ്ങൾ കേവലം ആപാതരമണീയങ്ങളാകുന്നു. ജീവിതചരിത്രത്തിൻെറ ഉദ്ദേശം, ജീവിതത്തെ ശരിയായ രൂപത്തിൽ കാണിച്ചു് അതിൻെറ നന്മതിന്മകളെ വെളിപ്പെടുത്തി, നന്മയെ സ്വീകരിപ്പാനും തിന്മയെ നിരാകരിപ്പാനും പ്രേരിപ്പിക്കുകയും, അതോടുകൂടി, ഗുണദോഷങ്ങളുടെ യുദ്ധരംഗമായ ജീവിതത്തിനു ഗുണങ്ങളുടെ വിജയത്താലുണ്ടായിട്ടുള്ള ഉൽക്കർഷംകൊണ്ടു കീർത്തനീയന്മാരായിത്തീർന്ന ചരിത്രപുരുഷന്മാരെസ്സംബന്ധിച്ചുള്ള ബഹുമാനവും സ്മരണയും നിലനിർത്തുകയും ചെയ്യുക എന്നുള്ളതാണു. ആ സ്ഥിതിക്കു ചരിത്രപുരുഷന്മാരുടെ ദോഷാച്ഛാദനം ജീവിതചരിത്രത്തിൻെറ പ്രയോജനത്തെ എത്രമാത്രം സങ്കുചിതമാക്കിത്തീർക്കുന്നു എന്നു പ്രത്യേകം പ്രസ്താവിച്ചേ കഴിയൂ എന്നില്ലല്ലോ.

ചരിത്രപുരുഷന്മാരുടെ ദോഷങ്ങളെ ആച്ഛാദനം ചെയ്യുന്നതിനേക്കാളും, ആപൽക്കരമായിട്ടുള്ളതാണു് അവയെ ലഘൂകരിക്കുകയോ അന്യഥാകരിക്കുകയോ ചെയ്യുന്നതു്. സത്യസ്ഥിതിയെ മറച്ചുവെക്കുന്നതിലും അനീതിയായിട്ടുള്ളതാണു് അതിൻെറ ഏതാനും ഭാഗംമാത്രം പ്രദർശിപ്പിക്കുകയോ അതിൻെറ മേൽ അസത്യത്തെ പ്രതിഷ്ഠിക്കുകയോ ചെയ്യുന്നതു്. ദോഷങ്ങളെ "വെള്ളയടിച്ചു" ഗുണങ്ങളാക്കിത്തീർക്കുവാൻ ശ്രമിക്കുന്നതുകൊണ്ടു ജീവിതത്തിൻെറ വിജയത്തിനുള്ള മാററു ശോഭിക്കുന്നതിനുപകരം മങ്ങിപ്പോവുകയേ ചെയ്യുകയുള്ളു. ജീവിതത്തെ സത്വരജസ്തമോമയ (ഗുണദോഷസമ്മിശ്ര)മായും നന്മതിന്മകളുടെ ഒരു സമരഭൂമിയായും സൃഷ്ടിച്ചിട്ടുള്ള

ഉ നന്മയെക്കൊണ്ടു തിന്മയെ ജയിക്കുന്നതിലാണു ജീവിതത്തിന്റെ വിജയവും മേന്മയും സ്ഥിതിചെയ്യുന്നതു് എന്നു കാണിക്കുവാൻ വേണ്ടിയാകുന്നു. അപ്പോൾ, ദോഷങ്ങളെ "പർദാ" (ഘോഷാ) സമ്പ്രദായത്തിൽ നിർത്തുകയോ അല്ലെങ്കിൽ വെള്ള തേച്ചു വെളുപ്പിക്കുകയോ ചെയ്യുന്ന ജീവിതചരിത്രം മേല്പറഞ്ഞപ്രകാരത്തിലുള്ള ജീവിതസ്ഥിതിയെ വെളിപ്പെടുത്തുവാൻ എത്രമാത്രം പര്യാപ്തമായിത്തീരുമെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലോ.

ജീവിതചരിത്രകാരൻ സാങ്കേതികങ്ങളായ ചില ധർമ്മനിയമങ്ങളെ മുൻനിർത്തിക്കൊണ്ടു ചരിത്രനായകന്മാരുടെ ജീവിതങ്ങളെപ്പററി 'എക്സ്പാർട്ടി' (അപ്പീലില്ലാത്ത) ആയ വിധിന്യായമെഴുതിവിടുകയോ, സ്പർദ്ധാകലുഷിതവും പക്ഷപാതാന്ധവുമായ ദൃഷ്ടികൊണ്ടുനോക്കി, അവരുടെ ജീവിതവ്യാപാരങ്ങളെ വിമർശിക്കുകയോ ചെയ്തുകൂടാത്തതാണു്. ധർമ്മത്തിന്റെ ആത്മാവുമാത്രം ഈശ്വരകല്പിതവും, ശരീരം മനുഷ്യനിർമ്മിതവുമാണെന്നും, അതിനാൽ ധർമ്മത്തിന്റെ സ്വരൂപത്തിനുമാത്രം ദേശകാലനിമിത്തങ്ങളെക്കൊണ്ടു് പരിവർത്തനം സംഭവിച്ചുകൊണ്ടിരിക്കുമെന്നും ഒന്നാമതായി ഗ്രഹിച്ചിരിക്കേണ്ടതാണു്. അപ്പോൾ ധർമ്മത്തിന്റെ ആത്മാവായ ഈശ്വരനിയമത്തെ ലംഘിക്കുന്നതിൽ മാത്രമേ അധർമ്മപ്രസക്തിയുള്ളൂ എന്നും, ധർമ്മത്തിന്റെ മനുഷ്യകല്പിതങ്ങളായ ബാഹ്യനിയമസീമകളെ സമുല്ലംഘിക്കുന്നതു്, ഉദ്ദേശം, ദേശം, കാലം മുതലായ ഉപാധികളുടെ സ്വഭാവമനുസരിച്ചാണു ധർമ്മ്യമോ അധർമ്മ്യമോ ആയിത്തീരുന്നതെന്നും വന്നുകൂടുന്നുണ്ടു്. അതിനാൽ, പരിതഃസ്ഥിതികൾ അനുസരിച്ചു പരിവർത്തനം ചെയ്യുന്നവയും പരിമിതങ്ങളുമായ ധർമ്മത്തിന്റെ ബാഹ്യനിയമങ്ങൾകൊണ്ടു ജീവിതത്തിന്റെ മഹത്വത്തെ അളന്നു നോക്കുന്നതു് അബദ്ധമായിത്തീരുവാനാണു് എളുപ്പമുള്ളതു്. സ്പർദ്ധയോടും പക്ഷപാതത്തോടുംകൂടി നിരീക്ഷണം ചെയ്യുന്ന ഒരു ജീവിതചരിത്രകാരനു ജീവിതത്തിന്റെ യഥാർത്ഥസ്ഥിതികണ്ടു മനസ്സിലാക്കുവാൻ ഒരിക്കലും സാധിക്കുന്നതല്ല. സ്പർദ്ധയ്ക്കു ഗുണദർശനത്തിൽ അന്ധതയും ദോഷദർശനത്തിൽ ദിവ്യചക്ഷുസ്സുമുള്ളതുപോലെതന്നെ, നേരെമറിച്ചു പക്ഷപാതത്തിനു ദോഷദർശനത്തിൽ അന്ധദൃഷ്ടിയും, ഗുണദർശനത്തിൽ ദിവ്യചക്ഷുസ്സുമാണുള്ളതു്. സ്പർദ്ധാലുവായ ജീവിതചരിത്രകാരൻ ചരിത്രനായകന്റെ പരമാണുപ്രായങ്ങളായ ദോഷങ്ങളെപ്പോലും പർവ്വതീകരിക്കുകയും, പക്ഷപാതിയായ ജീവിതചരിത്രകാരൻ ചരിത്രനായകന്റെ ഗുണകണികകളെക്കൂടി മഹാമേരുവിനോടൊപ്പം വച്ചുതാങ്ങുകയും ചെയ്യുന്നതാണു്. ഇതു രണ്ടും ജീവിതചരിത്രത്തിന്റെ ഉദ്ദേശത്തിനു തീരെ യോജിച്ചതല്ല. സത്യത്തിന്റെ ശക്തിയേറിയ ശബ്ദം എന്നെങ്കിലും ഒരിക്കൽ മുഴങ്ങി കേൾക്കാതിരിക്കയില്ല; ഏതു അഗാധമായ ഭൂഗർഭത്തെയും ഭേദിച്ചു, സത്യത്തിന്റെ വെളിച്ചം പുറത്തുവരും. അതിനാൽ

ജീവിതചരിത്രകാരൻ സ്പർദ്ധയാലോ പക്ഷപാതത്താലോ യഥാർത്ഥസ്ഥിതിയെ മറച്ചു വെയ്ക്കുവാൻ നോക്കുന്നതു നിഷ്ഫലമാണ്. മാനസികങ്ങളായ ഇഷ്ടാനിഷ്ടങ്ങളും മുൻക്കൂട്ടിയുണ്ടാകുന്ന അഭിപ്രായങ്ങളും ജീവിതചരിത്രകാരന്റെ തൂലികയുടെ സ്വാതന്ത്ര്യഗതിയെ ഒരിക്കലും നിയന്ത്രണം ചെയ്യരുതു്. കക്ഷിഭേദം, പ്രസ്ഥാനഭേദം, ആദർശഭേദം എന്നിവ ജീവിതചരിത്രകാരനു ചരിത്രപുരുഷനോടടുക്കുവാൻ പ്രതിബന്ധങ്ങളായിത്തീർന്നു എന്നുവന്നേക്കാം. എന്നാൽ "അനുഭാവം" അഭിപ്രായഭേദസഹിഷ്ണുത, സമബുദ്ധിത്വം മുതലായ ഉൽകൃഷ്ടങ്ങളായ മനോഭാവങ്ങൾ ഉണ്ടെങ്കിൽ ആ പ്രതിബന്ധങ്ങൾ തീരെ സാരമില്ലാത്തവയും, എളുപ്പത്തിൽ ജയിക്കുവാൻ കഴിയുന്നവയുമാകുന്നു. രാജ്യകാര്യങ്ങളോടിടപെട്ടു പ്രവർത്തിക്കുന്നവർ സാമുദായികപരിഷ്കാരത്തിന്നായി പരിശ്രമിക്കുന്നവർ എന്നിവരുടെ ജീവിതചരിത്രങ്ങളെഴുതുമ്പോൾ ചരിത്രകാരൻ വളരെയധികം സൂക്ഷിക്കേണ്ടതുണ്ടു്. ജീവിതചരിത്രകാരൻ യാഥാസ്ഥിതികനും, ചരിത്രപുരുഷൻ ഉൽപതിഷ്ണുവുമാണെങ്കിൽ അവരുടെ ആദർശങ്ങൾ ദക്ഷിണോത്തരധ്രുവങ്ങൾപോലെ അകന്നുനിൽക്കുന്നതുകൊണ്ടു് ഒരാൾക്കു മറ്റാളുടെ ജീവിതത്തിന്റെ ആഭ്യന്തരസ്ഥിതിയെ ദർശിക്കുവാൻ പ്രയാസമുണ്ടായേക്കാം. എന്നാൽ ആ പ്രയാസത്തെ തട്ടിനീക്കി ചരിത്രവിഷയമായ ജീവിതത്തിന്റെ വിജയത്തേയും വിലയേയും ശരിക്കറിയുവാൻ ശ്രമിക്കാത്തപക്ഷം ചരിത്രകാരന്റെ സംരംഭം ചരിതാർത്ഥമല്ലാതെതന്നെ ഭവിക്കും.

രാജ്യകാര്യപ്രവർത്തകന്മാർ ചിലപ്പോൾ അഭിപ്രായങ്ങൾ മാറുകയും ഭിന്നകക്ഷിയിൽ ചേർന്നു പ്രവർത്തിക്കുകയും ചെയ്യുക എന്നുള്ളതു് ഒട്ടും അസാധാരണമായിട്ടുള്ളതല്ല. അവരുടെ ഈ 'മാനസാന്തരപ്പെടലി'ന്നു കാരണങ്ങളായിത്തീർന്ന പരിതഃസ്ഥിതികളെ ശരിക്കു മനസ്സിലാക്കാതെ അതിനെപ്പററി അഭിപ്രായം പറയുന്നതു് അയുക്തമാകുന്നു. രാജ്യതന്ത്രം ഒരു യുദ്ധമാണു്; ചിലപ്പോൾ അതിൽ വിജയംനേടുന്നതിന്നോ, പരാജയത്തെ പരിഹരിപ്പാനോ വേണ്ടി മുന്നോക്കംവെച്ച കാൽ പിന്നോക്കം വലിക്കേണ്ടതായും, വ്യൂഹത്തിന്റെ സ്ഥാനം മാറേറണ്ടതായും, 'അടവുകൾ' മാറിമാറി ഉപയോഗിക്കേണ്ടതായും വരും. ഈ പരിവർത്തനനയത്തെ അഭിപ്രായസ്ഥൈര്യത്തിന്റെ അഭാവമായോ, സ്ഥിരപ്രമാണതയുടെ രാഹിത്യമായോ ബുദ്ധികൌടില്യത്തിന്റെ പ്രകടനമായോ, ഭീരുത്വത്തിന്റെ പ്രദർശനമായോ വ്യാഖ്യാനിക്കുന്നതു് അനീതിയായിരിക്കും. എന്നാൽ സ്വാർത്ഥലബ്ധിക്കായി പൊതുകാര്യങ്ങളിൽ ഏർപ്പെട്ടു തരംപോലെ നയവും നിലയും മാററി അഭിപ്രായങ്ങളിന്മേൽ 'തൊഴുക്കുത്തിമറിച്ചിൽ' കാണിക്കുന്ന കുടിലബുദ്ധികളുടെ നയപരിവർത്തനം ആക്ഷേപയോഗ്യംതന്നെയാണു്. അനുഭവം വിപരീതമായി വരുമ്പോൾ അഭിപ്രായം മാറുന്നതു് ആർക്കും ആവശ്യമായിവരുന്നതാണു്. രാജ്യകാര്യപ്രവർത്തകന്മാർക്കു പ്രത്യേകിച്ചും അഭിപ്രായമാററവും നയമാററവും ആവശ്യമായിത്തീർന്നേയ്ക്കും. ഇതിൽ

അവരുടെ ഉൽകൃഷ്ടമായ ഉദ്ദേശത്തിനോ ഉന്നതമായ ആദൎശത്തിനോ മാററംവരുന്നില്ലാത്തതിനാൽ അവരുടെ നടപടിയിൽ പൂൎവ്വാപരവിരോധപ്രസംഗമോ സത്യഭംഗമോ സംഭവിക്കുന്നില്ല. ഇപ്രകാരമുള്ള കാൎയ്യാൎത്ഥമായ നയപരിവൎത്തനത്തേയും, സ്വാൎത്ഥസിദ്ധിക്കായുള്ള നയപരിവൎത്തനത്തേയും വകതിരിച്ചറിഞ്ഞിട്ടുവേണം ജീവിതചരിത്രകാരൻ സ്വാഭിപ്രായം സ്ഥാപിക്കുവാൻ. ഇംഗ്ലണ്ടിലെ പ്രസിദ്ധരാജ്യതന്ത്രജ്ഞനായിരുന്ന ഗ്ലാഡ്സ്റ്റൺ തന്റെ പൂൎവ്വാഭിപ്രായത്തിന്നു വിരുദ്ധമായി പെട്ടെന്ന് അയർലണ്ടിന്നു സ്വയംഭരണംകൊടുക്കുവാൻ സമ്മതിച്ചതു് അപ്രതീക്ഷിതമായിരുന്നു. ഗ്ലാഡ്സ്റ്റന്റെ ഈ പ്രവൃത്തി സ്വന്തം വല്ല കാൎയ്യവും സാധിക്കുവാൻവേണ്ടി മനസ്സാക്ഷിയെ വഞ്ചിച്ചുംകൊണ്ടു ചെയ്ത ഒരു നയപരിവൎത്തനമായി വ്യാഖ്യാനിക്കപ്പെടാവുന്നതാണോ? വേർഡ്സ്വൎത്ത് വിപ്ലവസംഘത്തെ വിട്ടു യാഥാസ്ഥിതികകക്ഷിയിൽ ചേൎന്നതു വല്ല സ്വാൎത്ഥത്തിന്റേയും പ്രേരണകൊണ്ടായിരുന്നുവോ? മഹാത്മാഗാന്ധിയുടെ നിസ്സഹകരണപ്രസ്ഥാനം സ്വീകരിച്ചു കൌൺസിൽപ്രവേശത്തെ വൎജ്ജിച്ചിരുന്ന ദേശബന്ധുദാസ് പെട്ടെന്നു കൌൺസിൽപ്രവേശവാദിയായിത്തീൎന്നതു് അഭിപ്രായസ്ഥിരതയില്ലായ്മകൊണ്ടോ സ്വാൎത്ഥബുദ്ധിയെ ഉദ്ദേശിച്ചതുകൊണ്ടോ ആണെന്നുപറഞ്ഞാൽ മഹാപാപമില്ലേ? ഇങ്ങിനെയുള്ളവരുടെ ജീവിതചരിത്രങ്ങളെഴുതുമ്പോൾ എഴുതുന്ന ആളുടെ അന്തൎദ്ദൃഷ്ടിയും വിവേചനബുദ്ധിയും നല്ലപോലെ പ്രവൎത്തിച്ചില്ലെങ്കിൽ ഉണ്ടാകുന്ന അബദ്ധം അക്ഷന്തവ്യമായിരിക്കും. മഹാന്മാരെപ്പററി രേഖപ്പെടുത്തുന്ന അഭിപ്രായങ്ങൾ അവരുടെ മഹത്വത്തെപ്പററി ലോകത്തിൽ തെററിദ്ധാരണ ജനിക്കുവാൻ ഇടയാക്കുന്നവയായിത്തീൎന്നാൽ എന്തൊരു കഷ്ടമാണതു്? മഹാന്മാരുടെ ജീവിതചരിത്രങ്ങളെ രേഖപ്പെടുത്തുവാൻ ഉദ്യമിക്കുന്ന എഴുത്തുകാരനുള്ള ഉത്തരവാദിത്വത്തിന്റെ ഗൌരവം സാമാന്യമായിട്ടുള്ളതൊന്നുമല്ല. മനഃപൂൎവ്വം വസ്തുസ്ഥിതികളെ മറച്ചുവെയ്ക്കുക, മഹത്വത്തെ നിചമായ ഭാഷയിൽ ആക്ഷേപിക്കുക, ആലോചിക്കാതെയും വസ്തുത മനസ്സിലാക്കാതേയും പരന്മാൎക്കു തെററിദ്ധാരണ ഉണ്ടാകത്തക്കവണ്ണം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുക മുതലായവ ജീവിതചരിത്രകാരന്റെ തൂലികയെ പാംസുലമാക്കിത്തീൎക്കുന്നവയാണു്. മഹാന്മാരുടെ ജീവിതചരിത്രങ്ങളെ രേഖപ്പെടുത്തി അവരുടെ പാവനങ്ങളായ സ്മരണകളെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠിക്കുക എന്നതു് എത്രയും മാഹാത്മ്യമുള്ള ഒരു കൃത്യമാണു്. ആ മഹനീയകൃത്യത്തെ സ്വയം കയ്യേററു വേണ്ടതുപോലെ നടത്തുവാൻ ശ്രദ്ധിക്കാതെ അതിനെ വ്യഭിചരിപ്പിച്ചുവിടുന്നതിൽപ്പരം നിന്ദ്യമായുള്ള ഒരു പ്രവൃത്തി മററൊന്നുമില്ല. ജീവിതചരിത്രകാരൻ മഹാമനസ്കനായ ഒരു നിരൂപകനും സൂക്ഷ്മദൃക്കായ ഒരു ദീൎഘദൎശിയും, ചിന്താശീലനായ ഒരു കുശാഗ്രബുദ്ധിയും നിപുണനായ ഒരു സാഹിത്യകാരനും ആയിരിക്കേണ്ടതാണു്. ഇങ്ങിനെയുള്ള ഒരാളുടെ തൂലികയിൽനിന്നേ ഉത്തമങ്ങളായ ജീവിതചരിത്രങ്ങൾ നിൎഗ്ഗമിക്കുകയുള്ളു. (തുടരും)

# ജീവജാലം

(തുടൎച്ച)

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ, ബി, എൽ)

## എട്ടാം പടലം.

ലോകത്തിൽ ചരങ്ങളെന്നും അചരങ്ങളെന്നും രണ്ടുതരത്തിലാണ എല്ലാ ജീവികളും. ഉൽഭിദങ്ങൾ അചരങ്ങളാകകൊണ്ടു് അവയുടെ ജീവനം ചരങ്ങൾക്കുള്ളതിനെക്കാൾ ക്ലേശകരമാണ്. അനങ്ങാൻമേലാതെ വരുന്ന മനുഷ്യനു ജീവസന്ധാരണശ്രമം എത്രയുണ്ടെന്ന് അനുഭവംകൊണ്ടു് അറിയാവുന്നതല്ലേ? ആഹാരസമ്പാദനവും സന്താനോൽപാദനവും അചരങ്ങൾക്കും ഒഴിച്ചുകൂടുന്നതല്ല. അതിനു പ്രകൃതിജനനി ചെയ്തുകൊടുത്തിട്ടുള്ള ഉതവികളെ മുഴുക്കെ മനസ്സിലാക്കണമെങ്കിൽ പ്രത്യേകം ഒരു ഗ്രന്ഥംതന്നെ എഴുതേണ്ടിവരും. സസ്യശാസ്ത്രം ജീവശാസ്ത്രത്തിന്റെ ഒരു പ്രധാനഭാഗമാകുന്നു. ആ ശാസ്ത്രത്തെ മുഴുക്കെ സംഗ്രഹിക്കാൻ ഉദ്യമിക്കുന്നതു സാഹസമാണ്. ഉൽഭിദങ്ങളും ജന്തുക്കളും തമ്മിലുള്ള കൂട്ടുകെട്ടിനെപ്പററി മാത്രം ഇവിടെ അല്പം പ്രസ്താവിക്കാം.

ജന്തുക്കളെപ്പോലെയല്ല ഉൽഭിദങ്ങൾ ആഹാരം ഗ്രഹിക്കുന്നതു്. ജന്തുക്കൾ മുഖത്തിൽകൂടി ചെലുത്തുന്ന ആഹാരം വൃക്ഷങ്ങൾ പാദങ്ങളിൽ അതായതു വേരുകളിൽ കൂടിയാണ് സ്വീകരിക്കുന്നതു്. തറയിൽനിന്നു നീരും നീറുകളും (Salts) അവ ഭക്ഷിക്കുന്നു; വായുവിൽനിന്നു ഇലകളിൽകൂടി ഇംഗാലാമ്ലം ഉണ്ണുന്നു. ഈ ലഘുപദാൎത്ഥങ്ങളെ സൂൎയ്യരശ്മിയുടെ സഹായത്താൽ പാകപ്പെടുത്തി പ്രതനങ്ങളും (protieds) പഞ്ചസാരയും (sugar) പശയു(starch)മാക്കി വൃക്ഷങ്ങൾ ഭക്ഷിക്കുന്നു. ഉൽഭിദങ്ങൾതന്നെയാണ് സാക്ഷാൽ യോഗീശ്വരന്മാർ. എന്തെന്നാൽ അവ ഇരപ്പിടത്തിൽനിന്നു മാറാതെ ചലനസുഖത്തെ അനുഭവിക്കുന്നു; സിരാബന്ധങ്ങളും തലച്ചോറുംകൂടാതെ സുഖാസുഖങ്ങളെ അറിയുന്നു; വായുഭക്ഷണം കഴിച്ചുജീവിക്കുന്നു; ജീവിതക്ലേശമറിയാതെ കാലംകഴിക്കുന്നു; പ്രാണവേദനകൂടാതെ കാലത്തെ ത്യജിക്കുന്നു.

നിരീഹരായി, നിത്യതൃപ്തരായി, ആത്മാരാമരായിരിക്കുന്ന ഇവയ്ക്കു ഇതരസഹായം അനാവശ്യവും അനപേക്ഷിതവുമാണല്ലോ എന്നു നിങ്ങൾക്കുതോന്നിയേക്കാം. ശരി; നമുക്കു വെളിമ്പറമ്പുകളിൽ ഒന്നിറങ്ങി നടക്കാം. കാവുകളിലായാലും തരക്കേടില്ല. അവിടെ മരങ്ങളും കുററിച്ചെടികളും വള്ളികളും വളരുന്ന കോലാഹലംനോക്കുക. എന്തു ബഹളമാണ് നാം അവിടെ കാണുന്നത്! ഓരോന്നും അതിനതിനുവേണ്ടുന്ന വളം സമ്പാദിക്കുന്നതിനും സൂൎയ്യരശ്മി കിട്ടുന്നതിനും ഉന്തിയും തള്ളിയും പററിപ്പിടിച്ചുകയറിയും ചെയ്യുന്ന സാഹസം കാണേണ്ടുന്ന കാൎയ്യമാണ്.

വനഭൂമികളിൽ ഈ മത്സരം കുറെക്കൂടി വർദ്ധിച്ചുകാണാം. ഈ പോരാട്ടത്തിൽനിന്നു പിഴയ്ക്കാനുള്ള ഉപായങ്ങൾ പലതുമുണ്ടു്. പ്രകൃതിമാതാവു ഉപദേശിച്ചുകൊടുത്തിട്ടുള്ള തന്ത്രങ്ങളിൽ ചിലതെങ്കിലും നമുക്കു കണ്ടു മനസ്സിലാക്കാം.

ഒന്നാമതു ഇലകളുടെ ആകൃതിഭേദം നോക്കുക. പുല്ലുകൾക്കു വീതി കുറഞ്ഞു നീണ്ട വാളുപോലുള്ള ഇലകളാണുള്ളതു്; ചില ചെടികളിൽ ഒരിലയിൽതന്നെ പല പിരിവുകൾ കാണാം; മററു ചില ചെടികളുടെ ഇലയുടെ തുമ്പുകൾ ചെരവനാക്കുപോലെ മുനച്ചിരിക്കുന്നു; ഈ വ്യത്യാസങ്ങൾ വായു ഗ്രസിക്കാനുള്ള കൌശലങ്ങളാണു്. ചില വൃക്ഷങ്ങളിൽ ആദ്യമുണ്ടാകുന്ന ഇലകൾ കവരിച്ചിരിക്കുമെങ്കിലും, മുററുമ്പോൾ ഒററയായിരിക്കും. പ്ലാവു, ആഞ്ഞിലിമുതലായവയിൻ ദൃഷ്ടാന്തം കാണുക. വൃക്ഷത്തിനു കിളരുന്തോറും കാററും വെളിച്ചവും കിട്ടാൻ സൌകര്യമുള്ളതുകൊണ്ടു ഇലകൾക്കു കവരിപ്പുവേണമെന്നു വരുന്നു. വെള്ളത്തിൽ കിടക്കുന്ന പായലുകൾ നോക്കുക. വെള്ളത്തിന്നടിയിൽ കിടക്കുമ്പോൾ ഇല നാരുപോലിരിക്കും; മീതെവരുമ്പോൾ വിരിഞ്ഞുവരും.

കാററും വെളിച്ചവും നേടാൻ മറെറാരുപായം അന്യവൃക്ഷങ്ങളിൽ പററിക്കയറുന്നതാകുന്നു. കൊടികൾ മുതലായ വള്ളിച്ചെടികൾ ഇങ്ങനെയാണുപജീവിക്കുന്നതു്. ഈ സമ്പ്രദായം മുഴുത്തു ചിലപ്പോൾ ഈ വക ചെടികൾ പരാന്നഭോജികളായിത്തീർന്നു തറയിൽനിന്നു സ്വയം ആഹാരസമ്പാദനം തീരെ വെടിയുന്നു. ഇത്തിൾ (ഇത്തിക്കണ്ണി) ഉത്തമോദാഹരണമാണു്. മഞ്ചാടിയും പലപ്പോഴും മററുവൃക്ഷങ്ങളിൽ വളർന്നുവരാറുണ്ടു്. പക്ഷികൾ വൃക്ഷങ്ങളുടെ പോടു(കോടരം)കളിൽ വിത്തു കൊണ്ടുവന്നിട്ടു്, അവിടെ അവ മുളച്ചു വേരൂന്നി മരമാകുന്നു.

വൃക്ഷങ്ങളും ചെടികളും ഭൂമിയിൽനിന്നും വായുവിൽനിന്നുമാണു സാധാരണ വളം സമ്പാദിക്കുന്നതു്. എന്നാൽ ജന്തുക്കളെക്കൊണ്ടു് ഉപജീവിക്കുന്നവയുമുണ്ടു്. പ്രാണിഭക്ഷണങ്ങളായ ചെടികളിൽ കോളാമ്പിച്ചെടി (Pitcher plant) സൂര്യതുഷാരം (Sundew) എന്നുള്ളവ അധികം നമ്മുടെ നാട്ടിൽ കണ്ടിട്ടില്ല. അവയുടെ ലാവണ്യം കണ്ടു ഭ്രമിച്ചു തേൻ നുകരാൻ വന്നുപററുന്ന ഈച്ചകളെ പൊടുന്നനെ ഊറിവരുന്ന പശയുള്ള ഒരുവക ദ്രവം ഒട്ടിപ്പിടിപ്പിക്കുന്നു. ആ പ്രാണികൾ അകപ്പെട്ടുകഴിയുമ്പോൾ തൊട്ടാവാടിപോലെ ഇല ചുരുങ്ങി പ്രാണിയെ കൊന്നു ഭക്ഷിക്കുന്നു. ഘാതകന്മാരായ ഈവക ചെടികൾ ശാദ്വലപ്രദേശങ്ങളിലാണു ധാരാളമായി ഉണ്ടാകുന്നതു്. പ്രാണിഭക്ഷങ്ങളായ ചെടികൾ വായുഭക്ഷകകളേക്കാൾ തഴച്ചു വളരുകയും ധാരാളം വിത്തു വഹിക്കയും ചെയ്യുമെന്നു പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണു്.

കൊണ്ടതിനാൽ മാത്രമല്ല ചെടികളും പ്രാണികളും തമ്മിൽ ചേരുന്നതു്. മൎയ്യാദയുള്ള കൂട്ടുകെട്ടുമുണ്ടു്. ഒരു ശതാബ്ദത്തിനു മുമ്പു ജൎമ്മനിയിൽ സ്പ്രെംഗൽ (Courad Sprengel) എന്നൊരു സസ്യശാസ്ത്രജ്ഞനുണ്ടായിരുന്നു. നാട്ടിൻപുറങ്ങളിൽ അദ്ദേഹം സവാരിനടക്കുമ്പോൾ ഈച്ചകളും വണ്ടുകളും പുഷ്പങ്ങളിൽ വന്നിരുന്നു തേൻകുടിക്കുന്നതു നോക്കിനില്ക്കുക പതിവായിരുന്നു. പുഷ്പരസത്തെ അപഹരിക്കുന്ന ഈ പുള്ളികൾ പുഷ്പങ്ങൾക്കു് എന്തെങ്കിലും ഉപകാരം ചെയ്യുന്നുണ്ടോ എന്നായിരുന്നു ഈ ശാസ്ത്രജ്ഞന്റെ നോട്ടം. ഉണ്ടെന്നു് അദ്ദേഹം ക്ഷണത്തിൽ മനസ്സിലാക്കി. മററുള്ള ശാസ്ത്രിമാർ ആ അഭിപ്രായം സ്വീകരിച്ചില്ല. ഡാൎവ്വിൻ (Darwin) എന്ന പ്രസിദ്ധശാസ്ത്രജ്ഞൻ സ്പ്രെംഗലിന്റെ അഭിപ്രായത്തിന്റെ യാഥാൎത്ഥ്യം വെളിപ്പെടുത്തിയതിനുമേൽ മാത്രമാണു് മററുള്ളവൎക്കു സത്യം മനസ്സിലായതു്. ചെടികളുടെ അണ്ഡകോശികകൾ (Ovules), അതായതു ഗൎഭപാത്രത്തിൽകിടക്കുന്ന ബീജാണ്ഡങ്ങൾ, വിത്തുകളായി തീരണമെങ്കിൽ, പുഷ്പങ്ങളുടെ അല്ലികളിലുള്ള പൂമ്പൊടി കൂടി വേണം. ശുക്ലശോണിതങ്ങളുടെ സമ്പൎക്കമുണ്ടാകാതെ ജന്തുക്കളിൽ സന്താനോൽപാദനമുണ്ടാകുന്നില്ല; അതുപോലെ ചെടികളുടെ ഗൎഭാശയത്തിൽ പുഷ്പരാഗം (Pollen) ചേൎന്നില്ലാതെ വിത്തുണ്ടാകയില്ല. പരാഗവാഹകന്മാരാണു തേനീച്ചകളും വണ്ടുകളും. തേൻനുകരാൻ അവ പൂക്കളിലണയുമ്പോൾ പരാഗത്തെക്കൂടി ഗ്രഹിക്കുന്നു. പൃഷ്ഠഭാഗത്തുള്ള സഞ്ചികളിൽ ഭാണ്ഡം കെട്ടി കൂടുകളിൽ കൊണ്ടുപോകുമ്പോൾ ദേഹത്തു പററിയിരിക്കുന്ന പരാഗലേശങ്ങളെ പൂക്കളിൽ തേൻനുകരുമ്പോൾ കുടഞ്ഞിടുന്നു. അതു നാളംവഴി അണ്ഡകോശത്തിൽ കടന്നു വിത്തുകളുണ്ടാകുന്നു. ചെടികളുടെ ദാമ്പത്യത്തിനും സന്താനോല്പാദനത്തിനും ഇപ്രകാരം മക്ഷികകൾ ഇണക്കാരായി തീരുന്നു. ഈ ധൎമ്മകൃത്യം ചെയ്യുന്നതു് അവ അറിയുന്നുണ്ടോ? ഇല്ലയോ? ഏതായാലും പ്രകൃതിമാതാവിന്റെ ആജ്ഞയെ പരിഷ്കാരംകൊണ്ടു വഷളാക്കാതെ ഇന്നും അവ നടത്തിവരുന്നുണ്ടു്.

ജന്തുക്കളും ചെടികളും തമ്മിലുള്ള പരസ്പരസഹായം ഇത്രയുംകൊണ്ടു അവസാനിച്ചില്ല. സന്താനമുണ്ടായാൽ മതിയോ? വിത്തു മുളച്ചു പിന്നെയും തലമുറകളുണ്ടായി നില്ക്കണമല്ലോ. അതിനുംവേണം ചെടികൾക്കു ജന്തുക്കളുടെ സഹായം. ചില വിത്തുകൾ കാററത്തു പറന്നു പലേടിക്കിലും വീണു മുളക്കുന്നുണ്ടു്. അപ്പൂപ്പൻതാടി പറന്നുവരുന്നതു പിടിക്കാൻ കുട്ടികൾ ഓടാറില്ലേ! അതു വാസ്തവത്തിൽ ചിറകുകെട്ടിയ വിത്താണു്. വാളൻകായുടെ വിത്തുകൾ കാററത്തു പറന്നുവരുന്നതും നാം ധാരാളം കണ്ടിട്ടുള്ളതാണു്. ഘനമുള്ള വിത്തുകളെ പറത്താൻ കാററിനു സാധിക്കയില്ല. ജന്തുക്കളും പക്ഷികളും വേണം അവയെ കൊണ്ടുപോകാൻ. ചക്കയും മാങ്ങയും പഴുത്തുകഴിയുമ്പോൾ കാക്കയും പക്ഷികളും

കൊത്തി മധുരമായ ഭാഗം തിന്നിട്ടു കുരു പല ദിക്കിലും കൊണ്ടുപോയി വിതറുന്നു. അവിടവിടെ അവ മുളച്ചുവരുന്നു. ആളും കയറാക്കാട്ടുകളിൽ പ്ലാവുകളും മാവുകളും നാട്ടുവൃക്ഷങ്ങളും വളർന്നുവരുന്നതു് ഇപ്രകാരമാണ്. മധുരഫലങ്ങളെ തിന്നു കുരുവിതറ്റുവാൻ വവ്വാലുകൾക്കു നല്ല വിരുതുണ്ട്. രാത്രിഞ്ചരന്മാരായതുകൊണ്ടു് അധികം അവയുടെ മോഷണം കാണുകയുമില്ല. കുരങ്ങുകൾ ചെയ്യുന്ന ഉപദ്രവത്തിനു ചെടികൾക്കു ഇത്രമാത്രമെങ്കിലും ഒരു ഗുണം കിട്ടുന്നുണ്ട്. മനുഷ്യസഹായം കൂടാതെ ഉൽഭിദങ്ങൾ ബഹുതലമുറകളായി വനാന്തരങ്ങളിൽ വളർന്നു ജീവിക്കുന്നതു ഇപ്രകാരമത്രെ.

വളർച്ചയുള്ളതിനെല്ലാം ക്ഷയവുമുണ്ട്. സന്താനോല്പാദനംകൊണ്ടു ക്ഷീണിച്ചു ഇലകൾ കരുകി, വാടി, പൊഴിഞ്ഞു വാർദ്ധക്യംകൊണ്ടു വൃക്ഷങ്ങൾ ഉണങ്ങി നശിക്കുന്നു. എന്നിട്ടും അവയ്ക്കുള്ള ജന്മശക്തി നിലയ്ക്കുന്നില്ല. അത്ഭുതമല്ലേ? പിഴുതുവീണ മരം ക്രമേണ ദ്രവിച്ചു മണ്ണിനോടു ചേർന്നു വളമാകുന്നു. ദ്രവിച്ച അംശങ്ങളെ ചിതലും പുഴുക്കളും തിന്നു കുഴമ്പാക്കി വളഭൂമികളുണ്ടാകുന്നു. വീണ വൃക്ഷങ്ങളിൽ കുമിളുകൾ മുളച്ചു വളരുന്നു. വൃക്ഷങ്ങളുടെ മൃതശരീരത്തിന്മേൽ പിന്നെയും ഉൽഭിദങ്ങൾ കരുത്തുവരുന്നു. അവ നിന്നിരുന്നേടം പിന്നെയും സസ്യസമൃദ്ധമാകുന്നു! അഹോ! ജീവൻ അനാദിയാണെന്നും അനശ്വരമാണെന്നും ജഡങ്ങളായ ഉൽഭിദങ്ങൾപോലും നമ്മെ പഠിപ്പിക്കുന്നു!

“പുനരപിജനനം പുനരപിമരണം” എന്നിങ്ങനെ അനന്തമായ സംസാരചക്രത്തിരിപ്പിൽ ജീവജാലത്തെ കുടുക്കിയിട്ടും, പരസ്പരസ്പർദ്ധികളാണെങ്കിലും സൌഹാർദ്ദമില്ലാതെ ഉപജീവിക്കാൻ നിർവ്വാഹമില്ലാത്തവിധം ജീവിതരഹസ്യത്തെ കാലയവനികകൊണ്ടു സൂക്ഷ്മാച്ഛാദനം ചെയ്തും, പലവിധമായ മായാവിലാസങ്ങളെക്കൊണ്ടു സ്വസന്താനങ്ങളെ വശീകരിച്ചും, വശംവദരാകാത്തവരെ നിർദ്ദാക്ഷിണ്യം കഠിനമായി ശിക്ഷിച്ചും ലോകത്തെ അവന്ധ്യമായി ഭരിക്കുന്ന അല്ലയോ പ്രകൃതിമാതാവേ! നിങ്ങൾക്കു സാഷ്ടാംഗം നമസ്കാരം! ഭവതിയുടെ വിശ്വരൂപം കാണാനുള്ള പുണ്യം ആർക്കുണ്ട്? നിങ്ങളുടെ വിഭൂതികളുടെ ഒരു കോണുപോലും കാണാൻ ഭാഗ്യമുള്ള മനുഷ്യൻ ദേവാംശഭൂതനെന്നുള്ള അഹങ്കാരത്തിൽ ഞെളിഞ്ഞു കാട്ടിക്കൂട്ടുന്ന ഗോഷ്ടികളെ കുസൃതികളായി ഗണിക്കാനുള്ള ദാക്ഷിണ്യവും വൈഭവവും നിങ്ങൾക്കുള്ളതു നിമിത്തമത്രേ ലോകം നടക്കുന്നത്. എന്നൊരിക്കൽ നിങ്ങളുടെ നയത്തിനു ചാഞ്ചല്യം വരുന്നോ, അന്നത്രെ മഹാപ്രളയം. ഈ തത്വം ഗ്രഹിക്കുന്നതു് അത്ര എളുപ്പമല്ല. പ്രകൃതിനീതിയുടെ അധൃഷ്യത ഒരു വേറെ തന്നെയാണ്. തത്വജ്ഞാനികൾ പ്രകൃതിപഠനത്തെയാണ് ആഗ്രഹിക്കുന്നതു്; പ്രകൃതിസായുജ്യം നേടാനാണ് അവരുടെ തപസ്സും. അല്ലയോ വായനക്കാരെ! പ്രകൃതിജ്ഞാനസമ്പാദനത്തിൽ അല്പമെങ്കിലും നിങ്ങൾക്കു മോഹം ജനിപ്പിക്കാൻ ഈ ചെറിയ ഉപന്യാസങ്ങൾ ഉതകുകയില്ലയോ?

# സാഹിത്യാദ്ധ്യാപനം

## തുടർച്ച.

(സി. ഗോവിന്ദൻകർത്താവ്.)

ഏതു പാഠവും ഫലപ്രദമാവുന്നതിനു വിദ്യാർത്ഥികളിൽ രസം ജനിപ്പിക്കുക ആവശ്യമാണല്ലൊ. രസാത്മകങ്ങളായ വാക്യങ്ങളുടെ അദ്ധ്യാപനത്തിൽ—സാഹിത്യാദ്ധ്യാപനത്തിൽ—രസവിച്ഛിത്തിവരാതെ സൂക്ഷിക്കുക ഏററു അത്യാവശ്യമാകുന്നു. (1) വായന (2) വ്യാഖ്യാനം. (3) അദ്ധ്യാപകമനോധർമ്മം. (4) ഉചിതപ്രയോഗം. (5) വിഷയസ്വഭാവം എന്നീ പഞ്ചാംഗങ്ങൾ സാഹിത്യപാഠങ്ങളിൽ രസാനുഭൂതിക്കു സഹായിക്കുന്നവയാണ്.

1. വായന:—അക്ഷരം കൂടിച്ചേർന്നു വാക്കുകളും, അവ കൂടിച്ചേർന്നു വാക്യങ്ങളും എന്ന മുറക്കു തെറ്റുകൂടാതെ വായിക്കുന്നതു രസകരമായ വായനയല്ല. വാക്യങ്ങളെ നിറുത്തിയും ആരോഹാവരോഹക്രമത്തിനും, നിരർത്ഥമായി വെട്ടിമുറിക്കാതെയും ഉച്ചാരണസ്ഫുടതയോടും, പദ്യങ്ങളെ യതിഭംഗംകൂടാതെ വൃത്തമൊപ്പിച്ചും കഴിയുമെങ്കിൽ ഉചിതരാഗത്തിലും, സന്ദർഭോചിതമായി സ്വരഭേദം വരുത്തിയും വായിക്കേണ്ടതാകുന്നു. മാതൃകാവായനകൊണ്ടു മാത്രം സാമാന്യമായ അർത്ഥബോധമുണ്ടാക്കാൻ കഴിയണം. ശബ്ദസൗഷ്ഠവംകൊണ്ടു മനസ്സു രമിക്കാൻ ഇടയാകണം. ഈ ഗുണങ്ങളിൽ ഏതിന്റെയെങ്കിലും കുറവു സാഹിത്യപാഠങ്ങൾക്കു ഒരു 'കുറവ്'തന്നെയാകുന്നു. "കാണാഞ്ഞുകോപിച്ചു പല്ലുതന്നെ പറി—ച്ചേണാങ്കബിംബം കണക്കെപ്പിടിച്ചവൻ." എന്ന കിളിപ്പാട്ടു രാമായണം പതിവായി പാരായണംചെയ്യാറുള്ള ഒരു ഭക്തൻ വായിച്ചപ്പോൾ അടിയിൽ വരയിട്ട ആദ്യപദം വായിച്ചു നിറുത്തി രാഗം ആലാപിപ്പാൻ മതിയാകയും തത്സമയം വായന കേൾക്കാൻ തയാറായി നാലുകെട്ടിൽ ഇരുന്നു എത്തിനോക്കിയ സ്ത്രീകളെ ഭർത്സിച്ചു ഓടിക്കയും ചെയ്തതായി ഒരു കഥ കേട്ടിട്ടുണ്ട്. "തെക്കേതലയ്ക്കലേതിത്താരിപ്പൂക്കളെ." തെക്കേതലയ്ക്കലെ "തുത്താരിപ്പൂക്ക"ളാക്കിയ നാട്ടെഴുത്താശാനെപ്പോലെ അർത്ഥം പറയാനുംകൂടി ഭാവമുള്ള ഇവരുടെ കഥയും വിസ്മരിക്കുന്നില്ല. ഭാഷാപദ്യങ്ങൾ സംസ്കൃതദ്രാവിഡവൃത്തങ്ങളിൽ നിബന്ധിതങ്ങളാണ്. ദ്രാവിഡകുടുംബജയായ കൈരളിയെ ദ്രാവിഡവൃത്തഭൂഷണം ചാർത്തി ആരാധിക്കുക ഔചിത്യവുമാകുന്നു. എന്നാൽ അതിനായി ഒരുങ്ങുന്നവർ ഒരു കാര്യത്തിൽ നല്ലപോലെ മനസ്സിരുത്തേണ്ടതുണ്ട്. ദ്രാവിഡവൃത്തഗീതങ്ങൾ സംഗീതകലയുടെ പ്രകാശം പ്രതിഫലിച്ചു ശോഭിക്കേണ്ടവയാകുന്നു. കേക, മഞ്ജരി ഇത്യാദിവൃത്തങ്ങളിൽ പലതരത്തിലുള്ള പാട്ടുകൾ പാട്ടപെട്ട ചമ

ക്കുന്നവർ അവ ചൊല്ലാനറിയാതെ കുഴങ്ങുകയാണെങ്കിൽ അതിൽപരം കഷ്ടം മറെറാന്നുമില്ലല്ലോ. മലയാളം മിഡിൽസ്കൂളിലെ പഠിത്തം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ പലക്കും എഴുത്തച്ഛന്റെ കിളിപ്പാട്ടുകളും കുഞ്ചൻനമ്പ്യാരുടെ തുള്ളൽപാട്ടുകളും ചെറുശ്ശേരിയുടെ കൃഷ്ണപ്പാട്ടും വായിക്കാനറിഞ്ഞുകൂടെന്നു വരുന്നതു് അവരെ പഠിപ്പിച്ചുവിടുന്ന അദ്ധ്യാപകന്മാരുടെ ഒരു മഹാപരാധമായിട്ടു സാമാന്യലോകം ഗണിക്കും.

2. വ്യാഖ്യാനം:—വ്യാഖ്യാനിക്കുന്നതിനു മുൻപു സന്ദർഭത്തെക്കുറിച്ചുള്ള ബോധം ശരിയായുണ്ടാക്കിയിരിക്കണം. അലങ്കാരപ്രയോഗങ്ങളുടെ സ്വാരസ്യം സന്ദർഭബോധം വരാതെ ധരിക്കാൻ നിവൃത്തിയില്ല.

"തൽപ്രണയിനിമാർക്കുള്ളാഭരണങ്ങൾപോലെ
വിപ്രാദിപ്രജകൾക്കും ഭൂമിക്കും ദേവകൾക്കും
അല്പമായ്ചമഞ്ഞിതു സന്താപം ദിനന്തോറും."

ഈ ഉപമയുടെ സ്വാരസ്യം മനസ്സിലാകണമെങ്കിൽ കൌസല്യാദിഭാര്യമാരുടെ ഗർഭം വളരുന്ന ക്രമത്തിനു തൽഭാരക്ലേശത്താൽ ആഭരണം അവർ അഴിച്ചുവെച്ചു സ്വാഭാവികസംഗതി വേണ്ടപോലെ ധരിപ്പിക്കണം. ഗർഭം പൂർണ്ണമാകുന്തോറും ഗർഭഗനായ ഭഗവാന്റെ അവതാരം അടുത്തുവരുന്നതുകൊണ്ടു ശത്രുബാധയിൽനിന്നു മോചനം ലഭിക്കാനുള്ള കാലം സമീപിച്ചു വരുന്നതിനെ സ്മരിക്കുന്ന ദേവന്മാരുടെയും മററും സന്താപത്തിനും കുറവുണ്ടാവാൻ ന്യായമുണ്ടല്ലോ. സന്ദർഭബോധം മാത്രമല്ല പദപ്രയോഗചാതുര്യവും വിശേഷണപദങ്ങളുടെ ഔചിത്യവും അലങ്കാരഭംഗിയും സാഹിത്യപാഠങ്ങളെ വ്യാഖ്യാനിക്കുമ്പോൾ സർവ്വോപരി ദീക്ഷിക്കേണ്ടതാകുന്നു. പദപ്രയോഗചാതുര്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ ഒരു സംഗതി വിസ്മരിക്കാവുന്നതല്ല. അതു് രണ്ടു പദങ്ങൾക്കു സർവ്വഥാ അർത്ഥംകൊണ്ടു തുല്യതയില്ലെന്നുള്ളതാകുന്നു. തുല്യാർത്ഥത്തിൽ രണ്ടു പദങ്ങൾ ഉണ്ടാകേണ്ട ആവശ്യമുണ്ടോ? പര്യായപദങ്ങൾ വൈചിത്ര്യത്തിനു വേണ്ടി മാത്രം പ്രയോഗിക്കാനുള്ളവയല്ലെന്നും സന്ദർഭാനുഗുണം പ്രയോഗിക്കുന്ന പര്യായപദങ്ങൾക്കു ഒരു പ്രത്യേകവിലയുണ്ടെന്നും ആണു് ഭാഷാമർമ്മജ്ഞന്മാരുടെ അഭിപ്രായം. ഗദ്യപദ്യങ്ങളെ പരാവർത്തനം ചെയ്യുമ്പോൾ ചില പദങ്ങൾ മാററിക്കൂടാവുന്നതല്ല. കാളിദാസമഹാകവിയുടെ രഘുവംശത്തിലെ ഒരു പദം മാററാൻ ശ്രമിച്ചിട്ടു ശ്ലോകം മുഴുവൻ മാറെറണ്ടിവന്നുപോയ കഥ പ്രസിദ്ധമല്ലേ? നമ്പ്യാരുടെ "കളഭം കലക്കിയ" കുളവും ഉണ്ണായിയുടെ "കരികലക്കിയ കുളവും" ഒന്നുതന്നെയാണെങ്കിലും കളഭവും കരിയും കലക്കിയ കുളത്തെക്കുറിച്ചുണ്ടാകുന്ന പ്രതീതിക്കു എത്രമാത്രം വ്യത്യാസമുണ്ടെന്നു നോക്കുക. 'കളഭ'വും 'കരി'യും ആനയുടെ പര്യായമായതുകൊണ്ടു് ആന കലക്കിയ കുളത്തിനു രണ്ടു വ്

ശേഷണമാവും ചേക്കാമെങ്കിലും ധാരണയിൽ വലുതായ വ്യത്യാസമാണല്ലോ വന്നുചേരുന്നതു്.

"പട്ടാളക്കാരതിപരുഷരായങ്ങുമിങ്ങും നിതാന്തം
മുട്ടാളന്മാർ മതിമുഖികളെ മുക്കിൽമുട്ടുന്നകണ്ടാൽ
തട്ടാതപ്പോളവമതിയവർക്കായവരേറേടെകണ്ണും
പൊട്ടാനാക്കാം പടിരട, സകൃദ്ധീരമാർജ്ജാരകണ്ഠാ!"

ഈ പദ്യത്തിൽ മയിലിനെ മാർജ്ജാരകണ്ഠശബ്ദംകൊണ്ടു കേരളകാളിദാസൻ അഭിസംബോധനം ചെയ്യുന്നതിന്റെ ഔചിത്യം പര്യാലോചനാമൃതമാണു്. മാർജ്ജാരകണ്ഠന്റെ കണ്ഠത്തിൽനിന്നു പുറപ്പെടുന്ന ശബ്ദം മാർജ്ജാരന്റെ—പൂച്ചയുടെ—ശബ്ദത്തോടു സാമ്യമുള്ളതായിരിക്കണം. പൂച്ച 'ഞ്യാവൊ ഞ്യാവൊ കരവുതും ചെയ്തു' വസിക്കുന്ന ജന്തുവുമാണു്. ഞ്യാവൊ എന്നതിനു ഇങ്ങോ ആവോ എന്നതിനോടു വളരെ അടുപ്പമുണ്ടു്. അതിനാൽ ഇങ്ങോ ആവോ എന്നുള്ള ചോദ്യത്താൽ ദുർവൃത്തന്മാരായ പട്ടാളക്കാരെ ശാസിക്കണമെന്ന വിശേഷാർത്ഥം ദ്യോതിക്കുന്നു. വേറൊരു സംബുദ്ധികൊണ്ടു ഈ അർത്ഥം ധ്വനിക്കുന്നതുമല്ലല്ലോ.

"ശ്രദ്ധാപുരസ്സരമുടൻമുനിപാദതീർത്ഥം
മൂർദ്ധാവിലേറ്റുവിരവോടഥതീർത്ഥപാദൻ."

എന്നതിലെ പാദതീർത്ഥം, മൂർദ്ധാവിലേറ്റു തീർത്ഥപാദനായതുകൊണ്ടു് എത്രമാഹാത്മ്യമുള്ളതായിതീർന്നു. മാറ്റാൻ പാടില്ലാത്ത ഉചിതപദങ്ങളെ വിശേഷണമാക്കിച്ചേർത്തു പരാവർത്തനം ചെയ്തു് അർത്ഥപുഷ്ടിക്കു ഹാനിവരുത്താതെയും കഴിച്ചുകൂട്ടാമെന്നുള്ളതാകുന്നു. സോഡാകുപ്പിയിലെ വെള്ളത്തിൽ ഗ്യാസ് കലർന്നിരിക്കുമ്പോൾമാത്രം അതു സോഡയാണു്. അല്ലാത്തപ്പോൾ വെറും വെള്ളംതന്നെ. ഗദ്യപദ്യങ്ങളിൽ ചമല്ക്കാരം ലയിച്ചിരിക്കുമ്പോൾ അവ സാഹിത്യമാകുന്നു. ഗദ്യപദ്യങ്ങളെ വ്യാഖ്യാനിക്കുമ്പോൾ അവയിൽ ലയിച്ചിരിക്കുന്ന ചമൽക്കാരമാകുന്ന ഗ്യാസ് പൊട്ടിപ്പോകാതെ സൂക്ഷിക്കണം. വ്യാഖ്യാതാവു ഗ്യാസ് കൂട്ടിക്കൊടുക്കുകയാണു ചെയ്യേണ്ടതു്. ആവശ്യം നോക്കാതെ ആശയവിശദീകരണം ചെയ്തു പര്യായവും, നാനാർത്ഥവും, വ്യാകരണപ്രയോഗങ്ങളും ഭേദങ്ങളും ശേഖരിച്ചു പഠനം ചെയ്യാനൊരുങ്ങുന്നെങ്കിൽ അതു സാഹിത്യ പാഠമാവുമെന്നു തോന്നുന്നില്ല. അത്തരം പാഠങ്ങൾക്കു ഭാഷാഘടനാപാഠമെന്നു പക്ഷേ പറയാം. ആശയവിശദീകരണത്തിൽ സാഹിത്യചമൽക്കാരം വിസ്മൃതപ്രായമാകുന്നതുകൊണ്ടു വിദ്യാർത്ഥികൾ നിർജ്ജീവമായ ഏതാനും വാചകങ്ങളെമാത്രം കാണിച്ചുകൊടുത്തു ഉരുവിടാനിടയാകുന്ന അനുഭവങ്ങൾ അടുത്തുകഴിഞ്ഞിട്ടുള്ളവയാണു്. "മാടശന്മാർ പഞ്ചഭൂതമയമായ ശരീരപിണ്ഡത്തെപ്പറ്റി അനാസ്ഥന്മാരാകുന്നു." പഞ്ചഭൂതമയം, ശരീരപിണ്ഡം ഈ രണ്ടു പദങ്ങളുടെ അർത്ഥശക്തിയെ വിഗണിച്ചുള്ള വ്യാഖ്യാനം വിദ്യാർത്ഥി

കളെ ചൈതന്യരഹിതമായ ഭൂതപിണ്ഡങ്ങളാക്കിത്തീൎക്കുന്നതിൽ എന്താണാശ്ചൎയ്യം. ഗദ്യപദ്യങ്ങളിൽ സംഗ്രഹരൂപമായ അൎത്ഥത്തെ വിസ്തരിച്ചു വിശദപ്പെടുത്തുന്നതാണല്ലോ വ്യാഖ്യാനം. അൎത്ഥാലങ്കാരങ്ങളുടെ വിശദീകരണത്തിൽ അലങ്കാരാംശം നീക്കി യഥാൎത്ഥ സംഗതിയുടെ നഗ്നമായ സ്വരൂപം ആദ്യം വിദ്യാൎത്ഥികളെ കാണിക്കണം. അനന്തരം അലങ്കരിപ്പിച്ചു ആ വേഷഭംഗിയെ മനസ്സിരുത്തി നോക്കട്ടെ. അലംകൃതവും അനലംകൃതവുമായ രൂപങ്ങളുടെ സാമ്യവ്യത്യാസനിരീക്ഷണപടുക്കൾക്ക അലംകൃതമായ സ്വരൂപത്തിന്റെ ആസ്വാദ്യത എളുപ്പം ഗ്രാഹ്യമാണു്. കവി വരച്ചു തന്നിട്ടുള്ള ചിത്രത്തെ വിദ്യാൎത്ഥികളുടെ ഹൃദയഭിത്തിയിൽ വരച്ചു കൊടുക്കുക. എന്നാൽ അതു വികൃതമാകരുതു്. ഇതത്രെ അദ്ധ്യാപകൻ വ്യാഖ്യാനിച്ചു സാധിക്കേണ്ടതു്.

ഒന്നാംക്ലാസ്സു മുതൽ പദ്യങ്ങൾ പഠിപ്പിക്കേണ്ടതായിരിക്കുന്നതുകൊണ്ടു് ഓരോ ക്ലാസിലും അവ എത്ര കണ്ടു പ്രയോജനപ്രദമാക്കാമെന്നുകൂടി നാം അറിയണമല്ലോ. ഒന്നും രണ്ടും ക്ലാസുകളിൽ വികാരബീജങ്ങളെ വിതച്ചാൽ മതിയാകും. മുളപ്പിക്കണമെന്നില്ല. അതിനാൽ കഥനത്തിനുള്ള പദ്യങ്ങളെ അവർ തെറ്റുകൂടാതെ പാടാറായാൽ തൃപ്തിപ്പെടണം. പാടുന്ന പദ്യങ്ങളിലെ ശബ്ദഭംഗിയിൽ വിദ്യാൎത്ഥികൾക്കു ലയമുണ്ടാവുകയും വേണം. ഈ ക്ലാസുകളിൽ വ്യാഖ്യാനം ആവശ്യമില്ല! മൂന്നാംക്ലാസിൽ വികാരബീജങ്ങൾ അങ്കുരിക്കണം. അതിന് ഒരുകപ്പാടെയുള്ള കരുത്തുസാരം ഗ്രഹിപ്പിച്ചു പദ്യം പഠിപ്പിക്കേണ്ടതാകുന്നു.

"ഭീമസേനൻ ഗന്ധമാദനാധിത്യകാ
ഭൂമിതന്നിൽ നടന്നൊരക്കം ദശാന്തരേ
ശ്യാമളം നല്ല കദളീമഹാവനം
കോമള ശ്രീപൂൎണ്ണമാശു കണ്ടീടിനാൻ."

ഇതു പുതിയ മൂന്നാംപാഠപുസ്തകത്തിലെ പദ്യപാഠമാണു്. ഉച്ചാരണവിഷമതകളെ അൎത്ഥബോധം വരുത്തി പരിഹരിച്ചതിനുശേഷം ഒരു നല്ല വാഴത്തോട്ടത്തിന്റെ ദൃഷ്ടാന്തംകൊണ്ടു സ്വരൂപജ്ഞാനമുണ്ടാക്കി തുള്ളൽരീതിയിൽ ഭംഗിയായി ചൊല്ലിച്ചാൽ മതിയാകും. നാലാംക്ലാസിൽ വികാരാങ്കുരങ്ങൾ പടൎന്നു തുടങ്ങണം. ഇതിലേക്കു പദങ്ങളുടേയും വാക്യങ്ങളുടേയും അൎത്ഥബോധമുണ്ടാവുക ആവശ്യമാകുന്നു. സാദൃശ്യപ്പെടുത്തുന്നതുകൊണ്ടു പ്രത്യേകമായ പ്രയോജനമെന്തെന്നു നാലാംക്ലാസ്സുകുട്ടികൾ ഗ്രഹിക്കണം. പദ്യങ്ങളെ ഗദ്യരൂപത്തിൽ പറവാൻ പ്രാപ്തിയുണ്ടാകണം. ഗദ്യങ്ങളുടെ അൎത്ഥം വിശദീകരിക്കാനുള്ള പാടവവും നാലാംക്ലാസ്സു മുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനാൽ വ്യാഖ്യാനസമ്പ്രദായം നാലാംക്ലാസിൽ ആരംഭിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു. പുതിയ നാലാംപാഠത്തിലെ

"നെല്ലും പാടങ്ങളിൽക്കൂടി വളഞ്ഞൊഴുകുമാറുകൾ
കേരളോർവ്വിയുടുക്കുന്ന പുടകക്കസവല്ലയൊ."

ഇത്യാദി കല്പനകളുടെ സ്വാരസ്യം നാലാംക്ലാസു വിദ്യാൎത്ഥികൾക്കു അനുഭവവേദ്യമാകുമെന്നു തോന്നുന്നില്ല. അങ്ങിനെയുള്ളവയെ മൂന്നാം ക്ലാസിലെ രീതിയിൽ നയിക്കുന്നതു കൊള്ളാം.

അഞ്ചുമുതൽ മേലോട്ടുള്ള ക്ലാസുകളിൽ സ്വാധികാരങ്ങൾ ശാഖോപശാഖകളായി തഴച്ചുപടരുന്നതിനു പൎയ്യാപ്തമായവിധം വേണ്ട വിശദീകരണങ്ങളോടുകൂടി വ്യാഖ്യാനിച്ചു സാഹിത്യാദ്ധ്യാപനം തുടരേണ്ടതാകുന്നു. ആശയവിശദീകരണത്തിനു ഉദാഹരണങ്ങളെ ഉപകരണമായി സ്വീകരിക്കുക അദ്ധ്യാപനമുറകളിൽ പ്രധാനമാണു്. എന്നാൽ സന്ദൎഭോചിതമല്ലാത്ത ദൃഷ്ടാന്തങ്ങൾ വിപരീതഫലത്തെ ദാനംചെയ്യുന്നതായും കാണാറുണ്ടു്. ഒരുദാഹരണം പറയാം. മദ്യവൎജ്ജനത്തിന്റെ ആവശ്യത്തെക്കുറിച്ചു പ്രസംഗിക്കുന്നൊരദ്ധ്യ പ്രാസംഗികൻ, മദ്യത്തിന്റെ ഹനനശക്തിയെ അനുഭവപ്പെടുത്തുന്നതിനു് ഒരു ദൃഷ്ടാന്തം കാണിച്ചുകൊടുത്തു. ഒരു ഗ്ലാസിൽ കുറെ വെള്ളമെടുത്തു ഭൂതക്കണ്ണാടിയിൽക്കൂടി നോക്കാൻ ശ്രോതാക്കളോടു ആവശ്യപ്പെട്ടു. ആ വെള്ളത്തിൽ അസംഖ്യം ജീവികൾ ഉള്ളതായി അവർ കണ്ടു. അതിനുശേഷം അല്പം മദ്യം ആ വെള്ളത്തിൽ ഒഴിച്ചു കാണിച്ചപ്പോൾ അതിൽ മുൻകണ്ട ജീവരാശികൾ എല്ലാം ചത്തുപോയതായും അവർ കണ്ടറിഞ്ഞു. ഈ പ്രയോഗം നടത്തിക്കാണിച്ച പ്രാസംഗികന്റെ ഉദ്ദേശ്യം മദ്യത്തിനുള്ള ജീവസംഹാരശക്തിയാണെന്നും അതു അകത്തുചെലുത്തിയാൽ നമ്മുടെ ജീവചൈതന്യം നശിക്കുമെന്നും ശ്രോതാക്കൾ ഗ്രഹിച്ചു മദ്യവൎജ്ജനോൽസുകന്മാരായിത്തീരണമെന്നായിരുന്നു. എന്നാൽ വെറും വെള്ളം കുടിക്കരുതു്; മദ്യം ചേൎത്ത വെള്ളം കുടിക്കാവു എന്നാണു പ്രസംഗം കേട്ടവരൊക്കെ ധരിച്ചതു്. അതുകൊണ്ടു ദൃഷ്ടാന്തങ്ങൾ ഉപയോഗിക്കുമ്പോഴെല്ലാം കരുതൽ വേണ്ടതാകുന്നു. വിദ്യാൎത്ഥിമനസ്സിന്റെ പാച്ചിൽ ഏതുവഴിക്കെന്നൂഹിക്കുക. മിക്കവാറും പ്രയാസമായിരിക്കുന്നതുകൊണ്ടു അവരുടെ മുൻപാകെ കൊണ്ടുവരുന്ന പ്രശ്നങ്ങൾ എല്ലാം മുന്നാലോചനാപൂൎവ്വം വേണ്ടതാണു്.

3. മനോധൎമ്മം:—സാഹിത്യപാഠങ്ങളുടെ വിജയം അദ്ധ്യാപകമനോധൎമ്മത്തെ ഏറക്കുറെ ആശ്രയിക്കുന്നുണ്ടു്. കവി മനോധൎമ്മനിഷ്ഠമായ ചമൽക്കാരത്തെയാണു അദ്ധ്യാപകൻ വിദ്യാൎത്ഥികളെ കാണിച്ചുകൊടുക്കേണ്ടതു്. മനോധൎമ്മമില്ലാത്ത അദ്ധ്യാപകനു അതു സാദ്ധ്യമാവുകയില്ല. വജ്രത്തെ മുറിക്കാൻ വജ്രംകൊണ്ടല്ലാതെ കഴികയില്ലല്ലോ. തനിക്കില്ലാത്ത ഗുണം അന്യനിൽ ഉള്ളതു പ്രദൎശിപ്പിക്കുക അത്ര എളുപ്പവുമല്ല.

...Y LIBRARY 22 JUN 1928 MADRAS

"എള്ളുപല്ലാജ്യഭോജ്യാദിസംഭാരങ്ങ-
ളെല്ലാംവഴിപോലെസംഭരിച്ചീടുക."

എന്നതിൽ ഭോജ്യശബ്ദത്തിന്റെ സാമീപ്യത്താൽ സംഭാരം എന്നാൽ ഊണിനുവേണ്ടതായ 'സംഭാരം,—മോര്—എന്നു് അർത്ഥം പറഞ്ഞുകൊടുക്കുന്നതും ഒരുവക മനോധർമ്മംതന്നെയാണു്. ഇമ്മാതിരി സാഹസത്തിനൊരുങ്ങുന്ന മനോധർമ്മത്തെയല്ല ഇവിടെ നിർദ്ദേശിച്ചതു്. കവി സ്വചിത്രത്തെ ഏതുവിധം സ്തോഭജനകമായിരിക്കുന്നു എന്നു കണ്ടെത്താനും അവയെ വിദ്യാർത്ഥികളിൽ പകർത്തിഎടുക്കാനുമുള്ള ഉചിതബുദ്ധിയാണു് അദ്ധ്യാപകനു് ആവശ്യം.

"കവിതാരസമാധുര്യം
വ്യാഖ്യാതാ വേത്തി നോ കവിഃ"

എന്ന പദ്യഖണ്ഡം വ്യാഖ്യാതാവു കവിയെക്കാൾ സമർത്ഥനായിരിക്കണമെന്നു തെളിയിക്കുന്നുമുണ്ടല്ലോ.

4. ഫലിതം:—കാവ്യത്തെ രസപ്രദമാക്കുന്നതിനു കവികൾക്കുള്ള പ്രധാനോപകരണമാണു ഫലിതം. കുഞ്ചൻനമ്പ്യാരുടെ കവിതകളിൽ ഫലിതപ്രയോഗസാരള്യം തെളിഞ്ഞു വിളങ്ങിക്കാണാം. ഈ ഗുണം സരസ്വതീപ്രസാദംകൊണ്ടുണ്ടാവേണ്ടതാണു്. കാംക്ഷിച്ചാൽ കിട്ടുന്നതല്ല. കവിയും പ്രാസംഗികനും ഫലിതംകൊണ്ടു വിജയിക്കുന്നു. കവിത്വവും വാഗ്മിത്വവുംകൊണ്ടു വിജയിയാവേണ്ട അദ്ധ്യാപകൻ ഫലിതം പറഞ്ഞു ഫലിപ്പിക്കുവാൻ തക്ക പ്രഗത്ഭതയുള്ള ആളായിരുന്നാൽ സാഹിത്യാദ്ധ്യാപനവിജയം അദ്ദേഹത്തിനു കരഗതമാകുന്നു.

5. വിഷയസ്വഭാവം:—സാഹിത്യം വിഷയസ്വഭാവാനുഗുണം ആസ്വാദ്യമൊ അനാസ്വാദ്യമൊ ആയിത്തീരുന്നു. കർക്കശമായ വിഷയങ്ങൾ സാഹിത്യചമൽകൃതിക്കു അനുകൂലങ്ങളല്ല. "പ്രകൃതിയുടെ പ്രതിഫലനം കാവ്യം." എന്ന അഭിപ്രായപ്രകാരം നോക്കുമ്പോൾ പ്രകൃത്യവസ്ഥാസ്വരൂപമാണു കാവ്യത്തിനു പററിയ വിഷയമെന്നുവരുന്നുണ്ടു്. ആകൃതി, പ്രകൃതി (സ്വഭാവം), കാലങ്ങൾ, സ്ഥലങ്ങൾ മുതലായവയുടെ വർണ്ണനകൾ പഠിപ്പിക്കുമ്പോൾ ഇതരകവികളുടെ ഏതദ്വിഷയവർണ്ണനകൾക്കൂടി കാണിച്ചു സാദൃശ്യപ്പെടുത്തി പഠിപ്പിക്കുന്നതു നന്നായിരിക്കും. അദ്ധ്യാപകന്മാർ പതിവായി ഗ്രന്ഥപരിശ്രമം ചെയ്യുന്നവരാണെങ്കിലേ ഇതു സാധിക്കു.

ആകാംക്ഷാരീതിയെന്നും, ആശയവിശദീകരണരീതിയെന്നും രണ്ടു രീതികളിൽ പദ്യം പഠിപ്പിച്ചുവരുന്നുണ്ടു്. ഇതിൽ ഒന്നാമത്തേതു പഴകിപ്പോയതും രണ്ടാമത്തേതു നവീനത്വംകൊണ്ടു കൂടുതൽ കാര്യക്ഷമവും ആണെന്നു് ഒരു അഭിപ്രായമുള്ളതിനെ വിസ്മരിക്കുന്നില്ല. ആകാംക്ഷാരീതി സംസ്കൃതത്തിൽനിന്നും ആശയവിശദീകരണരീതിയെന്ന പുതിയ രീ

തി ഇംഗ്ലീഷിൽനിന്നും, ഭാഷാദ്ധ്യാപനത്തിൽ കടന്നുകൂടിയെന്നാണു തോന്നുന്നതു്! ഇതിൽ ഒന്നു തീരെ വജ്ജ്യമെന്നോ ഇതരം സവ്വഥാ സ്വീകാൎയ്യമെന്നോ പറയാമെന്നും തോന്നുന്നില്ല. സംസ്കൃതവിഭക്ത്യന്തപദങ്ങളെ പ്രയോഗിച്ചും, വിശേഷണം വിശേഷ്യത്തിനടുത്തുമുമ്പു് എന്ന ക്രമം വിട്ടും, രചിച്ചിട്ടുള്ള പദ്യങ്ങളെ ആകാംക്ഷാരീതിയിൽ പഠിപ്പിക്കുന്നതു് ഉത്തമമാകുന്നു.

"തൽക്ഷണമക്കോപ്പുറിഞ്ഞുപത്നീമുഖാ-
മക്ഷീണവാസനാംവിദ്യാസ്വതാംസ്വതാം
ശിക്ഷയിഷ്യൻപിതാനന്മൂഹൂത്തത്തിങ്ക-
ലക്ഷരാഭ്യാസമദ്ധ്യാണമിൽത്തുടങ്ങിച്ചു."

സംസ്കൃതവൃത്തനിബന്ധിതമല്ലെങ്കിലും സംസ്കൃതപ്രയോഗബഹുലമായ ഈ പാട്ടു് ആകാംക്ഷാരീതിയിലല്ലാതെ പഠിപ്പിക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. "സിദ്ധരൂപ"ത്തിൻെറ ജ്ഞാനം അശേഷമില്ലാത്ത വിദ്യാൎത്ഥികളെ ഏതാദൃശപദ്യങ്ങൾ പഠിപ്പിക്കാനൊക്കുമോ എന്നതും വാദവിഷയമാകുന്നു. ഭാഷാപ്പദ്യത്തിൽ ഭാൎദ്ധ്യത്തിന് ആകാംക്ഷാരീതി ആവശ്യമാണെന്നു പല സന്ദൎഭങ്ങളിലും തോന്നിയിട്ടുള്ള സംഗതിയും പ്രസ്താവിച്ചുകൊള്ളട്ടെ.

"കാർമുകിലാമയന്ത്ര നീലപ്പടംകൊണ്ടു
തൂമകലൻന്ന വിതാനിച്ചെങ്ങും.
ആക്കമിയന്ന വലാകകളാകിന
പൂക്കലമേളത്തിൽ തൂക്കിവച്ചോരു
ശോഭകലൎന്നോരു തൂമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തിമേന്മേൽ
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരം മുഴങ്ങിച്ചു വന്നു പിന്നെ."

ഇത്യാദി വൎണ്ണനകൾക്കു ആശയവിശദീകരരീതിയാണു പററിയതു്. ആകാംക്ഷാരീതിയുടെ അപേക്ഷ ഇവിടെ ആവശ്യമില്ല. വൎഷകാലസംഭവങ്ങളെ വിശദപ്പെടുത്തി അലങ്കാരഭംഗി വെളിവാക്കുക അത്യാവശ്യവുമാകുന്നു.

സാഹിത്യാദ്ധ്യാപനോദ്ദേശ്യവും പ്രയോജനവും എന്തെന്നും അതിൻെറ സാദ്ധ്യത്തിനു നാം സ്വീകരിക്കേണ്ട അദ്ധ്യാപനരീതിയുടെ സാമാന്യസ്വരൂപമെന്തെന്നും സ്വല്പമായി പ്രസ്താവിക്കപ്പെട്ടു. ഇതിൻെറ ഫലം അദ്ധ്യാപകന്മാർ പ്രയോഗിക്കുന്നതിലാണു ലയിച്ചിരിക്കുന്നതു്.

# നിമ്മാണം *

(കെ. ശങ്കരപ്പിള്ള ബി. എ)

'നിമ്മാണം' എന്ന പ്രമേയത്തെപ്പററി ഒരു പ്രബന്ധം രചിച്ചു കിട്ടണമെന്നു്, സമസ്തകേരളസാഹിത്യപരിഷത്തിൽനിന്നും, എന്നോടാവശ്യപ്പെട്ടിരിക്കുന്ന സ്ഥിതിക്കു്, ഞാൻ അപ്രകാരം അനുഷ്ഠിക്കാതെ വന്നുപോകുന്നതു പരിഷത്തിനോടുള്ള അനാദരലക്ഷ്യമായി ആക്കെങ്കിലും തോന്നിയേക്കുമോ എന്നുള്ള ആ ശങ്കയൊന്നുകൊണ്ടുമാത്രമാണു് ഇപ്പോൾ ഈ പ്രബന്ധനിമ്മാണത്തിനു ഞാൻ ഒരുങ്ങുന്നതു്. അവധാനപൂർവ്വം ചിന്തിക്കുന്നതിനുള്ള സൗകര്യമോ, ഏതാദൃശവിഷയങ്ങളെ അധികരിച്ചുപന്യസിക്കുന്നതിനുള്ള സാമത്ഥ്യമോ ഇല്ലാതെയുള്ള ഞാൻ, പരിഷത്തിന്റെ ആജ്ഞയ്ക്കു വിധേയനായി മാത്രം ഇവിടെ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ അന്തസ്സാരവിഹീനങ്ങളോ, അനുചിതങ്ങളോ, ആയിത്തീരുന്നുവെങ്കിൽ, സഹൃദയന്മാരായ സഭാവാസികൾ സദയം ക്ഷമിപ്പാറാകണമെന്നുള്ള അപേക്ഷയോടുകൂടി എന്റെ 'നിമ്മാണ'കവാടം ഭേദിച്ചു പ്രസംഗിച്ചുകൊള്ളട്ടെ.

നിമ്മാണമെന്നുള്ളതിൽ സാഹിത്യമയി ഗണിക്കത്തക്ക ഗ്രന്ഥങ്ങളുടെ രചനയെപ്പററി മാത്രമേ ഇവിടെ ചിന്തിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നുള്ളു. 'നിമ്മാണ'പദത്തിനു 'സൃഷ്ടി' അതായതു് ഗ്രന്ഥങ്ങളെ സംബന്ധിച്ചാകുമ്പോൾ 'രചന'യെന്നുതന്നെയാണല്ലോ അത്ഥം കല്പിക്കേണ്ടതു. ഏതു പ്രവൃത്തിക്കും ഒരു ലക്ഷ്യം ഉണ്ടായിരിക്കേണ്ടതു് വിജയത്തിനു അത്യാവശ്യമാകുന്നു. ഈ സാമാന്യനിയമത്തിനു ഗ്രന്ഥരചനയാകുന്ന പ്രവൃത്തി ഒരു വ്യത്യസ്തമാകുന്നില്ല. ഒരു നല്ല ഗ്രന്ഥം നിമ്മിക്കുന്ന ആളും, തന്റെ തോന്നും പ്രകാരമുള്ള ലോകവ്യാപാരങ്ങളെ സ്വമനോദപ്പണത്തിൽ കൂടി അന്യക്കു പ്രതിഭാസങ്ങളാക്കിക്കാട്ടിത്തരാറാ, അവരുടെ വിജ്ഞാനാനുഭൂതിയെ വർദ്ധിപ്പിക്കതന്നെയാണു് ചെയ്യുക. മനസ്സുകൊണ്ടു മനസ്സിനെ ഉണത്തുന്ന ഈ പ്രവൃത്തി, സൂക്ഷ്മം ആലോചിച്ചാൽ സർവ്വത്ര മാനസികമെന്നുതന്നെ വിധിക്കണം. മനശ്ശക്തികൾക്കു കായികചേഷ്ടിതങ്ങളെക്കാൾ ഉയച്ച ഉണ്ടെന്നുള്ളതു് സിദ്ധമാണല്ലോ. വിശിഷ്യ, സംഗീതം ചിത്രമെഴുത്തു്, എന്നീ ഹൃദ്യകലകളെ അപേക്ഷിച്ചു്, സാഹിത്യകലയ്ക്കുള്ള വൈഷമ്യം, ഗ്രന്ഥനിമ്മാണമാകുന്ന പ്രവൃത്തിയിൽ, പ്രത്യക്ഷപ്പെടാതിരിക്കയില്ലല്ലോ. സംഗീതത്തിന്റെ കർണ്ണാനന്ദകരമായ ഗാനമാധുര്യമോ, ചിത്രമെഴുത്തിലെ നയനപ്രീതിദായകമായ വർണ്ണഭംഗിയെപ്പോലെ പഞ്ചേന്ദ്രിയാകർഷകമായി ഹൃദയകലകൾക്കു പ്രത്യേകമായുള്ള ഹൃദയാവർജ്ജനസൗകര്യങ്ങളുടെ അഭാവമാണു്, ഗ്രന്ഥരചനയ്ക്കു കൂടുതൽ

---

* ദ്വിതീയസാഹിത്യ പരിഷത്തിനുവേണ്ടി എഴുതിയതു്.

വൈഷമ്യമുണ്ടാക്കിത്തീൎക്കുന്നതു്. ഹൃദ്യകലകൾ പഞ്ചേന്ദ്രിയദ്വാരങ്ങളിൽകൂടി മനസ്സാകുന്ന അന്തരംഗത്തിൽ പ്രവേശിച്ചു്, അതാതു രസാസ്വാദങ്ങളെ ജനിപ്പിക്കുന്നു. സാഹിത്യകോടിയിൽപ്പെട്ട ഗ്രന്ഥങ്ങൾ, നേരിട്ടു മാനസികപ്രതിഭാസങ്ങളെ ഉദ്ദീപിപ്പിക്കുന്നതിൽ, പഞ്ചേന്ദ്രിയങ്ങൾക്കുള്ള കൃത്യം ദുർഘടം ദുഷ്പ്രാപമെന്നുതന്നെ പറയാം. ഇങ്ങിനെ ഉയൎന്നതരം മാനസികനിലയിൽ, നിൎവ്വഹിക്കേണ്ടതും, അതേസമയത്തുതന്നെ പഞ്ചേന്ദ്രിയമോഹനങ്ങളായ ഉപകരണങ്ങളൊന്നുമില്ലാത്തതും ആയ ഗ്രന്ഥരചനാസ്വഭാവമായിത്തീരണമെങ്കിൽ എത്രമാത്രം വിവേകപൂൎവ്വമായ മുൻകരുതലോടുകൂടി ആയതിന്റെ സാഹിത്യോദ്ദേശം ലക്ഷീകരിച്ചിരിക്കേണ്ടതാണു്.

ഗ്രന്ഥനിൎമ്മാണത്തിന്നുണ്ടായിരിക്കേണ്ട ലക്ഷ്യം എന്താണെന്നു് ഇനി ചിന്തിക്കാം. "താൻ രചിക്കുന്ന ഗ്രന്ഥം ഇപ്പോൾ ഭാഷക്കു് ഏതെങ്കിലും ഒരു കാരണവശാൽ അത്യാവശ്യമാകുന്നു എന്നുള്ള ഉറച്ച വിശ്വാസം തന്നെയാണു്, ഗ്രന്ഥനിൎമ്മാണത്തിനുള്ള ലക്ഷ്യം കാട്ടിക്കൊടുക്കേണ്ടതു്. പരിതഃസ്ഥിതികളെ നല്ലവണ്ണം നിരീക്ഷിക്കുന്ന ഒരുവന്റെ ദൃഷ്ടിയിൽ, പല കുറവുകളും കാണാതെ വരില്ലതന്നെ. ഈ കുറവുകളെ പരിഹരിക്കുന്നതിനോ, അത്യാവശ്യങ്ങളെ നിൎവ്വഹിക്കുന്നതിനോ, ഉചിതമായ മാൎഗ്ഗം തന്റെ ഗ്രന്ഥദ്വാരാ നിൎദ്ദേശിക്കേണ്ടതു് സ്വകൃത്യമാണെന്നു ചിലൎക്കെങ്കിലും തോന്നാതെയിരിക്കയില്ല. ഈ ചിലരാണു് ഗ്രന്ഥകാരന്മാരായി ഭവിക്കേണ്ടതു്. ഈ ചൊന്നവണ്ണമുള്ള ഉത്തമ വിശ്വാസത്തോടുകൂടിവേണം, ഗ്രന്ഥങ്ങളേതും, ആരും, എവിടെയും രചിച്ചുണ്ടാക്കേണ്ടതു്," എന്നു സുപ്രസിദ്ധനിരൂപകനും, പണ്ഡിതനും ആയ ശ്രീമാൻ രാമകൃഷ്ണപിള്ള അവൎകൾ അഭിപ്രായപ്പെട്ടിട്ടുള്ളതായി ഞാൻ ഓൎക്കുന്നു. ഏതായാലും ഈ രീതിക്കു ഗ്രന്ഥങ്ങൾ നിൎമ്മിക്കുന്ന ഒരാൾക്കു്, നല്ല നിരീക്ഷണശക്തിയും, മനോധൎമ്മവുംകൂടിയേ തീരുവെന്നുള്ളതിനു തൎക്കമില്ല. ആവശ്യങ്ങൾ കണ്ടറിയുന്നതിന്നു്, നിരീക്ഷണശക്തി വേണ്ടിയിരിക്കുന്നപോലെതന്നെ അതതാവശ്യങ്ങളെ നിൎവ്വഹിക്കുവാൻ ഉതകുന്ന നേർവഴി തേടിപ്പിടിക്കുന്നതിൽ മനോധൎമ്മവും അപരിത്യാജ്യമാണു്. നിരീക്ഷണഫലമായോ, വാസനാവൈഭവത്താലോ ചിലരുടെ ഉള്ളിൽ നിരന്തരോദയം ചെയ്തുകൊണ്ടിരിക്കുന്ന രസാനുഭൂതിയെ സഹൃദയാസ്വാദനത്തിനായി പുറമെ പ്രസരിപ്പിച്ചുപോകയെന്നുള്ളതും, ഒരു ഉത്തമലക്ഷ്യമായിക്കരുതേണ്ടതാണു്. അപ്രകാരമുള്ള സൽകവികൾക്കു്, അവരുടെ സാഹാൎദ്ദത്തികവിനെ, ഉള്ളിൽ അമൎത്തി വെച്ചുകൊണ്ടിരിക്കുവാൻ സാധിച്ചു എന്നു് വരുന്നതല്ല. കാർമേഘങ്ങൾ കാററടിക്കുമ്പോൾ, മഴത്തുള്ളികൾ താനെ പൊഴിച്ചുപോകയും, വസന്തത്തിന്റെ സമ്പൎക്കത്തിൽ ലതകൾ നാനാവൎണ്ണപ്രശോഭിതമായി സ്വയമേ പുഷ്പിക്കുകയും, ചെയ്യുംപോലെ ഒരു യഥാൎത്ഥകവിയുടെ ഹൃദയാന്തൎഭാഗത്തുനിന്നും, അതാതു പരിതഃസ്ഥിതികൾക്കു്

യോജിച്ചവിധം കാവ്യനിഷ്യന്ദം, പ്രവഹിച്ചുപോകുകതന്നെ ചെയ്യും. ഈ കാവ്യാമൃതസരിത്തിനാൽ ഭാഷ പുഷ്ടമായിത്തീരണമെന്നുള്ളതുതന്നെയാണു്, പ്രസ്തുതലക്ഷ്യത്തെ നിർണ്ണയിക്കുന്നതിനുള്ള ആവശ്യം. പദ്യത്തിലാവട്ടെ, ഗദ്യത്തിലാവട്ടെ ഇച്ഛപ്പോന്നവിധം ഉദ്ദേശബുദ്ധിയോടുകൂടി, ഗ്രന്ഥനിർമ്മാണം ചെയ്യുന്ന ഏവനും ഇതരന്മാരുടെ അഭിപ്രായവിത്യാസങ്ങളെപ്പററി ലവലേശം ഗണിക്കുന്നതല്ല.

"പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരദ് ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ"

"പഴയകാലംമുതല്ക്കു ഉള്ളതെല്ലാം, അക്കാരണംകൊണ്ടുതന്നെ നല്ലതെന്നും, ഈയിടക്കുണ്ടായതു് എന്നുകൊണ്ടും അത്ര നന്നായിരിക്കാൻ പാടില്ലെന്നും, ആരും വിചാരിച്ചുപോകരുതു്. നിർമ്മത്സരന്മാരായ സത്തുക്കൾ പരീക്ഷിച്ചാണു്, സംഗതികളുടെ നന്മതിന്മ അറിയേണ്ടതു്. വല്ലവരും പറയുന്നതു കേട്ടു്, ഉൽഘോഷിച്ചുകൊണ്ടു നടക്കുന്ന പ്രകൃതക്കാർ, മൂഢന്മാരാകുന്നു" എന്നുള്ള കാളിദാസന്റെ മതം, ഏതു ഗ്രന്ഥകാരനും, എപ്പോഴും ഓർമ്മയിൽ വെച്ചുകൊള്ളേണ്ടതാണു്. പാശ്ചാത്യതത്വജ്ഞാനിയായ "എമേഴ്സണും" ഇതേ അഭിപ്രായക്കാരനത്രെ. ഈ ഉദ്ദേശ്യനിശ്ചയത്തോടുകൂടി ഗ്രന്ഥം നിർമ്മിക്കുന്നവർക്കുണ്ടോ, ഖണ്ഡനകഠാരികളിൽനിന്നു ഭീതിയോ, മണ്ഡനമഞ്ജരികളിൽനിന്നു പ്രീതിയോ ഉണ്ടാവാൻ പോകുന്നു.

കേരളീയസാഹിതിയെ സംബന്ധിച്ചിടത്തോളം ശാശ്വതയശസ്വികളായിത്തീർന്നിട്ടുള്ള ഗ്രന്ഥകാരന്മാർ ഉത്തമലക്ഷ്യത്തോടുകൂടി ഗ്രന്ഥരചനയ്ക്കുദ്യമിച്ചിട്ടുള്ളവരാണെന്നു കാണാം. ഭവിച്ചുള്ള ഗ്രന്ഥദൌർല്ലഭ്യംനിമിത്തം അജ്ഞാനാന്ധകാരത്തിൽ കിടന്നുഴന്നു വന്ന കേരളീയർക്കു്, ഉൾക്കണ്ണു് ഉണ്ടാക്കിക്കൊടുക്കണമെന്നു കരുതി നിത്യപാരായണോചിതങ്ങളായ ഗ്രന്ഥങ്ങൾ രചിച്ച തുഞ്ചത്തു "രാമാനുജൻ" എഴുത്തച്ഛൻ, നമ്മുടെ സാഹിത്യസാർവ്വഭൌമനായി നിസ്സംശയം ഗണിക്കപ്പെടേണ്ടതാണു്. നിർമ്മാണത്തിന്റെ ഒരു പ്രധാന വിഭാഗമായ പരിവർത്തന വിഷയത്തിൽ, അദ്ദേഹം ഒരു ഉത്തമാദർശമൂർത്തിയായി നിർമ്മാണരംഗമണ്ഡപത്തിൽ നിത്യം നിലകൊള്ളുക തന്നെ ചെയ്യും. ക്രമത്തിനോടു കിടപിടിക്കുന്ന പദ്യസാഹിത്യം കൂടിയേ തീരൂ എന്നു കരുതി, തുള്ളൽ പ്രസ്ഥാനകാരകനായിത്തീർന്ന 'കുഞ്ചൻ നമ്പ്യാർ' സ്വയംകരണ നിർമ്മാണത്തിനുവേണ്ടി ഇന്നങ്ങളുടെ മൂർത്താഭിഷിക്താവതാരം തന്നെയാണു്. സംസ്കൃതകൃതികൾക്കുള്ള ആഭ്യന്തരമഹിമയെ നേരിട്ടു കേരളീയരെ അറിയിക്കുകയും, ഗദ്യസാഹിത്യത്തെ വസ്തുതത്വപ്രതിപാദനക്കു് ഉചിതമാം വിധത്തിൽ പരിഷ്കരിച്ചു പ്രചരിപ്പിക്കേണ്ടതും ആധുനികകാലസ്ഥിതിക്കു

എത്രയും അത്യാവശ്യമെന്നു കേരളീയരെ പ്രായോഗികമായി ധരിപ്പിക്കുകയും, ചെയ്യുവാനായി ശാകുന്തളം നാടകതർജ്ജമ ചെയ്തു കേരളകാളിദാസപദാരൂഢനായി, മലയാളഭാഷയിൽ പാഠപുസ്തകങ്ങളേയും, മററു നവീനഗ്രന്ഥങ്ങളേയും രചിച്ച "വലിയ കോയിത്തമ്പുരാൻ" തിരുമനസ്സിലെ സ്ഥാനം എല്ലാംകൊണ്ടും സാഹിത്യസാമ്രാജ്യത്തിലെ ഒരുയൎന്ന സാമാന്തരാജകീയമാണ്. ഇംഗ്ലീഷു രീതിക്കുള്ള നോവൽ ഗ്രന്ഥങ്ങളെ കൈരളിക്കു നിത്യച്ചാൎത്തുകളായി അണിയിച്ച കേരളീയരിൽ രാജ്യാഭിമാനത്തേയും ചരിത്രപ്രതിപത്തിയേയും ഭാഷാപ്രസക്തിയേയും സൎവ്വോപരി ആനന്ദാനുഭൂതിയേയും പ്രദാനംചെയ്ത ഗദ്യകേസരിയായ "സീ-വി" നിൎമ്മാണപ്രതിഷ്ഠാസമൂഹത്തിലെ കെടാവിളക്കായി ശോഭിക്കുന്നു. ഒരു കാലത്തും ഇളക്കം വരാതെ, "അഷ്ടബന്ധകലശം" ആടി കൈരളിയെ സുസ്ഥിരമായി പ്രതിഷ്ഠിച്ചിട്ടുള്ളതിനാണം വ്യാകരണങ്ങളും, ഭാഷയിലുള്ള സമസ്തനിൎമ്മാണങ്ങൾക്കും, സാഹ്യഗ്രന്ഥങ്ങളും രചിച്ച സാക്ഷാൽ കേരളപാണിനി, മഹാമഹിമ ശ്രീമത് ഗുരുവൎയ്യൻ "രാജരാജവൎമ്മ" തിരുമനസ്സിലെ ആചാൎയ്യോപദേശങ്ങളെ ആദരിക്കാതേയോ അറിയാതെയോ ഏതൊരാൾ നിൎമ്മാണത്തിനുദ്യമിക്കുന്നുവോ, അയാൾ അന്ധകാരത്തിൽ നിപതിച്ചു പോകാതിരിക്കയില്ലയെന്നു നിൎദ്ദേശിക്കത്തക്കവണ്ണം സാഹിത്യാംബരത്തിൽ സമസ്തതേജോമയനായി വിളങ്ങുന്ന ആ നിത്യരാജരാജനെ നമുക്കു ബദ്ധാഞ്ജലികളായി നമസ്കരിക്കാം. ഭാഷാപോഷണത്തിനുതകത്തക്കവണ്ണം യഥാൎത്ഥ നിരൂപണ പഥം വെട്ടിത്തെളിച്ചു കാട്ടിത്തരുകയും, നാട്ടിനും ഭാഷക്കും അഭിമാനോദ്ദീപജകമായ മട്ടിൽ പത്രപ്രവൎത്തനം നടത്തുകയും ചെയ്ത ശ്രീമാൻ രാമകൃഷ്ണപിള്ള" അവർകൾ, സൂക്ഷ്മമാലോചിച്ചാൽ കൈരളീഗ്രന്ഥങ്ങളുടെ ഗ്രഹനിലയെ നിൎണ്ണയിക്കുന്ന ജ്യോതിശ്ചക്രത്തിലെ ഊൎജ്ജസ്വല സൂരിവൎയ്യൻ തന്നെയാണ്. നല്ല ചിന്തയിൽനിന്നും ഉൽഭൂതവും, ജനങ്ങൾക്കു ആദരണീയവും ആയ ആശയാദൎശങ്ങളെക്കൊണ്ടു പ്രൗഢങ്ങളായ ഉപന്യാസങ്ങൾ എഴുതി മാതൃകാഗദ്യകാരനായി പരിശോഭിക്കുന്ന ആർ. ഈശ്വരപിള്ള അവർകളും ഈ അവസരത്തിൽ സ്മരണീയനാകുന്നു. വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ സംസ്കൃതഗദ്യരീതിയുടെ സംസ്കൃതശൂന്യമായ അനുകരണം നിമിത്തം നിലയും വിലയും കെട്ടു വ്യഥാഡംബരമായിത്തീൎന്ന പിൻഗാമികളുടെ ഗദ്യസംരംഭങ്ങളിൽ വന്നുകൂടിയ അലങ്കോലത്തെ പരിഹരിച്ചു കൈരളിയെ ശുദ്ധമാക്കണമെന്നു കരുതി, വീണ്ടും ഗദ്യസാഹിത്യത്തെ സ്വാശ്രയപ്രാബല്യത്തോടുകൂടി ആധുനികമായ ദ്രാവിഡരീതിക്കുതന്നെ പുനരുദ്ധരിച്ചു. പ്രതിഷ്ഠിക്കയെന്ന പാവനകൃത്യം നിൎവ്വഹിക്കുവാൻ പുണ്യാത്മാവായ കൊച്ചിയിൽ "അപ്പൻ തമ്പുരാൻ" തിരുമനസ്സിൽനിന്നുതന്നെ വേണ്ടിവന്നു. അല്ലയോ മഹാത്മാവേ! സരളകോമളമായ ഗദ്യരീതിയിൽ അവിടുന്നു നിൎമ്മിച്ചിട്ടുള്ള "ഭാസ്കരമേനവൻ" എന്ന

കഥാഗ്രന്ഥവും, ഇനിമേൽ ഉണ്ടാകുന്ന ഗദ്യകാരന്മാൎക്കു അനുകരണയോഗ്യമായവിധം കാവ്യമാധുരിപ്രസാരകവും, ദ്രാവിഡപദമൗക്തികപ്രശോഭിതവും ആയ "ഭൂതരായർ" എന്ന യഥാൎത്ഥ നോവൽഗ്രന്ഥവും രചിച്ചു് കൈരളിയെ അനുഗ്രഹിച്ച അവിടത്തെ ആദരശോചിതമായ ഭാഷാഭിമാനവിജൃംഭണത്തെപ്പററി ഏതുകാലത്താണു കേരളീയർ വിസ്മരിക്കുക. കൈരളിക്കു നിത്യനിസ്തുലനിൎമ്മാതാവായി നിയതം വിളങ്ങുന്ന അവിടന്നു് കിഞ്ചിജ്ഞന്മാരോടു നിൎമ്മാണവിധങ്ങളെ ചൂണ്ടിക്കാണിക്കുവാൻ കല്പിച്ചതിനെപ്പററി ഓൎക്കുമ്പോൾ, അടിയങ്ങൾ ഗത്യന്തരനിൎമ്മുക്തന്മാരായി ഇങ്ങവണ്ണം കാട്ടും പടപ്പും പിടിച്ചുഴറുകയല്ലാതെ മറെറന്തു പറയട്ടെ.

[തുടരും]

---

# ദീൎഘായുസ്സിനുള്ള പരിശീലനം

(കെ. ഗോവിന്ദപണിക്കർ)

തന്റെ ആയുഷ്കാലത്തെ പത്തു വൎഷം കൂടി നീട്ടിക്കൊടുക്കുമെങ്കിൽ പത്തുലക്ഷം പവൻ പ്രതിഫലം കൊടുക്കാമെന്നു അമേരിക്കയിലെ വൈശ്രവണന്മാരിൽ ഒരാൾ ഒരിക്കൽ പറഞ്ഞതായി കേട്ടിട്ടുണ്ടു്. ഇതിലും വലിയ തുകകൾ കൊടുക്കുന്നതിനു തയാറുള്ള പലരേയും കാണുകാം. എന്നാൽ ഏതു വാണിജ്യശാലയിലാണു് ആയുസ്സു വിക്രയം ചെയ്യുന്നതു്? തങ്ങളുടെ ഭൎത്താക്കന്മാരെ ദീൎഘായുസ്സുകൊണ്ടു സമ്മാനിക്കാൻ ശക്തിയുള്ള സാവിത്രികൊച്ചമ്മമാരും ഇപ്പോൾ ജനിക്കാറില്ല. വേദാന്തികൾ എന്തൊക്കെ പറഞ്ഞാലും ജീവിതം ഏററവും സ്പൃഹണീയമായ ഒരവസ്ഥ തന്നെയാണു്. ജീവപൎയ്യന്തം നാടുകടത്തപ്പെട്ട ഒരു കൊലപാതകിക്കുപോലും, അവന്റെ ആയുസ്സിൽനിന്നും ഒരു വിനാഴികപോലും കുറയുന്നതിനു സമ്മതമുണ്ടാകുന്നില്ല. "ദശനിയുതശതവയസിജീൎണ്ണമെന്നാകിലും ദേഹികൾക്കേററം പ്രിയം ദേഹമോൎക്കനീ" എന്നു രാമായണത്തിൽ പറഞ്ഞിരിക്കുന്നതു ജീവിതസ്നേഹത്തിന്റെ നിസ്തുല്യമായ വിലയ്ക്കു സാക്ഷ്യം വഹിക്കുന്നില്ലേ? "അവൻ എന്നെ സ്നേഹിക്കുന്നതുകൊണ്ടു ഞാൻ അവനെ ദീൎഘായുസ്സുകൊണ്ടു അനുഗ്രഹിക്കും" എന്നു സങ്കീൎത്തനകാരൻ (ബൈബിളിൽ) പറയുന്നതും മറെറന്തിനെയാണു് ദ്യോതിപ്പിക്കുന്നതു്?

ആരോഗ്യസംപൂൎണ്ണമായ ദീൎഘായുസ്സിനെ എല്ലാമനുഷ്യരും കാംക്ഷിക്കുന്നു. വാൎദ്ധക്യസൂചകമായ ജര, നര, കുര ഇവയോടു സകലൎക്കും വെറുപ്പാണു്. എന്നാൽ അനിഷ്ടവും അനാവശ്യവുമായ വാൎദ്ധക്യത്തെ കഴിയുന്നതും അകററിനിറുത്തി സൗഭാഗ്യജീവിതത്തിനു് അധിഷ്ഠാനമായ താരുണ്യത്തെ നീണാൾ നിലനിറുത്തുന്നതിനു കാൎയ്യമായി വല്ല ശ്രമവും ചെ

ച്ചുപോരുന്നവരുടെ സംഖ്യ വളരെ തുച്ഛമാകുന്നു. ആരോഗ്യനിയമങ്ങളേയും ദീർഘായുസ്സിനുള്ള മാർഗ്ഗങ്ങളേയും ലംഘിക്കുന്നതിൽ ചിലർ യാതൊരു ലംഭാവവും കാണിക്കാറില്ല. പ്രകൃതിവിരുദ്ധമായ ജീവിതരീതികൾകൊണ്ടും, അപ്രതിഹതമായ ഭോഗാസക്തികൊണ്ടും ജനസാമാന്യം അവരുടെ മനഃകാരങ്ങളെ ഒന്നിനൊന്നു ക്ഷയിപ്പിക്കുന്നു. ഇതിന്റെയെല്ലാം ഫലമാണു് ഇന്നു കാണുന്ന അനാരോഗ്യവും അല്പായുസ്സും.

മനുഷ്യശരീരം ഒരു നല്ല നാഴികമണി പോലെയാണെന്നു് ഒരു മഹാൻ പറയുന്നു. സൂക്ഷിച്ചുപയോഗിച്ചാൽ അതു കൃത്യമായ സമയം കാണിക്കയും ദീർഘകാലം നിലനില്ക്കയും ചെയ്യും. കണ്ടമാനം പെരുമാറിയാൽ ഫലം വിപരീതമായുമിരിക്കും. വാർദ്ധക്യം ജീവിതത്തിന്റെ ഒരു ഘട്ടമല്ല; അതു മൂഢപരമായ മനസ്സിന്റെ അന്ധമായ ഒരു വ്യാപാരമാകുന്നു. വാർദ്ധക്യചിന്തകളാണു വാർദ്ധക്യത്തിനു കാരണമെന്നു് ഒറിസൺ സ്വെറ്റ് മാർഡൻ എന്ന ശാസ്ത്രപണ്ഡിതൻ അഭിപ്രായപ്പെടുന്നു. യൌവനം നീണ്ടുനില്ക്കണമെന്നു പലരും മോഹിക്കയും, അതേസമയത്തുതന്നെ വൃദ്ധസഹജമായ വിചാരങ്ങളേയും വിശ്വാസങ്ങളേയും വെച്ചു പുലർത്തുകയും ചെയ്യുന്നതു വളരെ വിചിത്രമായിരിക്കുന്നു. തങ്ങളുടെ ആദർശങ്ങളെ കൈവെടിയുന്നതുകൊണ്ടു മാത്രമേ ജനങ്ങൾ കിഴവന്മാരാകയുള്ളൂ. പഴക്കംകൊണ്ടു തോലി ചുളുങ്ങുമായിരിക്കാം. എന്നാൽ ഊർജ്ജസ്വലതയെ ഉപേക്ഷിച്ചെങ്കിൽ മാത്രമേ ഹൃദയം ചുളുങ്ങുകയുള്ളൂ. വാർദ്ധക്യം ആദ്യം ബാധിക്കുന്നതു മനസ്സിനെയാണു്. രണ്ടാമതായിമാത്രമേ ശരീരത്തെ ബാധിക്കുന്നുള്ളൂ. തന്റെ ആയുഷ്കാലത്തെ സുഭഗവും സുദീർഘവുമാക്കുന്നതിനുള്ള ശക്തികൾ ഓരോമനുഷ്യനിലും നിക്ഷിപ്തമായിട്ടുണ്ടു്. അവയെ യഥാകാലം തേടിപ്പിടിച്ചു ഫലിപ്പിക്കുന്നതിലാണു യഥാർത്ഥമായ മനുഷ്യമാഹാത്മ്യം സ്ഥിതിചെയ്യുന്നതു്.

നമ്മുടെ വിചാരങ്ങൾക്കും വിശ്വാസങ്ങൾക്കും നമ്മുടെമേലുള്ള പ്രേരണാശക്തി അത്ഭുതകരമാണു്. "താൻ കിഴവനായിത്തുടങ്ങി; ദേഹശക്തി വളരെ കുറഞ്ഞിട്ടുണ്ടു്; ഓർമ്മകേടും ക്ഷീണവും ഒന്നിനൊന്നു വർദ്ധിച്ചു വരുന്നു; പണ്ടത്തെപ്പോലെ ദഹനശക്തിയില്ല" എന്നും മററുമുള്ള പ്രലപനങ്ങളും അടിസ്ഥാനരഹിതങ്ങളായ സംശയങ്ങളും വിശ്വാസങ്ങളും നമ്മെ വാർദ്ധക്യത്തിലേക്കു ക്ഷണിക്കുന്നു. മാത്രമല്ല, നയിക്കയും ചെയ്യുന്നു. നാം നമ്മുടെ വിശ്വാസത്തിനനുസരിച്ചു യുവാവായിരിക്കും; സംശയത്തിന്നനുസരിച്ചു വൃദ്ധനുമായിരിക്കും; യൌവനാവസ്ഥക്കനുരൂപമല്ലാത്ത വിചാരങ്ങളും, വിശ്വാസങ്ങളും, സംശയങ്ങളും ഒരിക്കലും നമ്മെ യൌവനാവസ്ഥയിൽ വെച്ചുകൊണ്ടിരിക്കുന്നതിനു പര്യാപ്തമാകുന്നതല്ല. മനസ്സൃഷ്ടമായ ഒരു യൌവനദശയിൽ ജീവിക്കയും, നമ്മുടെ ശരീരഘടകങ്ങളായ പരമാണുക്കൾ നിമിഷംപ്രതി പ്രകൃത്യാതന്നെ നവീകരിക്കപ്പെടുന്ന വസ്തു

തയെ ഓൎത്ത് ധൈൎയ്യപ്പെടുകയും ചെയ്യുന്ന മനുഷ്യനു ജരഠതയ്ക്കവകാശമില്ല. വാൎദ്ധക്യചിന്തകളെ നിരോധിക്കുന്നതിനുപകരം പലരും അവയെ ഹൃദയവേദികളിൽ പ്രതിഷ്ഠിച്ച് ആരാധിച്ചുവരുന്നു. സമുദായസമിതികളിൽ വൃദ്ധന്മാൎക്കനുവദിക്കാറുള്ള അഗ്രിമസ്ഥാനങ്ങളിൽ ഭ്രമിച്ച് ചിലർ സ്വയംവാൎദ്ധക്യത്തെ വരിക്കാറുണ്ട്. താരുണ്യദശയുടെ മദ്ധ്യകാലമാകുമ്പോഴേക്കുതന്നെ ചിലർ വാൎദ്ധക്യലക്ഷണങ്ങളെ തങ്ങളിൽ ആരാഞ്ഞുതുടങ്ങുന്നു. അല്പം ക്ഷീണം തോന്നുകയോ, ചെറുപ്പത്തിൽ താൻ ചെയ്തിടത്തോളം ജോലി ചെയ്വാൻ കഴിയാതെവരികയോ, ഒന്നു തുമ്മുകയോ ചുമയ്ക്കുകയോ മറ്റോ ചെയ്യുമ്പോഴേയ്ക്ക് നാം വാൎദ്ധക്യത്തിനു വശഗരായി എന്നു തീരുമാനിക്കുന്നു. "എനിക്കിപ്പോൾ പണ്ടത്തെപ്പോലെ ഓടാനും ചാടാനുമുള്ള പ്രായമല്ല" എന്നു വേണ്ടിടത്തും വേണ്ടാത്തിടത്തുമെല്ലാം സമാധാനമായി പറഞ്ഞു ചൊടിയും ചുറുചുറുക്കും വേണ്ടാതായ വ്യാപാരങ്ങളിൽനിന്നും നാം ക്രമേണ പിന്മാറുന്നു. ജീവിതത്തിൽ വാസ്തവമോ സങ്കല്പിതമോ ആയ സൎവ്വ വിഷമതകൾക്കും നിദാനം വാൎദ്ധക്യമാണെന്നു കരുതുകയും, സദാ വാൎദ്ധക്യമയമായ ഒരു അന്തരീക്ഷത്തിൽ നിവസിക്കയും ചെയ്യുന്നതിനാൽ സങ്കല്പിതമായ നമ്മുടെ വാൎദ്ധക്യം ക്രമേണ പരമാൎത്ഥമായി പരിണമിക്കുന്നു.

"മുപ്പതോ മുപ്പത്തഞ്ചോ, വയസ്സാകുമ്പോൾതന്നെ വൃദ്ധനോ വൃദ്ധയോ ആയെന്നു വിചാരിക്കുന്നവർ നിശ്ചയമായും അൻപതോ അൻപത്തഞ്ചോ കഴിയുമ്പോൾ അവരുടെ പ്രതീക്ഷയ്ക്കനുസരണമായി വൃദ്ധനോ വൃദ്ധയോ ആയിത്തീരുന്നു" എന്നു പ്രെൻറിസ് മിൽഫോർഡ് എന്ന മഹാൻ പറയുന്നതിൽ വളരെ വാസ്തവമുണ്ട്. മനസ്സ് നിരന്തരമായി പതിയുകയും, പ്രവൎത്തിക്കുകയും ചെയ്യുന്ന വിഷയങ്ങൾ കാലാന്തരത്തിൽ വാസ്തവമായി പരിണമിക്കുമെന്നുള്ളത് പ്രകൃതിയുടെ ഒരു നിയമമാകുന്നു. യൗവ്വനയുക്തമായ ഒരു ഹൃദയം, ജരാശിഥിലമായ ഒരു ഭൂതപിണ്ഡത്തിൽ ഒരിക്കലും സ്ഥിതിചെയ്യുന്നതല്ല. സാധാരണ ജനങ്ങളിൽ 75 ശതമാനവും അറുപതുവയസ്സാകുമ്പോഴേക്കു ജരഠന്മാരായി കാണപ്പെടുന്നു. അറുപതാമത്തെ വയസ്സ് പിറുപിറുപ്പുള്ള വാൎദ്ധക്യത്തിൻെറ വാഴ്ചക്കാലമെന്നാത്രെ പലരുടെയും വിശ്വാസം.

ദൈവസൃഷ്ടികളിൽവെച്ച് അഗ്രിമസ്ഥാനത്തെ അലങ്കരിക്കുന്ന മനുഷ്യന് അവൻെറ താരുണ്യത്തിൻെറ, അഥവാ സൗഭാഗ്യജീവിതത്തിൻെറ നാന്ദിതുടങ്ങി അധികം കഴിയുന്നതിന് മുമ്പുതന്നെ ഭരതവാക്യവും ചൊല്ലിത്തീൎക്കണമെന്ന് പരമകാരുണികനായ ദൈവം വിധിക്കുമോ? മനുഷ്യൻെറ ജ്ഞാനവും ശക്തികളും താരതമ്യേന താമസിച്ചു വികസ്വരങ്ങളാകത്തക്കവണ്ണമാണ് അവൻെറ സൃഷ്ടി. ആ സ്ഥിതിക്കു മുപ്പതുവയസ്സുവരെ ശരിയായ പ്രായപൂൎത്തിവരാത്ത മനുഷ്യന് അമ്പതോ, അറുപതോ

ഏഴുപതോ ആകുമ്പോഴേക്ക് അവൻ വാടിവരണ്ടു കൊഴിയുന്നമെന്നു നിയതി നിശ്ചയിക്കുമോ? സസ്യലോകത്തിലോ, മൃഗലോകത്തിലോ എന്നുവേണ്ടാ— പ്രകൃതിൽ ഒരിടത്തുംതന്നെ പ്രായപൂർത്തിക്ക് ഇത്ര ദീർഘകാലം വേണ്ടിവരുന്ന യാതൊരു ജീവിയും ഇത്ര ശീഘ്രത്തിൽ നശ്വരമാകുന്നതായി കാണുന്നില്ല. മൃഗങ്ങൾ, അവയുടെ പ്രായപൂർത്തിക്കു വേണ്ടിവരുന്ന സമയത്തിന്റെ നാലോ, അഞ്ചോ ആറോ മടങ്ങു ജീവിച്ചിരിക്കുമ്പോൾ പ്രകൃതിയുടെ ഉത്തമസന്താനമായ മനുഷ്യൻ മാത്രം അവന്റെ പൂർണ്ണപ്രായത്തിനു വേണ്ടിവരുന്ന കാലത്തിന്റെ രണ്ടോ മൂന്നോ മടങ്ങു മാത്രം പൂർണ്ണാരോഗ്യത്തിൽ കഴിച്ചുകൂട്ടിയാൽ മതിയെന്നു നീതിജ്ഞനായ ജഗന്നിയന്താവു വിധിക്കുമോ? തികഞ്ഞ ആരോഗ്യത്തോടും ശക്തിയോടും കൂടി കുറഞ്ഞതു 30×4 അല്ലെങ്കിൽ നൂററിരുപതു വയസ്സുവരെയെങ്കിലും മനുഷ്യജാതിയും ജീവിക്കേണ്ടതാണ്. 75 വയസ്സിൽ ഒരുവൻ അവന്റെ സർവ്വവിധമായ ശക്തികളുടേയും പരമകാഷ്ഠയെ പ്രാപിച്ചിരിക്കണം. മിക്കമനുഷ്യർക്കും 100 വർഷംവരെയെങ്കിലും ജീവിക്കാൻ കഴിയുമെന്നാണു സർ. ഹർമാൻ, വെൽബർ എന്ന സുപ്രസിദ്ധനായ ആംഗ്ലേയഭിഷഗ്വരൻ പറയുന്നതു്. ഫലപ്രദമായ യൗവ്വനകാലത്തിലും, മദ്ധ്യപ്രായത്തിലും ഒരുവനു അരവ്യാഴവട്ടംകൊണ്ടു് സാധിക്കാവുന്നതിലധികംകാര്യങ്ങൾ ആ രണ്ടുകാലങ്ങളിലും ഉള്ള പഠിപ്പും പരിചയവും സ്വാധീനമുള്ള 70-ലും, 75-ലും ഒരു കൊല്ലംകൊണ്ടു സാധിക്കാവുന്നതല്ലയോ? സ്റ്റെവട്ടമാൻ എന്ന കവിശ്രേഷ്ഠൻ പറയുന്നതു് ഇപ്രകാരമാണ്. "70 വർഷം ശരിയായ ജീവകാലമാണെന്നു ജനങ്ങൾ വിചാരിക്കുന്നതിന്റെ താല്പര്യം തനിക്കു മനസ്സിലാകുന്നില്ല. ആരോഗ്യവും ശക്തിയും സംരക്ഷിക്കപ്പെടാമെങ്കിൽ 500 വർഷംതന്നെയും നമുക്കു മതിയാകുന്നതല്ല." അദ്ദേഹം തുടർന്നുചോദിക്കുന്നു. "50 വർഷമെങ്കിലും നിങ്ങൾക്കു ദേശസഞ്ചാരം ചെയ്യണമെന്നു മോഹമില്ലയോ? 50 വർഷം പുതിയ കണ്ടുപിടിത്തക്കാരനായും 50 കൊല്ലം ഒരു രാജ്യതന്ത്രജ്ഞനായും അനന്തരം അത്രയുംകാലം ചിത്രമെഴുത്ത്, കൊത്തുപണി, കപ്പലോട്ടം എന്നീവിഷയങ്ങളിൽ ഏർപ്പെട്ടും കഴിയണമെന്നു് നിങ്ങൾ ആശിക്കുന്നില്ലേ? കവി, ഗ്രന്ഥകാരൻ എന്നീ നിലകളിലും കുറേക്കാലം കഴിച്ചുകൂട്ടാൻ നിങ്ങൾ താല്പര്യപ്പെടുന്നില്ലേ?"

ജീവിതത്തിന്റെ നവ്യതയും സൗകുമാര്യവും നശിക്കുമ്പോഴാണു വാർദ്ധക്യം രംഗപ്രവേശം ചെയ്യുന്നതു്. യൗവ്വനത്തോടുള്ള സമ്പർക്കം കുറയുകയും, യൗവ്വനകാരന്റെ മനഃസ്ഥിതിയില്ലാതാവുകയും ചെയ്യുന്നതുവരെ വയസ്സ് എത്രയായാലും വൃദ്ധനെന്നു പറഞ്ഞുകൂടാ. അതുപോലെ ജീവിതാശ നശിച്ച്, ഉത്സാഹവും ഊർജ്ജിതവും ക്ഷയിച്ച് അടങ്ങിഒതുങ്ങി കഴിയണമെന്നു കരുതുന്നവരുടെ വയസ്സുനോക്കാതെ തന്നെ അവരെ വൃദ്ധസമാജത്തിൽ ചേർക്കാവുന്നതാണ്. വാർദ്ധക്യം നമ്മുടെ മനശ്ശരീര

ങ്ങളെ ഗ്രസിച്ചുതുടങ്ങിയെന്നുള്ള വിചാരം അതിന്നു തീരെ പ്രസക്തിയില്ലാത്ത ഒരു പ്രായത്തിൽതന്നെ മനുഷ്യന്നു ഉണ്ടായിത്തുടങ്ങുന്നതാണു് അവന്റെ അകാലവാൎദ്ധക്യത്തിന്നുള്ള മുഖ്യഹേതു. താൻ മരിക്കുകയാണെന്നു ദൃഢമായി വിശ്വസിക്കുന്ന ഒരു രോഗിയെ ഏതു ഡാക്ടൎക്കാണു രക്ഷിക്കാൻ കഴിയുന്നതു്? ശരീരസ്ഥിതി, വിശ്വാസത്തെ അനുഗമിക്കുന്നു. കുടുംബപാരമ്പര്യംകൊണ്ടോ, ജാതകവിശ്വാസംകൊണ്ടോ തങ്ങൾക്കു് ഇത്രാമത്തെ വയസ്സിൽ മരണം നേരിടുമെന്നു വിശ്വസിച്ചു്, ഭയന്നു കഴിയുന്നവർ ഏതാണ്ടു് അക്കാലത്തോടു് അടുപ്പിച്ചുതന്നെ കഥാവശേഷന്മാരാകുന്ന കഥ പലൎക്കും അനുഭവമാണല്ലോ.

ധാരാളം ശുദ്ധവായുവും, ശുദ്ധജലവും, പുതുതായ ഫലമൂലാദികളും, വേണ്ടുവോളം വിശ്രമവും, ശാന്തതയും നാട്ടിൻപുറങ്ങളിൽ ഉണ്ടായിരുന്നിട്ടും, അവിടത്തെ ജനങ്ങൾ, വിശേഷിച്ചും സ്ത്രീകൾ, പട്ടണവാസികളെ അപേക്ഷിച്ചു വളരെ വേഗത്തിൽ കിഴവരാകുന്നതായി പരീക്ഷണനിരീക്ഷണങ്ങൾകൊണ്ടു തെളിഞ്ഞിട്ടുണ്ടു്. ഗ്രാമീണജീവിതത്തിന്റെ ഏകരീതിത്വവും, ഉത്സാഹക്കുറവും, ഉണർവില്ലായ്മയുമാണു് ഇതിന്റെ മുഖ്യകാരണം. ജീവിതത്തിൽ വിവിധത്വമില്ലായ്മയും, ഒരേ ജോലിതന്നെ അനസ്യൂതമായി ചെയ്തും, പുരോഗതിക്കു മാൎഗ്ഗമടഞ്ഞും, നിരുന്മേഷമായി കഴിച്ചുകൂട്ടുന്നവർ വേഗത്തിൽ വാൎദ്ധക്യത്തിന്നു വശഗരാകുന്നു. ജര ആദ്യം മനസ്സിനെ ബാധിക്കുന്നു. അതിലൂടെയാണു ശരീരത്തിലേക്കു സംക്രമിക്കുന്നതു്. അതിനാൽ ശരീരത്തിൽ ജരകൂടാതിരിക്കണമെന്നു് ആഗ്രഹിക്കുന്നവർ മനസ്സിനെയാണു് ഈ ബാധയിൽനിന്നും ആദ്യം ഒഴിവാക്കേണ്ടതു്. ശോഭനമായ ഭാവി, ജോലിനിൎവ്വഹണത്തിനു് നൂതനവും, സുഗമവുമായ മാൎഗ്ഗം, ആഹ്ലാദകരമായ സാഹിത്യം, കാൎയ്യക്ഷമമായ ശുചീകരണം, അപ്രകൃതമോ, അനുചിതമോ അല്ലാത്ത ദിനചൎയ്യ, ഇവ ദീൎഘായുസ്സിന്നു സഹായിക്കുന്ന കാരണങ്ങളാകുന്നു. രക്ഷാഭോഗക്കമ്പനികളുടെ ചാർട്ടുകൾ പരിശോധിക്കാൻ സംഗതിവന്നിട്ടുള്ളവരാരും മേൽപറഞ്ഞ പരമാൎത്ഥത്തെ വിസമ്മതിക്കുന്നതല്ല.

നിസ്തന്ദ്രത, ദീൎഘായുസ്സിന്നു് ഒഴിച്ചുകൂടാത്ത ഒരു കാൎയ്യമാണു്. അലസതപോലെ മനുഷ്യരുടെ മനഃകായങ്ങളെ മന്ദിപ്പിക്കുന്ന ഒരു ദുശ്ശീലം മറെറാന്നുണ്ടെങ്കിൽ അതു് അമിതഭോഗമാണു്. ചിലതു ചെയ്യാനായിട്ടാണു നാം ജന്മമെടുത്തിരിക്കുന്നതു്. തന്ദ്രിയെ സേവിക്കുന്നവൻ മൃത്യുവിനെയാണു പൂജിക്കുന്നതു്. "പ്രവൃത്തിചെയ്യുന്ന മനുഷ്യൻ വയസ്സനല്ല; പ്രവൃത്തിശൂന്യൻ മരിച്ചവനാണു്." എന്ന ആംഗ്ലേയപഴമൊഴി എത്ര അൎത്ഥഗൎഭമായിരിക്കുന്നു. ഉരുളുന്ന പാറയിൽ പായലില്ല. ഒഴുക്കുനീരിൽ അഴുക്കുനീയമില്ല. നങ്കൂരമിട്ടുകിടക്കുന്ന കപ്പലാണു്, ഓടിക്കൊണ്ടിരിക്കുന്നതിനേക്കാൾ വേഗത്തിൽ തുരുമ്പിക്കുന്നതു്. ശരീരത്തിൽ ഉപയോഗി

ക്കാത്ത അവയവങ്ങൾ ക്രമേണ ക്ഷയിച്ചുപോകുമെന്നുള്ളതു ശരീരശാസ്ത്രസംബന്ധമായ ഒരു സിദ്ധാന്തമാണ്. അതിനാൽ പരിപൂർണ്ണമായ ആരോഗ്യത്തെ കാംക്ഷിക്കുന്നവർ സർവ്വാവയവങ്ങളേക്കൊണ്ടും പ്രവർത്തിപ്പിക്കേണ്ടതാകുന്നു. നിരുപയോഗമായി ഏതാനും സംവത്സരങ്ങൾ കഴിച്ചുകൂട്ടുന്നതു യഥാർത്ഥമായ ജീവിതമല്ല. വളച്ച് നിലയ്ക്കുകയും, ജീവിച്ചിരിക്കുന്നതുകൊണ്ടുള്ള പ്രയോജനം കുറയുകയും ചെയ്താൽ നാം ജീവിച്ചിരിക്കുന്നതായി ഗണിച്ചുകൂടാ. പച്ചകെട്ടാലും ചില മരങ്ങൾ കുറെക്കാലത്തേക്കുകൂടി സ്ഥാനത്തു നില്ക്കാറുള്ളതുപോലെ, ജീവച്ഛവങ്ങളായി ചില മനുഷ്യർ പത്തും ഇരുപതും കൊല്ലം ഭൂമിയിൽ കഴിച്ചുകൂട്ടാറുണ്ട്. മനസ്സിനെ എപ്പോഴും യൗവ്വനാവസ്ഥയിൽ വച്ചുകൊണ്ടിരിക്കുന്നതു് അത്ര വിഷമമായ ഒരു കാര്യമല്ല. നിത്യയൗവ്വനത്തെ മോഹിക്കുന്നവർ ശരീരത്തിൽ സഹജമായി നടന്നുകൊണ്ടിരിക്കുന്ന ജീർണ്ണോദ്ധാരണകർമ്മത്തേയും നവംനവങ്ങളായി സ്ഫുരിച്ചുകൊണ്ടിരിക്കുന്ന ശക്തിവിശേഷങ്ങളേയും അനുസ്മരിക്കട്ടെ. താരുണ്യം അനശ്വരവും, വാർദ്ധക്യം ഒരു അവാസ്തവവുമാണെന്നു ബോധിക്കണം. യൗവ്വനവിരുദ്ധങ്ങളായ ചിന്തകൾക്കൊന്നിനും മനസ്സിൽ ഇടംകൊടുക്കരുതു്. നീരസമായും, നിരുത്സാഹമായും അപജയമായുമുള്ള എല്ലാ പൂർവ്വാനുഭവങ്ങളേയും വിസ്മരിക്കണം. സംതൃപ്തവും സമാധാനയുക്തവുമായ കുടുംബജീവിതം ദീർഘായുസ്സിനു സഹായിക്കും. 105 വയസ്സുവരെ ജീവിച്ചിരുന്ന ഒരു ആംഗലവൈദികനോട് അയാളുടെ ദീർഘായുസ്സിന്റെ രഹസ്യമെന്താണെന്നു പലരും ചോദിക്കാറുണ്ടായിരുന്നു. അപ്പോഴൊക്കെയും പുരോഹിതൻ പറയുന്ന മറുപടി "രാത്രി 9 മണിക്കുശേഷം അനിഷ്ടമായ ഒരു സംഗതിയെക്കുറിച്ചും വിചാരിക്കയില്ലെന്നുള്ളതു് എന്റെ ഒരു നിശ്ചയാണ്" എന്നായിരുന്നു. പകൽ സമയത്തെ കഷ്ടനഷ്ടങ്ങളേയും, പരിഭവങ്ങളേയും, പരാതികളേയും കുറിച്ച് അത്താഴം കഴിഞ്ഞു നടത്താറുള്ള പുനർവ്വിചാരണ പലപ്രകാരത്തിലും ദോഷഹേതുകമാകുന്നു. നിദ്രക്കു മുമ്പു ശോഭനവും, സൗഭാഗ്യപരവും ഉന്മേഷപ്രദവുമായ ചിന്തകളേക്കൊണ്ടാണു ഹൃദയം നിറയ്ക്കേണ്ടതു്.

നിത്യയൗവ്വനം സമ്പാദിക്കണമെന്നു് മോഹിക്കുന്നവർ കഴിവുള്ളിടത്തോളം യുവാക്കന്മാരുമായി സഹവസിക്കണം. ചെറുപ്പക്കാരുടെ ചൊടിയും, ചുറുചുറുക്കും. ചോരത്തിളപ്പും അവരോടു സഹവസിക്കുന്നവരിലും ക്രമേണ സംക്രമിക്കാതിരിക്കയില്ല. യുവാക്കന്മാരെപ്പോലെ വസ്ത്രം ധരിക്കയും, നോക്കുകയും, ഭാവിക്കുകയും, ഓടിച്ചാടി നടക്കുകയും, സംസാരിക്കയും, കളിക്കയും മററും ചെയ്യുന്നതു് വൃദ്ധഭാവം അകററുന്നതിനു് ഉപയുക്തമാണ്. നമ്മേപ്പററി ചിന്തിക്കുമ്പോഴൊക്കെയും നമ്മുടെ ഏററവും സൗഭാഗ്യമായ കാലത്തെ ചിത്രമാണ് നാം സ്മരിക്കേണ്ടതു്. അക്കാലത്തെ പടങ്ങൾ ഉള്ളപക്ഷം അവയെ നമ്മുടെ പ്രധാനമുറിയുടെ പ്ര

ധാനഭാഗത്തു് വയ്ക്കണം. പല്ലുപോയ പടം, കഷണ്ടികേറിയ പടം, വടിയൂന്നിയ പടം, തൊലി ചുളുങ്ങിയ പടം ഇവ വല്ലതും നമ്മുടെ വീട്ടിൽ ഉണ്ടെങ്കിൽ കഴിയുന്ന വേഗത്തിൽ അവയെ ബഹിഷ്കരിക്കുക. നമ്മുടെ വാർദ്ധക്യത്തെയാണു് അവ പരസ്യം ചെയ്യുന്നതു്. നമുക്കു പലേ പോരായ്മകളുമുണ്ടായിരിക്കാം. അവയെപ്പററി വിചാരിച്ചു കണ്ഠിതപ്പെട്ടതുകൊണ്ടു യാതൊരു ഫലവുമില്ല. അവ മനശ്ശരീരങ്ങളുടെ പ്രതിലോമഗതിക്കേ സഹായിക്കയുള്ളു. സാധാരണയിൽ കവിഞ്ഞ പ്രായമുള്ളവരെപ്പററി വൃത്താന്തപത്രങ്ങളിലും മററും പലപ്പോഴും പ്രസ്താവമുണ്ടാകാറുണ്ടു്. അവരെ ജനങ്ങൾ കൂടെക്കൂടെ ചെന്നു് കാണുന്നതു് ജിജ്ഞാസകൊണ്ടോ, അനുകമ്പകൊണ്ടോ, ആയിരിക്കാം. എന്നാൽ വയസ്സും, യോഗ്യതയുടെ ഒരു മാനദണ്ഡമാകുന്നെന്നുള്ള പരമാർത്ഥം പലരും വിസ്മരിച്ചുകളയുന്നു. ഏററവും കൂടുതൽ ജീവിച്ചിരുന്ന ആൾ, ഏററവും ശക്തിമാനും, ഏററവും ശുഷ്കാന്തിയോടുകൂടി പ്രകൃതിനിയമങ്ങളെ പാലിച്ചിരുന്നവനുമായിരിക്കണം. ജോർജ്ജ് മാക്‌ഡോനാൾഡ് പറയുന്നതുപോലെ യഥാർത്ഥമായ വാർദ്ധക്യം വെറും ശോഷണമോ ജീർണ്ണനമോ അല്ല. അതു് നാം നമ്മുടെ ആയുഷ്കാലത്തു് പണിപ്പെട്ടു സമ്പാദിച്ചിട്ടുള്ള ശീലങ്ങളുടേയും, ജ്ഞാനങ്ങളുടേയും വികാസവും പരിപാകവുമാകുന്നു.

---

# പുഷ്പഗീതം

(ജി. ശങ്കരക്കുറുപ്പ്)

I

ചിരപ്രതീക്ഷിതപ്രഭാതകാലത്തിൻ
വരവറിയിക്കും വരനക്ഷത്രമേ,
സ്ഫുടഹാസത്താൽ മമ ഹൃദന്തര-
മമൃതധാരയിലലിക്കും ജ്യോതിസ്സേ,
മുനികൾ കമ്മയായ് മഹായജ്ഞമന്ത്ര-
ധ്വനിമുഖരിതസകലഭാഗയായ്
വിനിർഗ്ഗതമോഭരമിരുന്നൊരെൻ-
ജനിഭൂവിന്നതിദയനീയസ്ഥിതി
കരളിലോർത്താർത്തു കരയുന്നസുര-
വർദ്ധിക്കിൽ ബാഷ്പകണികയോ ഭവാൻ

II

ഒരു പകലുണ്ടായിരുന്നു പണ്ടെന്റെ
അനുപമപുണ്യനികേതഭൂവിനും

തരുണമാമതിൻതഴച്ചകാന്തിയെ
പ്പെരുംമലകളുമലയാഴികളും
വിലക്കിനിത്തീലവിനിഷ്പ്രഭാന്യഭൂ-
വലയഭാഗവുംപ്രകാശമാനമായ്!
സുരഭിലമായിവികസിതനാനാ-
സുമനോവാസനാവിശേഷത്താലിളം
ധരണിതൻരക്തസിരകൾക്കുത്തരോ-
ത്തരമണച്ചുയിരുദിപ്പിച്ചകാലം
നിരന്തരംശ്രേയസ്കരനിജകർമ്മ
നിരതയാകവാൻനിപുണമായ്നിന്നും
അവർണ്ണനീയമാസ്സുവർണ്ണകാലത്തെ
യവശയായ്‌വൃഥാകിനാവുകണ്ടിതാ
മുട്ടനെട്ടുവീർപ്പുവിടുകയായ്ലോക-
നട്ടനായകമായിരുന്നൊരന്നമ്മ!

III

ഇരവിതൻറകൃഷ്ണശിലയറയ്ക്കുള്ളിൽ
പരവശമാത്തമഹിപതിച്ചുപോയ്!
ഭയവിമൂഢയായ്ഭരിതലജ്ജയാ-
യയശസ്സിന്നകവിഹാരരംഗമായ്
പരദോഷാരോപപ്രവണിതചിത്തയായ്
ചിരപരിവൃഢതമോനിഹതയായ്
ഉദരപൂരണപരിവ്യഗ്രമൃഗ-
കദംബയായ്ത്തീർന്നുപുരാണാടവി!
മറഞ്ഞുപോയൊരാപ്പകലിനെത്തിരെ
മറന്നുവൈദ്യുതപ്പുഴുപ്പുള്ളുകളായ്! !
ഇരുൾവളർത്തുന്നോരിവവെളിച്ചത്തെ
ത്തരുവാനാണുപോൽചരിപ്പതീനാട്ടിൽ
ന്നകലെയെങ്ങാനുമിരിക്കുംനക്ഷത്ര-
നികരത്തിൻമഹാസദസ്സുവേണംപോൽ
ധരയിലാദ്യമായ്പ്രകാശംപുൽകിയ
നിരാലനാടിതൻറനിലവിചാരിപ്പാൻ
മുകുളിതമായിട്ടിരിക്കിലുംമേന്മ
തകുമംബ!തവമടിത്തടംതന്ന
പുലത്തുഞങ്ങൾതൻഹൃദയത്തിൽപൂർവ്വ
സുലഭവാസനനശിക്കുകില്ലന്നും
വരുംപ്രഭാതത്തിൽമിഴിതുറന്നനി-
ന്നരുഖ്യാതിഗന്ധംപരത്താവൃന്തങ്ങൾ!

# സ്വിററ്സർലാൻറിലെ വിദ്യാഭ്യാസം

സ്വിററ്സർലാൻറിലെ പ്രാഥമികവിദ്യാഭ്യാസം മുതൽ കലാശാലാവിദ്യാഭ്യാസം വരെ വിവരിക്കുന്നതിന് ദീർഘസമയം ആവശ്യമാകുന്നാൽ അതിനു ശ്രമിക്കുന്നില്ല. അവിടത്തെ പ്രധാനവിദ്യാഭ്യാസസ്ഥാപനങ്ങൾ സൂറിച്ച്, ജനീവ, ബേൺ, ബേസൽ, ഫ്രിബർഗ്ഗ് മുതലായ സർവ്വകലാശാലകളാണ്. പ്രസ്തുതസർവ്വകലാശാലകൾ യൂറോപ്പിൻെറ നാനാഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആകർഷിക്കുന്നുണ്ട്. ഉൽകൃഷ്ടവിദ്യാഭ്യാസം ആഗ്രഹിക്കാത്തവർക്കും പ്രത്യേകപരിശീലനത്തിനുവേണ്ട സൌകര്യങ്ങൾ സ്വിററ്സർലൻറിൽ ഉണ്ട്. പ്രത്യേകപരിശീലനത്തിനായി വ്യവസായവിദ്യാലയം സാങ്കേതികവിദ്യാലയം, കാർഷികവിദ്യാലയം മുതലായവയുമുണ്ട്. അവിടത്തെ ജനങ്ങൾ ഭാസുരമായ ഭാവിയെ ലാക്കാക്കി പ്രവർത്തിക്കുകയും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു ചുററും ആദർശങ്ങൾ കെട്ടിപ്പൊക്കുകയും ചെയ്യുന്നു.

അമേരിക്കയിൽ പല യുവതീയുവാക്കന്മാരും കാളേജുകളിൽ പോകുന്നതു് സാമുദായികമായ ഒരു നിലയുണ്ടാക്കുന്നതിനാണ്. പലരും അവരുടെ കാളേജിനെ ഖ്യാതി നൽകുന്ന ഒരു സ്ഥാപനമായി വിചാരിച്ചുവരുന്നു. സ്വിററ്സർലൻറിൽ നേരെ മറിച്ചാണ്. സാമുദായികമായ ഉദ്ദേശസാദ്ധ്യങ്ങൾക്കായി അവിടെ ആരുംതന്നെ സർവ്വകലാശാലകളിൽ പോകാറില്ല. അവർ വിദ്യാഭ്യാസത്തിന് സാമ്പത്തികമായും ആദ്ധ്യാത്മികമായും സാംസ്കാരികമായും വില കല്പിക്കുന്നു.

സ്വിററ്സർലൻറ് ഒരു ചെറിയ രാജ്യമാണ്. അവിടത്തെ ജനസംഖ്യ 40 ലക്ഷത്തിൽ കുറവാകുന്നു. 16000 ചതുരശ്രമൈൽ വിസ്താരമുള്ള ഈ രാജ്യം ഇൻഡ്യയിലെ ജയപുരത്തോളമുണ്ട്. ഏതു ചെറുരാജ്യവും അപ്രധാനമല്ല എന്നു ഗ്രീസ്, പാലസ്റ്റയിൻ മുതലായവയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. രാജ്യം വലുതായാൽ അതിനടുത്ത മഹിമയുണ്ടെന്നും വിചാരിച്ചുകൂടാ. ആഫ്രിക്കയുടെ സ്ഥിതിതന്നെ അതിനുദാഹരണമാണ്. സ്വിററ്സർലൻറിൽ പല വർഗ്ഗക്കാരുമുണ്ട്. വർഗ്ഗീയമായോ, ഭാഷാവിഷയകമായോ, മതസംബന്ധമായോ ഉള്ള ഐക്യം അവിടെ കാണുകയില്ല. അവർക്കു ദേശീയഭാഷയില്ല. ജർമ്മൻ, ഫ്രെഞ്ച്, ഇററാലിയൻ മുതലായ ഭാഷകളാണ് അവർ സംസാരിച്ചുവരുന്നതു്. അവ കൂടാതെയും പല ഭാഷകൾ പ്രചാരത്തിലുണ്ട്. ഒരു സ്ഥലത്തു താമസിക്കുന്നവർ തന്നെ പല ഭാഷകളും സംസാരിക്കുന്നതുകൊണ്ടു അവരെ തിരിച്ചറിയുവാൻ വിഷമമാണ്. ഫ്രെഞ്ചുഭാഷയും ജർമ്മൻഭാഷയും അവിടത്തെ ഔദ്യോഗികഭാഷകളാകുന്നു. ചില യൂറോപ്യൻ രാജ്യധുരന്ധരന്മാരുടെ ട്രഷ്ട്യ്രാ രാഷ്ട്രം എന്നപദം സ്വിററ്സർലൻറിനെ

സംബന്ധിച്ചിടത്തോളം അസ്ഥാനത്തായി തോന്നുന്നുണ്ടെങ്കിൽ അതു തെറ്റാകുന്നു മാത്രം വിചാരിച്ചാൽ മതി. ജനവർഗ്ഗം, ഭാഷ, മതം, മുതലായവ സംബന്ധിച്ച പല വ്യത്യാസങ്ങളും കാണുന്നുണ്ടെങ്കിലും സ്വിറ്റ്സർലൻറ് ഒരു രാഷ്ട്രമാകുന്നുവെന്നുള്ളതിന് സംശയമില്ല. രാഷ്ട്രീയബോധം അവരുടെ ഇടയിൽ നല്ലപോലെ തെളിഞ്ഞുകാണുന്നുണ്ട്.

അനവധി ജനവർഗ്ഗങ്ങളുടേയും ഭാഷകളുടേയും കുടുംബമായ സ്വിറ്റ്സർലൻറ് ആൽപ്സ് പർവ്വതത്തിന്റെ കാലം മുതല്ക്കുതന്നെ ഒരു സ്വതന്ത്രരാജ്യമാണെന്നു പറയാം. അവരുടെ സ്വാതന്ത്ര്യം സ്വർഗ്ഗത്തിൽനിന്നും ലഭിച്ച ഒരു സമ്മാനമല്ല. അതു ഭയങ്കരങ്ങളായ അനവധി സംരംഭങ്ങളുടെ ഫലമാണ്. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ആയുധത്തിൽ ജീവത്യാഗംചെയ്ത ധീരന്മാരുടെ എണ്ണം എത്രയോ വലുതാകുന്നു. എന്നാൽ അവരിൽ പ്രധാനി വില്യം ടെൽ ആണ്. സ്വിറ്റ്സർലൻറിന്റെ ചരിത്രവുമായി സുദൃഢബന്ധമുള്ള ആ ധീരാത്മാവിന്റെ കഥ ചുരുക്കിപ്പറയാം.

വില്യം ടെൽ ഒരു കൃഷകന്റെ പുത്രനായിരുന്നു. ദേശാഭിമാനിയായ അദ്ദേഹം അനവധി ഉൽകൃഷ്ടഗുണങ്ങളുടെ കേളീരംഗമായിരുന്നു. പതിനാലാം നൂറ്റാണ്ടിന്റെ ആദിമഘട്ടത്തിൽ ആസ്ത്രിയ, സ്വിറ്റ്സർലൻറിൽ അതിന്റെ ഭരണാധികാരം ഉറപ്പിക്കുവാൻ ശ്രമിച്ചിരുന്നപ്പോഴാണ് അദ്ദേഹം ജനിച്ചത്. ആസ്ത്രിയക്കാരുടെ മർദ്ദനം സഹിക്കവയ്യാതായി. നേതാക്കന്മാരെല്ലാം മലയിലുള്ള "റട്ട്ലി" എന്ന സ്ഥലത്തു കൂട്ടംകൂടി അവരുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്നതാണെന്നു പ്രതിജ്ഞചെയ്തു.

വില്യം ടെൽ അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ ആസ്ത്രിയൻ ഗവർണ്ണർ സ്വിറ്റ്സർലൻറുകാരുടെ നേതാവ് ടെൽ ആണെന്നു മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ നാശത്തിനായി ശ്രമിക്കുകയും ചെയ്തു. അദ്ദേഹം വഴിയരികിൽ ഒരു കുററിനാട്ടി, അതിന്മേൽ തന്റെ തൊപ്പിവച്ചു; ടെല്ലിനോട് അതിനെ വന്ദിക്കണമെന്ന് ആവശ്യപ്പെട്ടു. അത് എത്രയും അപമാനകരമായിരുന്നതുകൊണ്ടു ടെൽ ആ അപേക്ഷയെ നിരസിക്കയാണുണ്ടായത്. തൽഫലമായി അദ്ദേഹത്തെ മരണശിക്ഷക്കു വിധിച്ചു. അദ്ദേഹത്തിന്റെ കുട്ടിയുടെ തലയിൽ ഒരു ആപ്പിൾ പഴം വച്ച് അതിൽക്കൂടി അസ്ത്രം വിടുകയാണെങ്കിൽ അദ്ദേഹത്തിന്റെ ജീവനെ രക്ഷിക്കാമെന്ന് ഒരു വ്യവസ്ഥയുംകൂടി ആ വിധിയിലുണ്ടായിരുന്നു. സമർത്ഥനായ വില്യം ലാക്കു തെററാതെ ആപ്പിൾ പഴത്തിൽക്കൂടി അസ്ത്രം അയച്ചു. അതേ സമയത്തുതന്നെ കുട്ടി മരിച്ചുപോകുന്നതായാൽ വേറൊരു അസ്ത്രം ഗവർണ്ണർക്കു വേണ്ടി കരുതിയിട്ടുണ്ട് എന്നും അദ്ദേഹം ഗവർണ്ണറെ അറിയിച്ചിരുന്നു. അതുകൊണ്ടു ധിക്കാരിയെന്നു തോന്നിയ വില്യം

ടെല്ലിനെ ഗവണ്ണരുടെ ബോട്ടിൽ പിടിച്ചുകൊണ്ടുവന്നു. ഗവണ്ണരുടെ വാസസ്ഥലം ഒരു തടാകത്തിന്റെ തീരത്തായിരുന്നു. അവർ ബോട്ടിൽ സഞ്ചരിക്കുമ്പോൾ അതിഭയങ്കരമായ ഒരു കൊടുങ്കാറ്റുണ്ടായി. എല്ലാവരും ഭയവിഹ്വലരായി മരിക്കുമെന്നുതന്നെ കരുതി. ആ സമയത്ത് അവരെ രക്ഷിക്കുവാൻ വില്യംടെല്ലിനു കഴിയുമെന്നു ചിലർക്കു തോന്നുകയും അദ്ദേഹത്തെ ഉടനെ കെട്ടഴിച്ചു വിടുകയും ചെയ്തു. ടെൽ അമരം കൈക്കലാക്കി. അദ്ദേഹം അതിവേഗത്തിൽ, ഉന്തിനിന്നിരുന്ന ഒരു പാറയുടെ അറ്റത്തു ബോട്ടടുപ്പിച്ച് അവിടെനിന്നും രക്ഷപ്പെട്ടു. അധികം താമസിയാതെതന്നെ ഒരു അമ്പുകൊണ്ട് അദ്ദേഹം ഗവണ്ണരെ വധിച്ചു. ഉടനെ അദ്ദേഹം സ്വിററ് സർലണ്ടിൽ എത്തി ഒരു ലഹളയുണ്ടാക്കുകയും ആസ്ട്രിയക്കാരെ തോല്പിക്കുകയും ചെയ്തു. ടെൽ വിജയിയായി. എല്ലാവരും അദ്ദേഹത്തെ അവരുടെ രക്ഷകനായി കൊണ്ടാടി. അദ്ദേഹം സുപ്രസിദ്ധനുമായിത്തീർന്നു.

സ്വിററ്സർലണ്ടിലെ ഓരോ കുട്ടിക്കും വില്യംടെല്ലിന്റെ കഥ അറിയാവുന്നതാണ്. അദ്ദേഹത്തിന്റേയും, തലയിൽ ആപ്പിൾപഴംവെച്ചു ആ കുട്ടിയുടേയും ചിത്രങ്ങൾ എല്ലാ വിദ്യാലയത്തിലും ഉണ്ട്. റട്ട്ലി എന്ന ആ മൈതാനം സ്വിററ് സർലണ്ടിലെ വിദ്യാർത്ഥികൾ വിലക്കു വാങ്ങി. ഇപ്പോഴും അതു അവരുടെ കൈവശമാണ്. ആ സ്ഥലത്തിന്റെ സൂക്ഷിപ്പിനുവേണ്ടി ഓരോ കുട്ടിയും ആണ്ടിൽ രണ്ടു പൈസ വീതം കൊടുക്കണം. ആ സ്ഥലം ഒരു പുണ്യസ്ഥലമായിട്ടാണ് ആ നാട്ടുകാർ കരുതുന്നത്. സ്വിററ് സർലണ്ടിന്റെ ചരിത്രം പല ധീരോദാത്തകഥകളുടേയും രംഗമാണ്. അതിഭയങ്കരങ്ങളായ യുദ്ധങ്ങൾ ചെയ്ത് അവരുടെ സ്വാതന്ത്ര്യം അവർ വീണ്ടും സമ്പാദിച്ചു. അവർക്കു പ്രത്യേക സൈന്യമില്ല. 16 വയസ്സിനും 20 വയസ്സിനും മദ്ധ്യയുള്ള എല്ലാ യുവാക്കളേയും യുദ്ധം പരിശീലിപ്പിക്കുന്നുണ്ട്. രാജ്യം രക്ഷിക്കേണ്ടതു ജനങ്ങളുടെ കടമയാണല്ലോ.

---

# പുസ്തകാഭിപ്രായം

## ഗീതാവലി

മേരിജാൻ തോട്ടം, കുറവിലങ്ങാട്.

വില 4-ണ 7-പൈ

നാനാമുഖങ്ങളായ കവിതാഗ്രന്ഥങ്ങൾ നവംനവങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അവയിൽ പലതും ഉദ്ദിഷ്ടലക്ഷ്യത്തെ അതിക്രമിച്ചും കാണുന്നുണ്ട്. എന്നാൽ അവയെ പണ്ഡിതന്മാർ പോററി വളർത്തുന്നതു ഭാഷാസാഹിത്യത്തിനു ദോഷാവഹമെന്നു പറയാതെ നിവൃത്തിയില്ല.

ഗ്രന്ഥം ഏതുമാതിരിയെന്നൊന്നും ഗണിക്കാതെ ആളെ നോക്കി

യും ആശ്രയവാത്സല്യം പ്രമാണിച്ചും അവതാരിക എഴുതുന്നതും അഭിപ്രായം പറയുന്നതും ഭാഷാപ്രണയികൾ സ്വീകരിക്കേണ്ട ഒരു നയമല്ല. ഗ്രന്ഥാഭിപ്രായം വെറും സ്തുതിപാഠമെന്ന നിലയെ ആശ്രയിച്ചിരിക്കേണ്ടതുമല്ല.

ഇതാ ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന "ഗീതാവലി" ഇതിന്നു് ഒരു ഉത്തമസാക്ഷ്യമാണു്. ഇതിന്റെ അവതാരിക ആരേയും പരിഭ്രമിപ്പിക്കും. പിന്നെയാണോ 'പരപ്രത്യയനേയബുദ്ധികളെ' വഴിതെററിക്കാതിരിക്കുന്നതു്?

ഇതു് ഒരു അരങ്ങേററഗ്രന്ഥമാണു്. സർവ്വസാധാരണമായി കവിതാകാമിനി അനുഗ്രഹിച്ചിട്ടില്ലാത്ത ഒരു വർഗ്ഗത്തിലെ യുവതിയാണു് ഈ ഗ്രന്ഥകർത്രി. അതുകൊണ്ടു് അതിസ്തുതികൊണ്ടെങ്കിലും പ്രോത്സാഹനം നൽകേണ്ടതാണു്.; എന്നെല്ലാം ന്യായം പറവാനുണ്ടെങ്കിലും തെറററിയാതെ ഇനിയും പല ഗ്രന്ഥങ്ങൾ ഈ വഴിക്കുതന്നെ പുറപ്പെടുവാൻ ഇടയുള്ളതുകൊണ്ടു് അതു ഭാഷയ്ക്കു് ഒരു ശോഭനഭാവിയല്ലെന്നു ഞങ്ങൾ തുറന്നുതന്നെ പറയും.

"ഗീതാവലി"യിൽ പതിന്നാലു ചെറുഗീതങ്ങളാണുള്ളതു്. അവയിൽ അഞ്ചെണ്ണം ദ്രാവിഡവൃത്തങ്ങളിൽ എഴുതിയിട്ടുള്ളവയാണു്.

ദ്രാവിഡവൃത്തങ്ങളുടെ ജീവനായ സംഗീതത്തെ പല ദിക്കിലും മറിവെല്ലിച്ചിട്ടുണ്ടു്. ഗാഥയുടെ മുമ്മൂന്നക്ഷരങ്ങൾ കഴിയുമ്പോൾ ഉള്ള യതിയെ നിരസിക്കുക, സർവ്വഗുരുവായ ഗണങ്ങളെ സുലഭമായി പ്രയോഗിക്കുക, ഇവ സർവ്വസാധാരണമായിട്ടുണ്ടു്.

"അസ്തഗിരിമുകളെത്ത നിന്നീടുന്ന
മാർത്താണ്ഡദേവന്റെ ദീപ്തിയാലേ."

ഇതു് ഒന്നാമത്തെ ദോഷത്തിനും

"ക്രോഡേ ശാലാഖാമാരാകാശവീഥിയിൽ
ശോഭകലന്നു നിരന്നുനിന്നു.

ഇതു രണ്ടാമത്തെ ദോഷത്തിനും ഉള്ള ഉദാഹരണങ്ങളാണു്.

അന്നനടയിൽ ഒരു ഗീതമുണ്ടു്. ഈരണ്ടക്ഷരമുള്ള ആറുഗണങ്ങൾ ഒരു വരിയിൽ ഉണ്ടായിരിക്കണം. മൂന്നു ഗണം കഴിയുമ്പോൾ ഒരു യതിയും വേണം. ഓരോ യതിയിൽ ആദ്യഗണത്തിലെ രണ്ടാമത്തെ അക്ഷരം ഗുരുവായോ ഗുരുവാക്കാവുന്നതായോ ഇരിക്കണം. ഇതുയെല്ലാം ദീക്ഷിച്ചില്ലെങ്കിൽ "അന്നനട" "പൂത്താങ്കീരിനട"യാകുന്നതാണു്.

"കനകമഗ്നിയിൽ വറുക്കുംപോലെയി-
ന്നനയനെയേററം വിശുദ്ധനാക്കുവാൻ"
"ഒരുമിച്ചുതിങ്ങിനിരന്നഹോ പാര-
മരുമയോടുമേഞ്ഞിരിക്കുംവേളയിൽ"

വിസ്തരഭയത്താൽ ഉദാഹരണം ചുരുക്കുന്നു.

ഇനിയത്തെ ഒരു വൃത്തം കേകയാണു്. പക്ഷെ കുറത്തിപ്പാട്ടു് എന്നാണു് എഴുതിയിരിക്കുന്നതു്. അതു് ഇതിന്റെ പാടേണ്ട രീതിമാത്രമാണു്.

3—2—2/3—2—2 എന്നു ഗണങ്ങളെ തിരിച്ച് ഇരുപതു മുതൽ ഇരുപത്തിഎട്ടുവരെ മാത്ര ഉണ്ടായാൽ അതു കേക.

4—2—2/4—2 എന്നു ഗണം തിരിച്ചു, ഗുരുവധികമാക്കി പാടിയാൽ അതു കുറത്തിയുമാകും. ഇത്ര സൂക്ഷ്മവ്യത്യാസത്തോടെ സ്ഥിതിചെയ്യുന്ന ദ്രാവിഡവൃത്തങ്ങളെ ഛായപിടിച്ചു തോന്നിയവാസം കാട്ടുന്നതു കവികളുടെ കടുംകയ്യുതന്നെ.

ഇതങ്ങിനെയിരിക്കട്ടെ. കവിതയ്ക്കു സ്വീകരിക്കുന്ന വിഷയങ്ങൾ കാവ്യരചനാകളരിയിലെ തഴക്കവും പഴക്കവും അവലംബിച്ചു വേണ്ടതാണ്.

'വിശുദ്ധജോബ്' 'ഒരാത്മാവിൻെറ സ്നേഹഗീത' 'കൊച്ചുമേരി' എന്നിവ വലിയ ചിന്തക്കവകാശമുള്ള വിഷയങ്ങളല്ലല്ലൊ. ഈവിധവിഷയങ്ങളാണ് ആദ്യമാദ്യമായി കവിതയ്ക്കു വിഷയമായി സ്വീകരിക്കേണ്ടതു്. ഈ ഗ്രന്ഥത്തിൽ ഈ വിഷയങ്ങളെ പ്രതിപാദിച്ചു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നുണ്ട്.

വെറും കല്പനാശക്തിക്കു മാത്രം വിഷയമായ "കവിതാകാമിനി" കവയിത്രിയുടെ മനോദപ്പണത്തിൽ ഏതെല്ലാം വേഷംകെട്ടി എന്തെല്ലാം വരദാനത്തിനാണ് ഒരുങ്ങിയിരിക്കുന്നതു്! കാവ്യം ഒരു യുവാവിൻേറതെങ്കിൽ, ശ്ലേഷാപ്രയോഗംകൊണ്ടു ചില ദിക്കിൽ നിശ്ചയമായി അശ്ലീലം തോന്നിക്കുമായിരുന്നു.

ചെമ്പരത്തിയെ വർണ്ണിച്ച കവയിത്രി അവയിൽ പലജാതിയുണ്ടെന്നു മറന്നു് ഒരുവകയെ മാത്രം എടുത്തു കവിതാനികഷത്തിൽ ഉരച്ചുനോക്കുന്നു. സൌരഭ്യത്തിൻെറയും സുധയുടേയും രാഹിത്യം സ്ത്രീസഹജമായ വെറുപ്പോടെ നോക്കുന്നതിനു സംഗതിയാക്കുന്നു. ശിശുക്കൾക്കു് ഒരു വരൌഷധിയാണു ചെമ്പരത്തിയെന്നതു് ഒരു മാതാവും വിസ്മരിക്കരുതാത്തതാണ്. ഒരു ദിക്കിൽ ചെമ്പരത്തിയെ ഇങ്ങിനെ കല്പിച്ചിരിക്കുന്നു:—

രാഗത്തിലുള്ള പുറമെ തെളിയിച്ചുകൊണ്ടും
യോഗത്തിലെന്നുമൊരുപോലെ രസിച്ചുകൊണ്ടും
ഉദ്യഗസ്സുകന്നവിധമക്കുടിലത്വമാണ്ടും
യോഗീശ്വരൻെറ നവ മാതൃക നീ നിനച്ചാൽ"

ഇതിൻെറ ആശയം എങ്ങിനെയെന്നു മനസ്സിലാകുന്നില്ല. യോഗീശ്വരനു രാഗത്തിലുള്ളുണ്ടോ? കുടിലത്വമുണ്ടോ?

അനവധിവിധത്തിൽ ദൂനചിത്തയായി നഷ്ടധീരയായിരിക്കുന്നൊരു നായികയോടു "മാംപരിപാഹി" എന്നു പ്രാർത്ഥിക്കുന്നതു് അത്ഭുതാവഹംതന്നെ.

കവയിത്രിയുടെ കല്പനാവൈചിത്ര്യംകൊണ്ടു "പറുദീസാ" കണ്ടതും വ്യാകുലതയിൽ ആശ്വാസം അടഞ്ഞതും, ഏകാന്തവാസിയായ സന്യാസിയിൽ സായൂജ്യമടഞ്ഞതും മററും സാധിച്ചു എന്നല്ലാതെ സ്വാനുഭൂതിയുടെ ഫലമെന്നു ഈ വകയിൽ ഒന്നുംകൊണ്ടും വായനക്കാർക്കു് അനുഭവപ്പെടുന്നില്ല.

ഭാഷാപ്രയോഗത്തിലും അല്പം ശ്രദ്ധിക്കണമെന്നു ഞങ്ങൾക്കു ഒരു പക്ഷമുണ്ടു്.

"ആരോരാവീണ്ടുണരാത്തനിദ്ര"

വീണ്ടും എന്നല്ലേ വേണ്ടതു്?

"ഏറീടും നിൻ ക്ഷമ കേടിനാൽ നീയിതു ഭേദപ്പെടുത്താതെ കാത്തുകൊൾക." ഇതിന്റെ അർത്ഥം വ്യക്തമല്ല.

"കാതുകളിൽ കടന്നിമ്പമോടെ
മായാവിഹീനമെൻ ചങ്കിനകത്തേക്കു"

ഇവിടത്തെ "കാതും ചങ്കും" ചെവിക്കും ഹൃദയത്തിന്നും പര്യായങ്ങളാണു്. കാതു കുത്തിയാൽ ആഭരണം ഇടുവാനെന്നു തോന്നും. ചെവി കുത്തിയാൽ വല്ല മരുന്നും ചെയ്യണമെന്നേ തോന്നാറുള്ളു.

"വൃക്ഷശിഖരത്തിലെത്തിച്ചില
രോരോപുഷ്പങ്ങളിൽനിന്നു നൃത്തമാടും"

പുഷ്പങ്ങളിലൊ വൃക്ഷാഗ്രത്തിലൊ നൃത്തം? പുഷ്പങ്ങളിൽ എന്നു തോന്നും. അതു കഷ്ടവുമാണു്. "കരച്ചിലും കോപമവറിയും" പൂണ്ടിട്ടു "സലജ്ജാഹ"മഭിനയിച്ചു. ഇവിടത്തെ "സലജ്ജാഹ" പ്രയോഗം തീരെ പിഴച്ചു എന്നു തോന്നുന്നു. മണാളന്റെ സമാഗമത്തിൽ ചെന്തീനിറം ചേർന്ന പട്ടുടുത്തു ചമയുന്നതു സാമാന്യ നടപ്പല്ല. വല്ല വിശേഷവിധിയും അതിന്നുണ്ടോ ആവോ? "ഒരു ശോഭ പുറപ്പെടുത്തുവാൻ" ഇതു പിഴ തന്നെയല്ലേ?

ഇത്രയുമൊക്കെ പറഞ്ഞതുകൊണ്ടു കവയിത്രിയെക്കുറിച്ചു ഞങ്ങൾക്കു ബഹുമാനമില്ലെന്നു ആരും തെററിദ്ധരിക്കരുതു്. നല്ല വാസനയും പദസമൃദ്ധിയും ഉള്ള ഈ യുവകവയിത്രി മുഖസ്തുതിയിൽ മാത്രംപെട്ടു്, ആശയസംസ്കരണം ചെയ്യാതെയും സൂക്ഷ്മചിന്താശീലം വെടിഞ്ഞും, നിരീക്ഷണത്തെ പ്രബലപ്പെടുത്താതെയും "കവിതാകാമിനിയെ" താരാട്ടുവാൻ പുറപ്പെടരുതെ എന്നു പ്രശ്രയപൂർവ്വം ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

## ശ്യാമളാദണ്ഡകം (സവ്യാഖ്യാനം)

കുസുമം 3.

വ്യാഖ്യാതാ—മഹോപാദ്ധ്യായൻ ജി. നാരായണപ്പണിക്കർ,
മാനേജർ, കേരളധർമ്മം, സദാനന്ദപുരം, കൊട്ടാരക്കര.

വിദ്യാഭ്യാസം എന്ന പേരിൽ ഇന്നു നടത്തിപ്പോരുന്ന സമ്പ്രദായം ദോഷരഹിതമെന്നു സമ്മതിക്കുന്നവർ ആരും തന്നെയില്ല. ശരീരമനസ്സുകളുടെ അഭിവൃദ്ധിക്കു പുറമെ ആത്മീയവളർച്ചയെക്കൂടി വിദ്യാഭ്യാസം എന്നതിൽ വിവക്ഷയുണ്ടു്. അപ്പോൾ ഇന്നത്തെ വിദ്യാഭ്യാസം മൂന്നിലൊരു ഭാഗത്തെമാത്രമേ സ്പർശിക്കുന്നുള്ളു. അതുതന്നെയും ഉചിതരീതിയിലല്ല. ബുദ്ധിസംസ്കാരത്തെമാത്രം മുൻനിറുത്തി നടത്തിപ്പോരുന്ന ഇന്നത്തെ വിദ്യാഭ്യാസം അതിന്റെ വളർച്ചയേക്കാൾ അതിനെ അടിച്ചമർത്തുന്നതിനേ പര്യാപ്തമാകുന്നുള്ളു. നമ്മുടെ വിദ്യാഭ്യാസം ഇത്ര നഗ്നമെന്നു ഒന്നരശ്ശതാബ്ദം കഴിഞ്ഞിട്ടുമാത്രമാണു് ഏതാനും ചിലർ അറിഞ്ഞുതുടങ്ങി

യത്ത്. അതിൻെറ ഫലമായി വിസ്മൃതകോടിയിൽ മറഞ്ഞുകിടന്നിരുന്ന അദ്ധ്യാത്മബോധം അല്പാല്പം പ്രകാശിച്ചുതുടങ്ങി.

ഇതാ ഞങ്ങളുടെ മുമ്പിൽ ഇരിക്കുന്ന ശ്യാമളാദണ്ഡകവ്യാഖ്യാനം മേല്പറഞ്ഞ സംഗതിയെ വിശദപ്പെടുത്തുന്നുണ്ടു്. സംസ്കൃതഭാഷാനഭിജ്ഞന്മാരായ മലയാളികളുടെ ഉപയോഗത്തിനു ദേവിപ്രസാദംകൊണ്ടു അനുഗ്രഹീതനായി വിശ്വവിശ്രുതനായിരിക്കുന്ന കാളിദാസ മഹാകവിയുടെ സ്വാനുഭൂതിയിൽനിന്നു വിഗളിതമായ ഈ സ്തോത്രം അപൂർണ്ണവും സ്ഖലിതസ്പൃഷ്ടവും ആയ വ്യാഖ്യാനാന്തരങ്ങൾകൊണ്ടു പര്യാപ്തങ്ങളായിരുന്നില്ല. എന്നാൽ മി. പണിക്കരുടെ ഈ വ്യാഖ്യാനം ഇന്നു പ്രസിദ്ധീകരിച്ചിട്ടുള്ള മററു വ്യാഖ്യാനങ്ങളെ അതിശയിക്കുന്നുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. സാഹിത്യരംഗത്തിൽ വിഹരിക്കുന്ന യുവമലയാളികൾക്ക് ഈവിധമുള്ള വ്യാഖ്യാനങ്ങൾ, മൂലത്തിൻെറ ജീവനായ അർത്ഥത്തെയും രസത്തെയും തേജോവധംചെയ്ത തർജ്ജമ വായിക്കുന്നതിലധികം ഉപകാരപ്പെടുമെന്നതിനു സംശയമില്ല.

ഈ വ്യാഖ്യാതാവ് ഈവിധമുള്ള ഗ്രന്ഥങ്ങളല്ല വ്യാഖ്യാനിക്കേണ്ടതെന്നു തോന്നിപ്പോകുന്നു. ഉൽകൃഷ്ടങ്ങളായ സാഹിത്യഗ്രന്ഥങ്ങൾക്കു ഈവിധമുള്ള വ്യാഖ്യാനങ്ങൾ രചിക്കുന്നതായാൽ ഭാഷക്കു അതു അമൂല്യമായ ഒരു സമ്പത്തായിത്തീരുമെന്നതു നിശ്ചയം തന്നെ.

മലയാളത്തിൽതന്നെ പാണ്ഡിത്യക്കുറവും സ്തോത്രപാരായണത്തിൽ ഔൽസുക്യവും ഉള്ള ഒരുവനു മിസ്റ്റർ പണിക്കരുടെ വ്യാഖ്യാനം അല്പം അധികമല്ലേ എന്നു സംശയിക്കുന്നു. "നമ്രദിക്പാല.........നഖേന്ദുജാലെ" എന്ന ഭാഗത്തെ വ്യാഖ്യാനിച്ചിരിക്കുന്നതു നോക്കുക. ഭ്രാന്തിമാൻ, ഉൽപ്രേക്ഷ, രൂപകം ഇവ മൂന്നും വാച്യമായും, വ്യതിരേകം വ്യംഗ്യമായും സമർത്ഥിച്ചിരിക്കുന്നതു് എത്രപേർക്കു (പാരായണക്കാർക്കു) മനസ്സിലാകും?

മിസ്റ്റർ പണിക്കരുടെ ശ്രമം മററു സാഹിത്യകോടിയിൽ പരിലസിക്കുന്നതിനും ഇതിൽ പൂർണ്ണവിജയത്തോടെ വിളങ്ങുന്നതിനും ജഗദാംബികയോടുതന്നെ അഭ്യർത്ഥിച്ചുകൊള്ളുന്നു.

### അഹിംസാധർമ്മം. (കർണ്ണാടക പരിഭാഷ)

### പരിഭാഷകൻ—എൻ. പി. ആച്ചമത്തു്.

ജീവകാരുണ്യം ഏതു മതത്തിൻേറയും നാരായവേരാണ്. എന്നാൽ ഉപാധിഭേദംകൊണ്ടും ഉപയോഗലോഭംകൊണ്ടും അതിനുള്ള പരിധി പലപ്പോഴും ഭിന്നിച്ചു കാണുന്നുണ്ടു്.

വൈദികമതപ്രാചുര്യത്തിൽ ജീവകാരുണ്യത്തെ അവഗണിച്ചിട്ടില്ലായിരുന്നു എങ്കിലും യാഗാദികർമ്മബാഹുല്യംകൊണ്ടു ജന്തുഹിംസയ്ക്കു സങ്കല്പവിശിഷ്ടമായ ഫലം സമാധാനമായി കരുതിയിരുന്നു.

ബുദ്ധദേവൻെറ പ്രേമസമ്പൂർണ്ണമായ ജീവിതമഹത്വംകൊണ്ടു് 'അഹിംസ' പരമധർമ്മമായി ഭാരതീയർ ഒന്നോടെ സ്വീകരിച്ചു കഴിഞ്ഞു. എ

ങ്കിലും ഹിംസ കൂടാതെ ജീവിപ്പാനുള്ള അസാദ്ധ്യതയാൽ അതിന്നുള്ള അവകാശം ദിനംപ്രതി വൎദ്ധിപ്പിച്ച മാംസഭക്ഷണംവരെ എത്തിക്കഴിഞ്ഞിരിക്കുന്നു.

അതുകൊണ്ടു് ഈ വിധ ഗ്രന്ഥങ്ങളുടെ ആവിൎഭാവം ഒട്ടും അസ്ഥാനത്താകുവാൻ ഇടയില്ല.

ഗുരുശിഷ്യ സംഭാഷണരീതിയിൽ പ്രതിപാദിച്ച വിഷയത്തെ വിശദീകരിക്കുന്ന സമ്പ്രദായം അത്യന്തം ആശാസ്യമായിരിക്കുന്നു. പക്ഷെ ശിഷ്യൻ ചോദിക്കുന്ന ഒരു ചോദ്യത്തിനു ഗുരുവിന്നു് അറിയാവുന്നതൊക്കെ പറകയെന്നതു വളരെ നല്ലതല്ല. ഇന്നു ലോകം കനിഷ്ഠികാധികാരിയുടെ നിലയിലാണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു ഗുരു ഉത്തമാധികാരിക്കെന്നപോലെ ഒരുവിഷയം പ്രതിപാദിക്കുന്നതിൽ ശിഷ്യവൎഗ്ഗത്തിനു സമാധാനം മതിയാകുന്നതല്ല.

ഹിംസവേണമെന്നു ഒരുവനും സമ്മതിക്കുകയില്ല. എങ്കിലും ഓരോരുത്തനും അവൻെറ കൎമ്മം ഹിംസയല്ലെന്നു വാദിച്ചു സാധിക്കുന്നതെ ഉള്ളു. അതിനാൽ ആ വക ആളുകളുടെ അഭിപ്രായം ഓരോന്നായി എടുത്തു ഖണ്ഡിച്ചു സ്വമതം സ്ഥാപിച്ചെങ്കിലേ ഒരു വിഷയപ്രതിപാദനം സ്വീകാൎയ്യമായി വരുന്നുള്ളു. ശാസ്ത്രം അങ്ങിനെയാണെന്നോ പല ഗ്രന്ഥങ്ങളിൽനിന്നു അനേക ഉദാഹരണങ്ങൾ കാണിക്കുന്നുണ്ടെന്നോ വന്നാൽ അതെല്ലാം ശരിയായി എന്നു വിശ്വസിക്കുന്നവർ ഇന്നധികമില്ല. എങ്കിലും ഈ വഴിക്കുള്ള ഗ്രന്ഥങ്ങൾ എത്രയുണ്ടായാലും ഈ ഗുണം അനുഷ്ഠാനപരമായി ഓരോ വ്യക്തിയിലും ഉദ്ധപ്പെടേണ്ടതാണു്. ഗ്രന്ഥങ്ങൾമൂലം ബുദ്ധിക്കു വികാസം വരുന്നതല്ലാതെ ഹൃദയത്തിന്നു ശുദ്ധി വരുമെന്നു തോന്നുന്നില്ല.

പരിഭാഷ മൂലഗ്രന്ഥത്തോടു എത്ര യോജിച്ചിരിക്കുന്നു എന്നൊന്നും പറവാൻ ഇപ്പോഴും തരമില്ലല്ലോ. എങ്കിലും ഭാഷാശുദ്ധിക്കു അശേഷവും ഹാനിയില്ലെന്നു നിശ്ചയംതന്നെ. എങ്ങിനെ ആയാലും ഗ്രന്ഥകൎത്താവിൻെറ ഈ ശ്രമം പരിഭാഷകൻേറ ജിജ്ഞാസക്കു വിഷയമായതും അതു കേരളഭാഷക്കു് അനുഗ്രഹമായിത്തീൎന്നതും അഭിനന്ദനീയംതന്നെ. പരിഭാഷകൻെറ ഈവിധ ശ്രമങ്ങൾക്കു സൎവ്വവിജയവും ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു.

## "കോമളം"

ഗ്രന്ഥകൎത്താവു്; കെ. വി. ശങ്കരൻനായർ എം. ഏ.

മംഗളോദയം പ്രസ്സ്, തൃശ്ശിവപേരൂർ, വില 1—0—0

ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ആഖ്യായികകളും നോവലുകളും ക്രമത്തിലധികമായി പടൎന്നുപിടിച്ചു വരുന്നു. എന്നാൽ ഈ പ്രസ്ഥാനങ്ങളിൽക്കൂടി സ്വച്ഛന്ദവിഹാരം ചെയ്തിട്ടുള്ള സാഹിത്യകുശലന്മാരുടെ പ്രൌഢവും സരസവും ആയ കൃതികൾ വായിച്ചിട്ടുള്ളവൎക്ക്, ഇന്നത്തെ പുതുമഴയിലെ തകരകൾപോലെയുള്ള കൃതികൾ വായിക്കുമ്പോൾ ഉണ്ടാകുന്ന ഭാവനയെപ്പററി എന്തുപറയട്ടെ. മിസ്റ്റർ ചന്തുമേനവൻേറയും സി. വി. യുടേയും ചൂ

ടലച്ചാമ്പൽ ഈ തരുണത്തിൽ വല്ലാതെ ചൂടുപിടിച്ചേക്കുമോ എന്നുകൂടി സംശയിക്കുന്നവരും ഇല്ലാതില്ല. കഴമ്പില്ലാത്ത കഥകളും നോവലുകളും എഴുതി സാഹിത്യലോകത്തെ "കളകൾ"കൊണ്ടു് ഇങ്ങിനെ മൂടുന്നതു് ഒരു മാതിരി മഹാപാപംതന്നെയാണ്. ഉൽകൃഷ്ടപരീക്ഷാവിജയമോ, കുലീനത്വമോ ഗ്രന്ഥനിർമ്മിതിയുടെ മാനദണ്ഡങ്ങളല്ല. ആശയപൌഷ്കല്യവും, പ്രകൃതിനിരീക്ഷണശക്തിയും സാമുദായികാചാരങ്ങളിലുള്ള ശരിയായ ബോധവും മററും ഒരു നോവൽകർത്താവിന് അത്യാവശ്യമത്രെ. അവയോടുകൂടാത്തവർ ഗ്രന്ഥനിർമ്മാണത്തിനു ഒരുങ്ങാതിരിക്കയാണു ഭേദം.

ഈ "കോമളം" സമുദായസംസ്കാരപരമായി എഴുതീട്ടുള്ള ഒരു കഥയാണ്. എങ്കിലും സംസ്കാരത്തിൽ അല്പാ ചില കുറവു പലയിടത്തും കാണ്മാനുണ്ടു്. കുഗ്രാമത്തിൽ ജനിച്ചുവളർന്ന കോമളം—പ്രായപൂർത്തിവന്ന കോമളം—കണ്ണടകണ്ടു മുറിമൂക്കാണെന്നു ശങ്കിച്ച കോമളം—അപരിചിതനും സുഭഗനും ആയ ഗംഗാധരൻനായരെ, കണ്ടമാത്രയിൽ ബന്ധനത്തിൽ നിന്നും മോചിപ്പിച്ചതു കുറെ സാഹസമല്ലയോ എന്നു ശങ്കിക്കുന്നവർ ഉണ്ടായേക്കാം. ആശാനു കാമലേഖനമെഴുതാമെന്നുറച്ച കോമളത്തിന്റെ പ്രേമം, കാലവൈപരീത്യംകൊണ്ടെന്നു സമാധാനിക്കാമെങ്കിലും, ഉത്തരക്ഷണത്തിൽതന്നെ അതു ഗംഗാധരൻനായരുടെ നേർക്കു തിരിഞ്ഞുവീണതു സ്ത്രീകളുടെ ചപലമായ മനസ്സിന്റെ സ്ഥിതിയെ പ്രത്യക്ഷമാക്കാനാണെങ്കിൽ, അതു നായികയുടെ അപകർഷത്തിനു കാരണമാക്കീട്ടുണ്ടെന്നുകൂടി പറയേണ്ടിയിരിക്കുന്നു. നായിക രോഗബാധിതയായതും, നായകദർശനത്തിൽ രോഗശമനം വന്നതും, ഗംഗാധരൻനായരെ നാടുവിട്ടോടിച്ചതും മററും വെറും അനുകരണമെന്നല്ലാതെ കഥാഗതിയിൽ അതിനുള്ള രസികത്വം തുലോം കുറവാണ്. കഥയുടെ അവസാനഘട്ടത്തിൽ ശാരദയുടെ മനഃസ്ഥിതിയും ആശാന്റെ മനോഗതിയും പെട്ടെന്നു മാറി അവർ കോമളഗംഗാധരന്മാരെ ഘടിപ്പിക്കുന്നതിനു ശ്രമിക്കുന്നു. ആശാനു കോമളത്തിലും ശാരദക്കു ഗംഗാധരൻനായരിലും വളരെ നാളായി പടർന്നു വേരൂന്നിയിട്ടുള്ള പ്രേമത്തിന്റെ ഗതി, ഇത്ര പെട്ടെന്നു വ്യത്യസ്തപ്പെട്ടതു് അവരുടെ സ്ഥിതിക്കു സ്വാഭാവികമായിരിക്കുന്നുണ്ടോ എന്നു സംശയിക്കുന്നവരും ഉണ്ടായേക്കാം. എന്നാൽ കുളക്കടവിലെ സംഭാഷണങ്ങളും നാരായണൻനായർ തുടങ്ങിയ ചില പാത്രങ്ങളുടെ സൃഷ്ടിയും നാട്ടുംപുറങ്ങളിലെ യഥാർത്ഥനിഴലായിത്തന്നെ ശോഭിക്കുന്നുണ്ടു്. "കുരച്ച്" എന്നുതുടങ്ങിയ പ്രസിദ്ധിഹതങ്ങളായ പ്രയോഗങ്ങളും "പിലയാട്ട്" തുടങ്ങിയുള്ള അശ്ലീലപദങ്ങളും "ചെറുപ്പന്നെ" മുതലായ ദേശ്യപ്രയോഗങ്ങളും അവിടവിടെ കാണ്മാനുണ്ടു്. "ഇതു ഞങ്ങൾക്കല്ലെ അറികയുള്ളു" എന്നിങ്ങിനെയുള്ള ശൈലികളും ഭാഷക്കു ഭൂഷണമല്ല. ഇങ്ങിനെ അവിടവിടെ പല പ്രയോഗവൈകല്യങ്ങൾ കാണ്മാനുണ്ടെങ്കിലും ഭാഷാരീതി പൊതുവിൽ കോമളംതന്നെയാണ്.

## സാമാന്യബോധനോപായങ്ങൾ.

ഗ്രന്ഥകൎത്താവ്: എം. എൻ. കേശവപിള്ള, മെപ്രാൽ (തിരുവല്ല)

വില 0—7—0

വിദ്യാഭ്യാസാഭിവൃദ്ധിയുടെ തോതനുസരിച്ച് അദ്ധ്യാപനം സുകരമാക്കിത്തീൎക്കുന്നതിനു പല പുതിയ രീതികളും ഏതൽകാൎയ്യത്തിൽ പ്രയോജകന്മാരായവരുടെ ഗവേഷണഫലമായി കണ്ടുപിടിക്കുന്നുണ്ട്. എന്നാൽ അവ എവിടേയും എന്നും തുല്യഫലോപേതമായ അവസ്ഥയെ പ്രാപിക്കുമെന്നു പറയാൻ നിവൃത്തിയില്ല. യൂറോപ്യൻഭാഷാപഠനത്തിന് എളുപ്പമായ രീതി നമ്മുടെ ഭാഷക്ക് അത്രതന്നെ യോജിക്കുമോ എന്നും സംശയിക്കുന്നു. പരിതസ്ഥിതികളെ ആശ്രയിച്ചു മനശ്ശക്തികളുടെ സമ്പ്രദായങ്ങളും ഭേദപ്പെടാം. അതിനാൽ അദ്ധ്യാപനരീതികളെ ഇംഗ്ലീഷിൽനിന്ന് അപ്പാടെ പകൎത്തി പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്യുന്നതുകൊണ്ടു വലിയ പ്രയോജനമുണ്ടെന്നുതോന്നുന്നില്ല. ഞങ്ങളുടെ മുൻപിൽ ഇരിക്കുന്ന 'സാമാന്യബോധനോപായങ്ങൾ' ഒരു യഥാൎത്ഥഅദ്ധ്യാപകനായ എം. എൻ. കേശവപിള്ള അവർകൾ സ്വാനുഭവങ്ങളെക്കൂടി അനുസ്പദമാക്കി എഴുതിയിട്ടുള്ളതാകുന്നു. അതിവ്യാപ്തിയോ അവ്യാപ്തിയോ ഈ കൃതിയെ ബാധിച്ചിട്ടില്ലെങ്കിലും ഇതിൽ അവ്യക്തത ധാരാളം കടന്നുകൂടിയിട്ടുണ്ട്. "കാൎയ്യകാരണങ്ങളെ വേണ്ടപോലെ ധരിക്കാത്തപക്ഷം പ്രസ്തുതമായ ഒരു പ്രമാണം ഏതു് ആശയശൃംഖയിൽ ബന്ധിക്കാത്ത മററാരാശയം ക്ഷണഭംഗവുമാണ്." ഇത്യാദി അൎത്ഥശൂന്യങ്ങളായ വാചകങ്ങൾ വായനക്കാരെ ആകൎഷണിപ്പിക്കാൻ പോരാത്തവയല്ല. മനശ്ശാസ്ത്രം, പഞ്ചബോധനഘട്ടങ്ങൾ, ബോധനരീതികൾ, വിഷയസംഘടന, ചോദ്യങ്ങൾ, ഉത്തരങ്ങൾ, സന്മാൎഗ്ഗശിക്ഷണം, കായികവിദ്യാഭ്യാസം എന്നിങ്ങനെ ബോധനാസംബന്ധിച്ച സാമാന്യനിയമങ്ങളെ ഇച്ചെറുഗ്രന്ഥത്തിൽ സ്ഥൂലമായി പ്രതിപാദിച്ചിട്ടുണ്ട്. ഒരു ബോധനരീതിയുടെ ഗുണത്തേയും മഹത്വത്തേയും പററി പ്രതിപാദിക്കുന്നതിനേക്കാൾ ആ രീതിയെ ഏതേതുവിഷയങ്ങൾക്കു യോജിപ്പിക്കാമെന്നും ഏതുപ്രകാരം പിൻതുടരാമെന്നും പ്രസ്താവിക്കുന്നതു് അധികം പ്രയോജനപ്രദമായിരിക്കും. അദ്ധ്യാപനരീതികളെപ്പററി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ മലയാളഭാഷയിൽ തുലോം പരിമിതമായിരിക്കുന്ന സ്ഥിതിക്ക് ഈ സാമാന്യബോധനോപായസൃഷ്ടി അസ്ഥാനത്തിലായിപ്പോയി എന്നു പറയാവുന്നതല്ല. യു. ടി. സി. പരീക്ഷാവിജയകാംക്ഷികളായ അദ്ധ്യാപകന്മാൎക്കു പ്രസ്തുതപുസ്തകം സഹായമായിരിക്കുമെന്നു ഞങ്ങളും അഭിപ്രായപ്പെടുന്നു. അച്ചുപിഴകൾക്കു പരിഹാരമായി ചേൎത്തിട്ടുള്ള ശുദ്ധിപത്രം കേവലം ഒരു ചടങ്ങായി മാത്രമേ വിചാരിക്കാവൂ എന്നു പറയേണ്ടിവന്നതിൽ ഞങ്ങൾക്കു സാമാന്യം കുണ്ഠിതമാണുള്ളതു്.

---